29
വെള്ളി
മേയ് 2020
15 ഇടവം 1196
Vol. 2 Issue No.220

# കേരള പ്രണാമം

സത്യം വദഃ ധർമ്മം ചരഃ

₹ 7.50
പേജ് 12

www.keralapranamam.com
infokeralapranamam@gmail.com

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം **തൃശൂർ** പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

## ജലദോഷ പനി ഉള്ളവർക്കും ഇനി കോവിഡ് ടെസ്റ്റ്

### ഇതുവരെ സമൂഹവ്യാപനമില്ലെന്ന് മുഖ്യമന്ത്രി



**തിരുവനന്തപുരം:** ജലദോഷപനി ഉള്ളവരിലും വരും ദിവസങ്ങളിൽ കൊവിഡ് പരിശോധന നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൊവിഡിന് സമാനമായ ലക്ഷണങ്ങൾ ജലദോഷ പനി ബാധിച്ചവരിലും കാണുന്നതിനാലാണ് ഇത്. ഐ.സി.എം.ആർ മാർഗനിർദേശപ്രകാരമാണ് ജലദോഷപനി ബാധിച്ചവരിൽ കോവിഡ് പരിശോധന നടത്തുന്നത്.

ഐ.സി.എം.ആറിന്റെ മാർഗനിർദേശങ്ങൾ പാലിച്ചുതന്നെയാണ് സംസ്ഥാനത്ത് കോവിഡ് ടെസ്റ്റ് നടത്തുന്നതെന്നും പരിശോധനാകിറ്റുകളുടെ ലഭ്യതക്കുറവു മൂലമാണ് ആന്റിബോഡി ടെസ്റ്റ് വ്യാപകമായി നടത്താൻ കഴിയാതിരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇതുവരെ നടത്തിയ പരിശോധനകളിൽ സമൂഹവ്യാപന സൂചനയില്ല. സെന്റിനൽ സർവൈലൻസ് ടെസ്റ്റ് സംസ്ഥാനത്ത് നല്ല രീതിയിൽ നടത്തുന്നുണ്ടെന്നും ഇതുവഴിയാണ് സമൂഹവ്യാപനം ഇല്ലെന്ന് മനസിലാക്കിയതെന്നും അദ്ദേഹം പറഞ്ഞു. അതേസമയം കേരളത്തിൽ സമൂഹവ്യാപനം ഉണ്ടാകില്ലെന്ന് ഉറപ്പിച്ചു പറയാനാവില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.



## മൃഗമനസ്സെത്ര നിർമ്മലം, മർത്ത്യനാണ് വൃത്തികേടുള്ളിൽ...


**തിരുവനന്തപുരം:** മർത്ത്യനാണ് വൃത്തികേടുള്ളിൽ... മൃഗമനസ്സെത്ര നിർമ്മലം...വൈലോപ്പിള്ളിയുടെ വരികളാണ് ഓർമ്മ വരിക. ഈ കാഴ്ച കാണുമ്പോൾ... വെള്ളം നിറഞ്ഞ റോഡിലൂടെ ചെറു പുഞ്ചിരിയുമായി നടന്നു വരുന്ന പെൺകുഞ്ഞ്... അവൾക്ക് കരുതലായി പിറകെ ഒരാന. സാമൂഹ്യ മാദ്ധ്യമങ്ങളിൽ വൈറലായിക്കൊണ്ടിരിക്കുന്ന വീഡിയോയിലെ ദൃശ്യങ്ങളാണിവ. ഇപ്പോൾ മലയാളികളുടെ ഫേസ്ബുക്ക് പേജിലും വാട്ട്സ് ആപ്പ് സ്റ്റാറ്റസിലുമൊക്കെ നിറഞ്ഞു നിൽക്കുകയാണ് ഈ വീഡിയോ.

തന്റെ പ്രണയപാതിയെപ്പോലും വിഷപ്പാമ്പിനെക്കൊണ്ട് കൊത്തിച്ചും കൊത്തിനുറുക്കിയും പെട്രോളൊഴിച്ച് കത്തിച്ചുമൊക്കെ കൊലചെയ്യുന്ന മനുഷ്യർക്കിടയിൽ ഈ ആന നമ്മെ പഠിപ്പിക്കുന്നത് സ്നേഹത്തിന്റെയും കരുതലിന്റേയും പാഠങ്ങൾ...

വീഡിയോ കാണുന്ന എല്ലാവരിലും ഏതാണ് ആ ആനയെന്ന് അറിയാൻ ഒരു ആകാംക്ഷ ഉണ്ടാകും. ഉമാദേവി എന്നാണ് ഈ ആനയുടെ പേര്. തിരുവനന്തപു രം കൊഞ്ചിറവിളയിലുള്ള ഉമാ മഹേശ്വര മഠത്തിലെ ആനയാണ് ഉമാദേവി. തിരുമേനിയുടെ മകളാണ് ഭാമ. ആനയും ഭാമയും തമ്മിൽ നല്ല അടുപ്പമാണ്.

സ്വന്തം കുഞ്ഞിനെ പോലെയാണ് ഭാമയെ ഉമ നോക്കുന്നത്. അമ്മയ്ക്ക് മകളോട് ഉള്ളതെന്ന് പോലെയുള്ള കരുതലും സ്നേഹവും.

# പിടി വിടുന്നില്ല 84



## പേർക്ക് കൂടി കോവിഡ്

## ഹോട്ട് സ്പോട്ടുകൾ 8 2

## തെലങ്കാന സ്വദേശി മരിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നലെ 84 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. ഒരാൾ മരിക്കുകയും മൂന്നുപേർ രോഗമുക്തി നേടുകയും ചെയ്തു.

ഇന്നലെ ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട ദിനമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കാസർകോഡ് 18, പാലക്കാട് 16, കണ്ണൂർ 10, മലപ്പുറം 8, തിരുവനന്തപുരം 7, തൃശൂർ 7, കോഴിക്കോട് 6, പത്തനംതിട്ട 6, കോട്ടയം 3, കൊല്ലം 1, ഇടുക്കി 1, ആലപ്പുഴ 1 എന്നിങ്ങനെയാണ് രോഗബാധിതരുടെ കണക്ക്.

കോവിഡ് ബാധിച്ച് സംസ്ഥാനത്ത് ഇന്ന് ഒരാൾ മരിക്കുകയും ചെയ്തു. തെലങ്കാന സ്വദേശി അഞ്ജയ് ആണ് മരിച്ചത്. അഞ്ജയും കുടുംബവും കഴിഞ്ഞ 22ന് രാജസ്ഥാനിൽ നിന്നുള്ള ട്രെയിനിൽ തെറ്റിക്കയറി തിരുവനന്തപുരത്ത് എത്തുകയായിരുന്നു.

മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലുള്ള ഓരോരുത്തരുടെ പരിശോധനാ ഫലം മാത്രമാണ് നെഗറ്റീവായത്.

പുതുതായി ആറ് പ്രദേശങ്ങളെ കൂടി ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ചു. കാസർകോട് 3, പാലക്കാട് രണ്ട് പഞ്ചായത്തുകൾ, കോട്ടയത്തെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി എന്നിവയാണ് പുതിയ ഹോട്ട്സ്പോട്ടുകൾ. ഇതോടെ സംസ്ഥാനത്തെ ആകെ ഹോട്ട്സ്പോട്ടുകളുടെ എണ്ണം 82 ആയി ഉയർന്നു.

ഏറ്റവും കൂടുതൽ ആളുകൾ വൈറസ് ബാധിച്ച് ചികിത്സയിലുള്ളത് പാലക്കാട് ജില്ലയിലാണ് 105 പേർ. കണ്ണൂരിൽ 93 പേരും കാസർകോട് 63 പേരും മലപ്പുറത്ത് 52 പേരും ചികിത്സയിലുണ്ട്.

ഇന്നലെ രോഗം പിടിപ്പെട്ടവരിൽ 5 പേർ ഒഴികെ മറ്റുള്ളവർ സംസ്ഥാനത്തിന് പുറത്ത് നിന്നെത്തിയവരാണ്. 31 പേർ വിദേശത്ത് നിന്നും 48 പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമെത്തി. ഇതോടെ ആകെ കൊവിഡ് ബാധിച്ചവരുടെ എണ്ണം 1088 ആയി വർധിച്ചു. 526 പേർ നിലവിൽ ചികിത്സയിൽ തുടരുകയാണ്. 115297 പേർ നിരീക്ഷണത്തിലുണ്ട്. 114305 പേർ വീടുകളിലും 992 പേർ ആശുപത്രികളിലുമാണ് .

## കുടിയേറ്റ തൊഴിലാളികളിൽ നിന്ന് യാത്രക്കൂലി ഈടാക്കരുത്; ഭക്ഷണം ഉറപ്പു വരുത്തണം: സുപ്രീം കോടതി



**ന്യൂഡൽഹി:** ലോക്ക് ഡൗണിൽ കുടിയേറ്റ തൊഴിലാളികളിൽ നിന്ന് യാത്രക്കൂലി ഈടാക്കരുതെന്നും നാട്ടിലേക്ക് മടങ്ങുന്നവർക്ക് ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും സുപ്രീം കോടതി ഇടക്കാല ഉത്തരവിൽ വ്യക്തമാക്കി.

യാത്രക്കൂലി കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കൊപ്പം റെയിൽവേ കൂടി വഹിക്കണമെന്നും കോടതി നിർദേശിച്ചു. തൊഴിലാളികൾ യാത്രയാരംഭിക്കുന്ന സംസ്ഥാനത്തിനായിരിക്കും ആദ്യ ദിവസത്തെ ഭക്ഷണം നൽകാനുള്ള ഉത്തരവാദിത്തം. മറ്റു ദിവസങ്ങളിലെ ഭക്ഷണക്കാര്യം റെയിൽവേ ശ്രദ്ധിക്കണമെന്നും ഉത്തരവിൽ പറയുന്നു.

കുടിവെള്ളം ഉൾപ്പെടെയുള്ള കാര്യങ്ങൾ സംസ്ഥാനങ്ങളും റെയിൽവേയും നൽകണം. ജസ്റ്റിസ് അശോക് ഭൂഷണിന്റെ അധ്യക്ഷതയിലുള്ള ബഞ്ചിന്റെതാണ് വിധി. ജസ്റ്റിസുമാരായ അശോക് ഭൂഷൺ, സഞ്ജയ് കിഷൻ കൗൾ, എം ആർ ഷാ എന്നിവർ ബഞ്ചിൽ അംഗങ്ങളാണ്.

കുടിയേറ്റ തൊഴിലാളികളിലാരെങ്കിലും നടന്നുപോകുന്നത് ശ്രദ്ധയിൽ പെട്ടാൽ അവരെ സമീപത്തുള്ള ക്യാമ്പുകളിലേക്ക് മാറ്റണം. അവിടെ നിന്നും സുരക്ഷിതമായി വീടുകളിലേക്കെത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും കോടതി കേന്ദ്ര, സംസ്ഥാന സർക്കാറുകൾക്ക് നിർദേശം നൽകി. സ്വന്തം നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നവർക്കുള്ള രജിസ്ട്രേഷൻ എത്രയും വേഗത്തിലാക്കണം. യാത്ര ചെയ്യാനുള്ള ട്രെയിനുകളുടെ എണ്ണം വർധിപ്പിക്കണം.

മെയ് ഒന്ന് മുതൽ 91 ലക്ഷം കുടിയേറ്റത്തൊഴിലാളികളെ ശ്രമിക് ട്രെയിനുകളിൽ വിവിധ സംസ്ഥാനങ്ങളിലേക്ക് തിരിച്ചെത്തിച്ചുവെന്ന് കേന്ദ്രം സുപ്രീം കോടതിയെ അറിയിച്ചു. തൊഴിലാളികളെ സ്വന്തം നാടുകളിൽ തിരിച്ചെത്തിക്കാനുള്ള നടപടികൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു.



## എം പി വീരേന്ദ്രകുമാർ അന്തരിച്ചു

**കോഴിക്കോട്:** മുൻ കേന്ദ്രമന്ത്രിയും എംപിയും മാതൃഭൂമി എംഡിയുമായ എം പി വീരേന്ദ്രകുമാർ അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് കോഴിക്കോട്ട് സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.

1987ൽ കേരള നിയമസഭാംഗവും വനംവകുപ്പ് മന്ത്രിയുമായി. 48 മണിക്കൂറിനുള്ളിൽ മന്ത്രിസ്ഥാനം രാജിവെക്കുകയായിരുന്നു. കേന്ദ്രമന്ത്രിസഭയിൽ ധനകാര്യ സഹമന്ത്രിയും പിന്നീട് തൊഴിൽ വകുപ്പിന്റെ സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിയുമായി. അടിയന്തരാവസ്ഥ കാലത്ത് ജയിൽവാസമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: ഉഷ വീരേന്ദ്രകുമാർ. മക്കൾ: ആഷ, നിഷ, ജയലക്ഷ്മി, എം.വി. ശ്രേയാംസ്കുമാർ(ജോയിന്റ് മാനേജിങ് ഡയറക്ടർ, മാതൃഭൂമി).

ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ, പിടിഐ ഡയറക്ടർ, പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ട്രസ്റ്റി, ഇന്റർനാഷണൽ പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് മെമ്പർ, കോമൺവെൽത്ത് പ്രസ് യൂണിയൻ മെമ്പർ,വേൾഡ് അസോസിയേഷൻ ഓഫ് ന്യൂസ് പേപ്പേഴ്സ് എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ, ജനതാദൾ(യു) സ്റ്റേറ്റ് കമ്മറ്റി പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

ഹൈമവതഭൂവിൽ എന്ന കൃതിക്ക് 2010ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും 2016ൽ മൂർത്തീദേവി പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ആമസോണും കുറേ വ്യാകുലതകളും എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ഗാട്ടും കാണാച്ചരടുകളും, രാമന്റെ ദുഃഖം തുടങ്ങിയവ പ്രധാനകൃതികളാണ്. ഓടക്കുഴൽ പുരസ്കാരം, സി. അച്യുതമേനോൻ പുരസ്കാരം, വയലാർ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങളും അദ്ദേഹത്തെതേടിയെത്തി. സംസ്കാരം ഇന്ന് കല്പറ്റയിൽ നടക്കും.

### ആശാൻ

ചതിച്ചാൽ പാർട്ടി ദ്രോഹിക്കും; അത് നാക്കു പിഴയെന്ന് പി.കെ.ശശി



മൊത്തത്തിൽ പിഴവാണല്ലോ

## നരേന്ദ്രമോദിയുടെ പുസ്തകം അമ്മയ്ക്കുള്ള കത്തുകൾ പ്രസിദ്ധീകരണത്തിനൊരുങ്ങുന്നു

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 'അമ്മയ്ക്കുള്ള കത്തുകൾ' എന്ന പുസ്തകം പ്രസിദ്ധീകരണത്തിനൊരുങ്ങുന്നതായി റിപ്പോർട്ട്. പുസ്തകം ജൂണിൽ പുറത്തിറങ്ങിയേക്കും. ഹാർപ്പർ കോളിൻസാണ് പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

കുട്ടികാലത്ത് തന്നെ എല്ലാ ദിവസവും രാത്രി ജഗത് ജനനിയായ അമ്മക്ക് കത്തെഴുതുന്ന ശീലം നരേന്ദ്രമോദിക്കുണ്ടായിരുന്നുവെന്നാണ് റിപ്പോർട്ട്.

എന്നാൽ കുറച്ച് ദിവസങ്ങൾ കഴിയുമ്പോൾ ഇവ കത്തിച്ച് കളയുകയും ചെയ്യും. അത്തരത്തിൽ എഴുതിയ കത്തുകളടങ്ങിയ ഡയറികളിലൊന്ന് കത്തിക്കാതെ അവശേഷിച്ചിരുന്നു. ഈ കത്തുകളാണ് ഇപ്പോൾ പുസ്തക രൂപത്തിലാക്കുന്നത്. 1986 ലാണ് ഈ ഡയറി എഴുതിയിരിക്കുന്നത്.


സങ്കടങ്ങളും ക്ഷണികമായ സന്തോഷങ്ങളും നീണ്ടുനിൽക്കുന്ന ഓർമകളുമൊക്കെയാണ് അദ്ദേഹത്തിന്റെ ഡയറിയിലെ വിഷയങ്ങളെന്ന്



വരാനിരിക്കുന്ന 'അമ്മയ്ക്ക് കത്തുകൾ' എന്ന പുസ്തകത്തിന്റെ പ്രസാധകനായ ഹാർപ്പർ കോളിൻസ് പറയുന്നു.

പത്മശ്രീ പുരസ്കാര ജേതാവും നിരവധി പുസ്തകങ്ങളുടെ രചയിതാവുമായ ഭാവന സോമയ്യയാണ് പുസ്തകം വിവർത്തനം ചെയ്യുന്നത്.എന്നാൽ ഇത് ഒരിക്കലും സാഹിത്യ രചനക്കുള്ള ശ്രമമല്ലെന്നും തന്റെ നിരീക്ഷണങ്ങളുടേയും പ്രോസസ് ചെയ്യാത്ത ചിന്തകളുടേയും പ്രതിഫലനമാണെന്നും പ്രധാനമന്ത്രി പറഞ്ഞതായി ഹാർപ്പർ കോളിൻസ് പറയുന്നു.

'ഞാനൊരു എഴുത്തുകാരനല്ല. നമ്മളിൽ പലരും അങ്ങനെയല്ല. എന്നാൽ എല്ലാവരും അതിന് വേണ്ടി ശ്രമിക്കുന്നവരാണ്. ചില കാര്യങ്ങൾ പുറത്ത് പറയണമെന്ന ത്വര അതിശക്തമാവുമ്പോൾ പേനയും പേപ്പറും എടുക്കുകയല്ലാതെ മറ്റ് മാർഗങ്ങളില്ല. എഴുതുകയല്ല. മറിച്ച് ഹൃദയത്തിനും തലച്ചോറിനും ഇടയിൽ എന്താണോ നടക്കുന്നത് അത് ആത്മ പരിശോധന നടത്തുകയും അനാവരണം ചെയ്യുകയുമാണ്. ' പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.



**ഇന്ത്യയിൽ**
രോഗികൾ 1,58,333
മരണം 4,531

**ലോകത്ത്**
രോഗികൾ 57,90,103
മരണം 3,57,342

# പായസം ഉണ്ടാക്കിയത് അമ്മ; അതിൽ മയക്ക് മരുന്ന് ചേർത്ത് ഭാര്യക്ക് കൊടുത്തത് മകനും

## ■ ഗൂഢാലോചനയിൽ രേണുകയേയും സംശയം
## ■ ഉത്രാ കൊലക്കേസ് ആസൂത്രണത്തിൽ നിറയുന്നത് പണത്തോടുള്ള ആർത്തി

**കൊല്ലം:** ഉത്രകൊലക്കേസിലെ മുഖ്യ പ്രതി സൂരജിന്റേയും കുടുംബാഗങ്ങളുടേയും നീക്കങ്ങളെല്ലാം നിയമോപദേശത്തിന്റെ പിൻബലത്തിലെന്ന് സൂചന. കരിമൂർഖനെ സൂരജിന് നൽകിയതിന് വ്യക്തമായ തെളിവുണ്ട്. ഉത്രയുടെ പാമ്പു കടിയുടെ ശാസ്ത്രീയ തെളിവുകളും പൊലീസിന് കിട്ടിക്കഴിഞ്ഞു. എന്നിട്ടും പരസ്യമായി സൂരജ് പൊലീസിനെ കുറ്റപ്പെടുത്തുന്നതിന് കാരണം അഭിഭാഷകന്റെ ഉപദേശ പ്രകാരമെന്നാണ് സൂചന. ഇതിനുള്ള തെളിവും പൊലീസിന് കിട്ടിക്കഴിഞ്ഞു. ഉത്രയുടെ മരണത്തിന് ശേഷം കുട്ടിയെ സ്വന്തമാക്കിയതുൾപ്പെടെ ഇത്തരം ഉപദേശത്തിന്റെ ഭാഗമാണെന്നാണ് വിലയിരുത്തൽ.

### ആദ്യതവണ പായസത്തിൽ, പിന്നെ ജ്യൂസിൽ

അതിനിടെ പൊലീസിന്റെയും ഉത്രയുടെയുടെയും സംശയങ്ങൾ ബലം നൽകുന്ന മൊഴിയാണ് സൂരജ് ഇപ്പോൾ നൽകിയിരിക്കുന്നത്. ഉത്രക്ക് ഉറങ്ങുന്നതിന് മുൻപ് ജ്യൂസിൽ മയക്കുമരുന്ന് ചേർത്ത് നൽകിയെന്നാണ് സൂരജ് നൽകിയ മൊഴി. മാർച്ച് രണ്ടിന് സൂരജിന്റെ അടൂരുള്ള വീട്ടിൽ വെച്ച് ആദ്യമായി പാമ്പ് കടിയേറ്റ ദിവസം സൂരജിന്റെ അമ്മ രേണുക ഉണ്ടാക്കിയ പായസത്തിൽ മയക്കുമരുന്ന് ചേർത്ത് നൽകിയെന്നും അതിന് ശേഷം രാത്രി ഉത്രയെ അണലിയെ കൊണ്ട് കടിപ്പിച്ചുവെന്നുമാണ് സൂരജ് ക്രൈംബ്രാഞ്ച് സംഘത്തിന് നൽകിയ മൊഴി. അണലിയെ പ്രകോപിപ്പിച്ചാണ് ഉത്രയെ കടിപ്പിച്ചതെന്നും സൂരജ് സമ്മതിച്ചു. ഈ മൊഴികളിൽ വലിയ ഗൂഢാലോചനയാണ് തെളിയുന്നത്. വെറും സാധാരണ ദിവസമാണ് മാർച്ച് രണ്ട്. ഈ ദിവസം എന്തിന് സൂരജിന്റെ വീട്ടിൽ പായസം വച്ചുവെന്നതാണ് ഉയരുന്ന ചോദ്യം.

ഉത്രയെ വിഷം കുടിപ്പിക്കാനുള്ള തന്ത്രമായി ഈ പായസം വയ്ക്കലിനെ വിലയിരുത്തുന്നുണ്ട്. അതായത് മകന്റെ ഭാര്യയെ മയക്കു മരുന്ന് കൊടുത്ത് മയക്കി പാമ്പിനെ കൊണ്ട് കടിപ്പിക്കാനുള്ള നീക്കത്തിൽ കുടുംബത്തിലെ ചിലർക്കും പങ്കുണ്ടെന്ന സംശയമാണ് സജീവമാകുന്നത്. സൂരജിന്റെ അമ്മയാണ് പായസം ഉണ്ടാക്കിയത്. ഇതോടെ സംശയം അമ്മയുടെ മേലും എത്തുകയാണ്.

### രണ്ടാം തവണ മയക്കുമരുന്നിന്റെ ഡോസ് കൂട്ടി

മെയ് ആറിന് രാത്രി ഉത്രയുടെ വീട്ടിൽ വെച്ച് ജ്യൂസിൽ മയക്കുമരുന്ന് പൊടിച്ചു ചേർത്ത് നൽകിയെന്നാണ് സൂരജ് മൊഴി നൽകിയിരിക്കുന്നത്. ഇത്തവണ മരുന്നിന്റെ ഡോസ് കൂട്ടിയാണ് നൽകിയത്. ഉത്ര ഉറങ്ങിയെന്ന് ബോധ്യമായതോടെ കരിമൂർഖനെ ശരീരത്തിലേക്ക് കുടഞ്ഞിട്ട് കടിപ്പിക്കുകയായിരുന്നു. സൂരജ് മരുന്ന് വാങ്ങിയ കടയിൽ പൊലീസെത്തി തെളിവെടുപ്പ് നടത്തി. സൂരജിന് സുരേഷ് പാമ്പിനെ കൈമാറിയത് ഏനാത്ത് പഴയ ചന്തമുക്ക് ജംഗ്ഷനിലുള്ള പെട്ടിക്കടയ്ക്ക് സമീപത്ത് വച്ചായിരുന്നു. ഏപ്രിൽ 24 ന് ഉച്ചയ്ക്ക് ഒരുമണിക്ക് ബൈക്കിൽ എത്തിയ സൂരജിന് സ്കൂട്ടറിൽ എത്തിയ സുരേഷ് പാമ്പിനെ കൈമാറി. ലോക്ക്ഡൗണിൽ കടയടച്ചിരുന്നതിനാൽ ഇവിടുത്തെ നിരീക്ഷണ ക്യാമറ പ്രവർത്തിക്കാതിരുന്നതിനാൽ ദൃശ്യങ്ങൾ റെക്കോഡ് ചെയ്യപ്പെട്ടില്ല.

അതേസമയം മകൾ ഭർത്തൃവീട്ടിൽ ശാരീരികവും മാനസീകവുമായി അനേകം പീഡനങ്ങൾ നേരിട്ടെങ്കിലും വിവാഹബന്ധം വേർപെടുത്തുന്നതിനെ കുറിച്ച് ആലോചിച്ചിരുന്നില്ലെന്നാണ് ഉത്രയുടെ പിതാവ് പറയുന്നത്. എന്നാൽ വിവാഹമോചനം ഭയന്നാണ് സൂരജ് കൃത്യം ആസൂത്രണം ചെയ്തതെന്നാണ് പൊലീസ് ഭാഷ്യം. മയക്കുമരുന്നോ മറ്റോ നൽകിയതുകൊണ്ടാണോ പാമ്പുകടിയേറ്റിട്ടും ഉത്ര പ്രതികരിക്കാതിരുന്നതെന്ന് പൊലീസ് അന്വേഷിക്കുന്നതിനിടെയാണ് സൂരജ് തന്നെ മയക്കുമരുന്ന് വിവരം പറയുന്നത്. ഉത്രയുടെആന്തരാവയവങ്ങളുടെ രാസപരിശോധനാഫലം ലഭിച്ചാലേ ഇനി പൊലീസ് അന്വേഷണം മുന്നോട്ടുനീങ്ങൂ.



### ജാമ്യത്തിനായി ഹൈക്കോടതിയെ സമീപിക്കാൻ നീക്കം

**പത്തനംതിട്ട:** ഉത്ര വധക്കേസിൽ അറസ്റ്റിലായ സൂരജിന്റെ ജാമ്യത്തിനായി ഹൈക്കോടതിയെ സമീപിക്കാൻ കുടുംബത്തിന്റെ നീക്കം. മജിസ്ട്രേറ്റ് കോടതിയെ സമീപിച്ചാൽ ജാമ്യാപേക്ഷ തള്ളുമെന്ന സാധ്യത മുന്നിൽക്കണ്ടാണ് ഹൈക്കോടതിയെ സമീപിക്കാൻ നീക്കം.

അതിനിടെ, അറസ്റ്റിലാകുന്നതിന് മുമ്ബ് സൂരജ് അഭിഭാഷകരെ സന്ദർശിച്ചതായി സൂചനയുണ്ട്. അറസ്റ്റിലാകുന്നതിന് തലേ ദിവസം പറക്കോട്ടെ അഭിഭാഷകന്റെ വീട്ടിലെത്തി ഏറെനേരം കാര്യങ്ങൾ ചർച്ച ചെയ്തുവത്രേ. കഴിഞ്ഞ ദിവസം തെളിവെടുപ്പിനിടെ സൂരജ് പോലിസിനെതിരേ ചില ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. തെളിവുകൾ കൃത്രിമമായി ചമച്ചതാണെന്നും ഉപദ്രവിച്ചെന്നുമായിരുന്നു ആരോപണം. ഇതെല്ലാം നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണെന്നാണ് സൂചന.

നാല് ദിവസത്തേക്കാണ് കോടതി പ്രതികളെ പോലീസ് കസ്റ്റഡിയിൽ വിട്ടത്. കഴിഞ്ഞദിവസം അടൂർ പറക്കോട്ടെ വീട്ടിലും ഏനാത്തും ഇവരുമായി പോലിസ് തെളിവെടുപ്പ് നടത്തിയിരുന്നു. ഉത്രയുടെ സ്വർണം സൂക്ഷിച്ചിരുന്ന ലോക്കർ പരിശോധിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും ബാങ്കിന്റെ ആസ്ഥാനത്ത് നിന്ന് നിയമപ്രകാരമുള്ള അനുമതി ലഭിക്കാത്തതിനാൽ നടന്നില്ല.

### തുടക്കംമുതലേ മാനസികമായും ശാരീരികമായും പീഡിപ്പിച്ചു

ഉത്രയെ കൊത്തിയതെന്നു സംശയിക്കുന്ന പാമ്പിന്റെ വിഷപ്പല്ലും മാംസഭാഗങ്ങളും രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. പാമ്പിന്റെ ഡി.എൻ.എ. പരിശോധനയും നടത്തും. ഒരുവർഷമായി സൂരജ് ഉപയോഗിച്ചിരുന്ന ഫോൺ നമ്പറുകൾ പരിശോധിക്കാനും അന്വേഷണസംഘം തീരുമാനിച്ചു. കുറ്റകൃത്യത്തിൽ സൂരജിന്റെ സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും പങ്കുണ്ടോയെന്ന് അന്വേഷിച്ചുവരുകയാണ്.

ഉത്രയെ മാനസികമായും ശാരീരികമായും പീഡിപ്പിച്ചിരുന്നെന്നും സൂരജ് സമ്മതിച്ചു. 2018 മാർച്ച് 26നായിരുന്നു വിവാഹം. മാസങ്ങൾക്കകം അസ്വാരസ്യങ്ങളാരംഭിച്ചു. കഴിഞ്ഞ ജനുവരിയിൽ ദമ്പതികൾ തമ്മിൽ അടൂരിലെ വീട്ടിൽ വഴക്കുണ്ടായി. വിവരമറിഞ്ഞ് ഉത്രയുടെ പിതാവ് വിജയസേനനും സഹോദരപുത്രൻ ശ്യാമും അടൂരിലെത്തി. ഉത്രയെ വീട്ടിലേക്കു കൊണ്ടുപോവുകയായിരുന്നു.വിവാഹമോചനത്തിനാണ് ഭാര്യവീട്ടുകാർ പ്ലാൻ ചെയ്യുന്നതെന്ന് ധരിച്ച സൂരജ് സ്ത്രീധനമായി ലഭിച്ച 96 പവൻ, അഞ്ചുലക്ഷം രൂപ, കാർ എന്നിവയും 3.25 ലക്ഷം രൂപയുടെ പിക്കപ് ഓട്ടോയും മടക്കിനൽകേണ്ടിവരുമെന്ന് ഭയപ്പെട്ടു. കൊലപാതകം ആസൂത്രണം ചെയ്യാനുള്ള കാരണം ഇതായിരുന്നു.



## ബെവ്ക്യൂ ആപ്പ് വഴി മദ്യം വാങ്ങിയത് രണ്ടേകാൽ ലക്ഷം പേർ

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നലെ ബെവ് ക്യൂ ആപ്പ് ഉപയോഗിച്ച് 2.25 ലക്ഷം പേർ മദ്യം വാങ്ങിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

വെർചൽ ക്യൂ നടപ്പിലാക്കിയാണ് മദ്യവില്പന പുനരാരംഭിച്ചത്.ആദ്യ ദിവസത്തെ ചില സാങ്കേതിക തടസമുണ്ടായിട്ടുണ്ട്. ഇത് പരിഹരിച്ച് മുന്നോട്ട് പോവുമെന്ന് എക്സൈസ് വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രസർക്കാർ നിശ്ചയിച്ച കോവിഡ് മാർഗ നിർദേശം പാലിച്ച് തന്നെയാണ് ഇന്ന് മദ്യവിൽപ്പന നടന്നതെന്നും പിണറായി വിജയൻ പറഞ്ഞു.

അതേസമയം ബെവ്ക്യൂ വ്യാജ ആപ്പ് നിർമിച്ച് പ്ലേസ്?റ്റോറിൽ അപ്ലോഡ് ചെയ്തവർക്കെതിരേ ജാമ്യമില്ലാ കുറ്റം ചുമത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പൊലീസ് ആസ്ഥാനത്തെ ഹൈടെക് സെല്ലിനായിരിക്കും അന്വേഷണ ചുമതല. ഇത്തരം പ്രവർത്തനങ്ങൾ അംഗീകരിക്കാൻ കഴിയില്ല.

ക്വാറന്റൈൻ ലംഘിച്ച ആറ് പേർക്കെതിരേ ഇന്ന് സംസ്ഥാനത്ത് കേസെടുത്തിട്ടുണ്ട്. മാസ്ക് ധരിക്കാത്ത 3251 പേർക്കെതിരെയും നടപടിയെടുത്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## ആപ്പിന് കിക്കായി കുടിയന്മാർ ഫ്ളാറ്റായി



**തിരുവനന്തപുരം:** മദ്യവിൽപ്പനയ്ക്ക് തിരക്കൊഴിവാക്കാൻ ഏർപ്പെടുത്തിയ ബെവ് ക്യു ആപ്പിൽ ആകെ ആശയക്കുഴപ്പം. കാത്തുകാത്തിരുന്നു വന്ന ആപ്പ് പൊല്ലാപ്പാകുന്ന കാഴ്ചയാണ് സംസ്ഥാനത്ത് പലയിടത്തും രാവിലെ മുതൽ കണ്ടത്. ക്യൂവിൽ നിൽക്കുന്നവരെ ടോക്കൺ നമ്പർ നൽകി അഞ്ചു പേരെ വീതമാണ് ഔട്ട്ലെറ്റുകളിലേക്ക് കടത്തിവിട്ടത്. വൈകിട്ട് അഞ്ചു മണിവരെയായിരുന്നു വിൽപ്പന. തിരക്ക് കൂടിയതോടെ വിൽപ്പനയ്ക്കുള്ള ബുക്കിംഗ് നേരത്തെ അവസാനിച്ചു.

ബെ്വ്കോ കൺസ്യൂമർഫെഡ് മദ്യവിൽപ്പനശാലകൾ എല്ലാം രാവിലെ ഒമ്പത് മണിക്ക് തന്നെ തുറന്നിരുന്നു. രാവിലെ മുതൽ ടോക്കണുകളുമായി മദ്യശാലകൾക്കു മുന്നിൽ ഉപഭോക്താക്കളുടെ നിര പ്രത്യക്ഷപ്പെട്ടിരുന്നു. മൊബൈലിലെ ക്യൂ ആർ കോഡ് സ്കാൻ ചെയ്യാൻ കഴിയാത്തത് പലരേയും ചുറ്റിച്ചു. ഒടുവിൽ ക്യൂ ആർ കോഡിന്റെ ചിത്രം മൊബൈലിൽ എടുത്തും ടോക്കൺ നമ്പർ രേഖപ്പെടുത്തിയും ടോക്കൺ സമയം പരിശോധിച്ച ശേഷവുമാണ് മദ്യം നൽകിയത്. ബാറുടമകൾക്ക് ടോക്കൺ പരിശോധനയ്ക്ക് യൂസർ നെയിമും പാസ്വേർഡും ലഭിക്കാത്തതും പ്രതിസന്ധി സൃഷ്ടിച്ചു. ആപ്പ് ഡൗൺലോഡ് ചെയ്യുന്നവർക്ക് പലർക്കും ഒ.ടി.പി നമ്പർ കിട്ടുന്നില്ല.

കണ്ണൂരിൽ ക്വാറന്റൈൻ കേന്ദ്രങ്ങളായ ഹോട്ടലുകൾക്കും ബെവ് ക്യൂ വഴി മദ്യവിൽപ്പനയ്ക്ക് അനുമതി ലഭിച്ചതായി റിപ്പോർട്ടുണ്ട്. ടോക്കൺ ലഭിച്ചവർ മദ്യത്തിനായി ഹോട്ടലുകൾക്ക് മുന്നിൽ എത്തിയതോടെ നീണ്ട ക്യൂ ആണ് ഇവിടെ പ്രത്യക്ഷപ്പെട്ടത്. എന്നാൽ മദ്യവിൽപ്പനയ്ക്ക് പിന്നീട് കലക്ടർ അനുമതി നിഷേധിച്ചു.



## വിയറ്റ്നാമിൽനിന്ന് 1100 വർഷം പഴക്കമുള്ള ശിവലിംഗം

**വിയറ്റ്നാം:** വിയറ്റ്നാമിലെ ലോക പൈതൃക പട്ടികയിൽ ഇടംപിടിച്ച ആരാധനാലയമായ മൈസൺ ആരാധനാലയത്തിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കിടയിൽ ഇന്ത്യൻ പുരാവസ്തു ഗവേഷണ സംഘം ഉൾപ്പെട്ട സംയുക്ത സംഘം 1100 വർഷം പഴക്കമുള്ള ശിവലിംഗം കണ്ടെത്തി. വിദേശകാര്യ മന്ത്രി എസ്.ജയശങ്കറാണ് ഇതിന്റെ ചിത്രങ്ങൾ പങ്കുവെച്ചത്. ഒറ്റക്കല്ലിൽ തീർത്ത ശിവലിംഗമാണിത്.

നാലാം നൂറ്റാണ്ടു മുതൽ ഈ ഭാഗം ഭരിച്ചിരുന്ന ചമ്ബാ സാമ്രാജ്യത്തിലെ രാജാക്കന്മാർ പണികഴിപ്പിച്ചതാണ് ഈ ആരാധനാലയങ്ങൾ.

# ഇന്ത്യ ചൈന സംഘർഷം ഒഴിവാക്കണം

## മദ്ധ്യസ്ഥത വഹിക്കേണ്ടത് ആരെന്ന് ഇരുരാജ്യങ്ങൾക്കും തീരുമാനിക്കാം:ഐക്യരാഷ്ട്രസഭ

**ന്യൂയോർക്ക്:** ഇന്ത്യയും ചൈനയും തമ്മിൽ ഉടലെടുത്തിരിക്കുന്ന സംഘർഷഭരിതമായ സാഹചര്യം ഒഴിവാക്കണമെന്ന് ഐക്യരാഷ്ട്രസഭ ഇരു രാജ്യങ്ങളോടും ആവശ്യപ്പെട്ടു. സംഘർഷം വർദ്ധിക്കുന്ന തരത്തിൽ യാതൊരു നടപടിയും ഇരുഭാഗത്തുനിന്നും ഉണ്ടാകരുതെന്നും ഇരുരാജ്യങ്ങൾക്കും താത്പര്യമുള്ള ആളിനെ മദ്ധ്യസ്ഥനായി ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണമെന്നും ഐക്യരാഷ്ട്ര സഭ ജനറൽ സെക്രട്ടറി ഗുട്ടെറസ് പറഞ്ഞു.

ആരാണ് മദ്ധ്യസ്ഥത വഹിക്കേണ്ടതെന്ന് ഇരുരാജ്യങ്ങൾക്കും തീരുമാനിക്കാം. സ്ഥിതിഗതികൾ നിരീക്ഷിച്ച് വരികയാണെന്നും കൂടുതൽ പിരിമുറുക്കമുണ്ടാക്കുന്ന നടപടികളിൽ നിന്ന് വിട്ടുനിൽക്കണമെന്ന് എല്ലാ കക്ഷികളോടും അഭ്യർത്ഥിക്കുന്നുവെന്നും ഐക്യരാഷ്ട്രസഭ വക്താവ് സ്റ്റീഫൻ ഡുജാറിക് പറഞ്ഞു. ഇന്ത്യയും ചൈനയും തമ്മിലുള്ള തർക്കത്തിന് മദ്ധ്യസ്ഥത വഹിക്കാമെന്ന് ഡൊണാൾഡ് ട്രംപ് അറിയിച്ചതിന് പിന്നാലെയാണ് ഐക്യരാഷ്ട്രസഭയുടെ പ്രസ്താവന പുറത്തുവന്നിരിക്കുന്നത്.

## തെലങ്കാനയിൽ ഈ മാസം സർക്കാർ ഉദ്യോഗസ്ഥർക്ക് ശമ്പളം പകുതി മാത്രം

**ഹൈദരാബാദ്:** തെലങ്കാനയിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് മേയ് മാസത്തിലെ ശമ്പളം 50% മാത്രമേ നൽകാനാകൂ എന്ന് മുഖ്യമന്ത്രി കെ.ചന്ദ്രശേഖർ റാവു അറിയിച്ചു. 'മുഴുവൻ ശമ്പളവും പെൻഷനും നൽകാൻ ശ്രമിച്ചാൽ 3000 കോടി രൂപയുടെ ചിലവാണുണ്ടാകുക. ഇത്രയും തുക നൽകിയാൽ ഖജനാവ് കാലിയാകും. അതിനാൽ ഇത്തരം നടപടി കൈക്കൊള്ളേണ്ടി വരും.' മുഖ്യമന്ത്രി പറഞ്ഞു.

12000 കോടി രൂപ വരുമാനം ലഭിക്കേണ്ട സംസ്ഥാനത്തിന് 3100 കോടി മാത്രമാണ് വരുമാനമായി ലഭിച്ചത്. കേന്ദ്രവിഹിതമായ 982 കോടി ഉൾപ്പടെയാണിത്. ലോക്ഡൗൺ പ്രമാണിച്ച് നൽകിയ ഇളവുകൾ മൂലം സംസ്ഥാനത്തിന് കാര്യമായ വരുമാന വർദ്ധന ഉണ്ടായില്ല. 37400 കോടി രൂപ വായ്പ സർക്കാരിന് പ്രതിവർഷം അടക്കേണ്ടതുണ്ട്.

## അപേക്ഷിച്ചാൽ ഉടൻ പാൻ

**ന്യൂഡൽഹി:**അപേക്ഷിച്ചാൽ ഉടൻ തന്നെ പാൻ ലഭ്യമാക്കുന്ന സംവിധാനത്തിന് കേന്ദ്രസർക്കാർ തുടക്കം കുറിച്ചു. ആധാറിൽ അധിഷ്ഠിതമായ ഇകൈവൈസി സംവിധാനം വഴിയാണ് ഇത് നടപ്പാക്കുന്നത്. അപേക്ഷിച്ചാൽ ഉടൻ തന്നെ പാൻ ലഭ്യമാക്കുന്ന സംവിധാനമാണ് കേന്ദ്രസർക്കാർ ഒരുക്കിയത്.

ഫെബ്രുവരിയിൽ ഇത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിരുന്നു.

കേരള പ്രണാമം
സത്യം വദ ധർമ്മം ചര
സോഷ്യൽ മീഡിയയിലൂടെ ഏറ്റവും കൂടുതൽ സർക്കുലേറ്റ് ചെയ്യപ്പെടുന്ന ദിനപത്രം

പേഴ്സണൽ പരസ്യങ്ങളും ക്ലാസിഫൈഡ് പരസ്യങ്ങളും വീട്ടിലിരുന്ന് നൽകാം

പരസ്യങ്ങൾ വാട്സ്ആപ് വഴി അയക്കാം

ചരമപരസ്യങ്ങൾ, ചരമവാർഷികം, വിവാഹം, വിവാഹ വാർഷികം, വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിന ആശംസകൾ, അംഗീകാരം / അവാർഡുകൾ തുടങ്ങിയ പേഴ്സണൽ പരസ്യങ്ങൾ നൽകുവാൻ വിളിക്കുക:

ഹോം ഡെലിവറി, ഓൺലൈൻ കോഴ്സസ്, വിവാഹം, റിയൽ എസ്റ്റേറ്റ്, ഓട്ടോമോട്ടീവ്, അവസരങ്ങൾ, സർവ്വീസ് തുടങ്ങിയ ക്ലാസിഫൈഡ് പരസ്യങ്ങൾ കേരളപ്രണാമം ഇ പേപ്പറിൽ നേരിട്ട് നൽകാൻ വിളിക്കുക:

8714830698

കേരള പ്രണാമം
KERALA PRANAMAM ONLINE www.keralapranamam.com

# കൊറോണയകറ്റാൻ മനുഷ്യബലി നടത്തിയ പൂജാരി അറസ്റ്റിൽ

**കട്ടക്ക്:** കൊറോണ വൈറസിൻറെ വ്യാപനം അവസാനിപ്പിക്കുന്നതിനും ദേവൻമാരെ പ്രീതിപ്പെടുത്തുന്നതിനുമായി മനുഷ്യ ബലി നടത്തിയ പുരോഹിതൻ അറസ്റ്റിൽ. ഒഡീഷയിലെ കട്ടക്കിലാണ് സംഭവം. നരസിംഗ്പൂർ പോലീസ് സ്റ്റേഷന് സമീപത്തുള്ള ബന്ദഹൂഡ ഗ്രാമത്തിലെ ക്ഷേത്രത്തിലാണ് ഗ്രാമീണൻറെ തലയറുത്ത് പുരോഹിതൻ ബലിയർപ്പിച്ചത്. സംഭവത്തിൽ ബന്ദമാ ബുദ്ധ ബ്രാഹ്മണി ദേക്ഷേത്രത്തിലെ പുരോഹിതനായ സൻസാരി ഓജ (72) യെ പോലീസ് അറസ്റ്റ് ചെയ്തു.

ബലി നടത്തിയ ഉടൻ ഇയാൾ പോലീസിന് മുന്നിൽ കീഴടങ്ങുകയായിരുന്നു.

സരോജ് കുമാർ പ്രധാൻ (52)എന്ന വ്യക്തിയാണ് കൊല്ലപ്പെട്ടത്. 'ബലി' സംബന്ധിച്ച് ക്ഷേത്രത്തിൽ വച്ച് പ്രധാനും താനും തമ്മിൽ തർക്കമുണ്ടായതായി പ്രതി പോലീസിന് മൊഴിനൽകിയിട്ടുണ്ട്. തർക്കം വാദം രൂക്ഷമായപ്പോൾ മൂർച്ചയുള്ള ആയുധം ഉപയോഗിച്ച് പ്രധാനെ വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു.

സ്വപ്നത്തിലൂടെ 'ദൈവത്തിൽ നിന്നുള്ള ഉത്തരവുകൾ' സ്വീകരിച്ച ശേഷമാണ് കൊലപാതകം നടത്തിയതെന്നും ഓജ പറയുന്നു, മനുഷ്യബലി കൊറോണ വൈറസിനെ അകറ്റുമെന്ന് ദൈവത്തിന്റെ ഉത്തരവിൽ പറഞ്ഞിരുന്നു. അതിനാലാണ് ക്ഷേത്രത്തിൽ വെച്ച് ബലി നടത്തിയതെന്നും പ്രതി പോലീസിനോട് പറഞ്ഞു. കൊലപാതകത്തിനായി ഉപയോഗിച്ച കോടാലി പോലീസ് കണ്ടെടുത്തു. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം സംസ്കരിക്കും.

അതേസമയം, ഗ്രാമത്തിന്റെ ചുറ്റുവട്ടത്തുള്ള ഒരു മാമ്ബഴത്തോട്ടവുമായി ബന്ധപ്പെട്ട് പുരോഹിതനും മരണപ്പെട്ടയാളുമായി ദീർഘകാലമായി തർക്കമുണ്ടായിരുന്നുവെന്നാണ് ബന്ദഹൂഡ ഗ്രാമവാസികൾ പറയുന്നത്. സംഭവത്തെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തുമെന്ന് പോലീസ് വ്യക്തമാക്കി. 'സംഭവസമയത്ത് പ്രതി അമിതമായി മദ്യപിച്ചിരുന്നുവെന്ന് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായി. പിറ്റേന്ന് രാവിലെ ബോധം വന്നപ്പോൾ അദ്ദേഹം പോലീസിൽ കീഴടങ്ങി കുറ്റം സമ്മതിക്കുകയായിരുന്നു' സെൻട്രൽ റേഞ്ച് പോലീസ് ഡിഐജി ആശിഷ് കുമാർ സിംഗ് പറഞ്ഞു. പുരോഹിതന് മാനസികപ്രശ്നങ്ങൾ ഉള്ളതായും പോലീസ് സംശയിക്കുന്നുണ്ട്.

## കോളജുകളുടെ പ്രവൃത്തി സമയം പുന:ക്രമീകരിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തെ കോളജുകളിൽ ജൂൺ ഒന്നു മുതൽ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കും. ഇതുസംബന്ധിച്ച ഉത്തരവ് പുറത്തിറക്കി. രാവിലെ 8:30 മുതൽ 1:30 വരെയാണ് പഠനസമയം. ഗതാഗത സൗകര്യമുള്ള അധ്യാപകർ കോളജുകളിലെത്തണമെന്നും ഉത്തരവിലുണ്ട്.

റഗുലർ ക്ലാസുകൾ ആരംഭിക്കാൻ കഴിയുന്നതുവരെ ഓൺലൈനിൽ ക്ലാസുകൾ നടത്തണമെന്നാണ് നിർദേശത്തിൽ പറഞ്ഞിരിക്കുന്നത്. ഓൺലൈൻ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെയും പങ്കെടുക്കുന്ന വിദ്യാർഥികളുടെയും കൃത്യമായ ഹാജർ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും യഥാസമയം ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഓൺലൈൻ പഠനസൗകര്യങ്ങൾ ലഭ്യമല്ലാത്തവിദ്യാർഥികൾ ക്ലാസുകൾ ലഭിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് പ്രിൻസിപ്പൽ ഉറപ്പുവരുത്തണം. ഓൺലൈൻ പഠനരീതിയ്ക്ക് ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് വിക്ടേഴ്സ് ചാനൽ പോലെ ടിവി/ ഡിടിഎച്ച്/ റേഡിയൊ ചാനൽ തുടങ്ങിയവ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു നടപടികൾ സ്വീകരിക്കേണ്ടതാണെന്നും മാർഗനിർദേശത്തിൽ പറയുന്നു.

## എൻജിനിയറിങ് ഡിപ്ലോമ പരീക്ഷ ജൂൺ എട്ട് മുതൽ

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ പരീക്ഷാ കൺട്രോളർ നടത്തുന്ന ത്രിവൽസര എൻജിനിയറിങ് ഡിപ്ലോമ പരീക്ഷ ജൂൺ എട്ടിന് സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിൽ ആരംഭിക്കും. റിവിഷൻ (2015) സ്കീമിൽ ഉൾപ്പെട്ട ആറാം സെമസ്റ്റർ (റെഗുലർ/ സപ്ലിമെന്ററി), ഒന്നു മുതൽ അഞ്ച് വരെ സെമസ്റ്ററുകളിലെ സപ്ലിമെന്ററി പരീക്ഷകൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാർഥികൾക്ക് അവരുടെ വീടിന് സമീപമുള്ള പോളിടെക്നിക്ക് കോളേജിലേക്ക് പരീക്ഷാ കേന്ദ്രം മാറ്റി നൽകിയിട്ടുണ്ട്. അർഹരായ പരീക്ഷാർഥികൾക്ക് ഹാൾടിക്കറ്റ് അവരുടെ ലോഗിനിൽ നിന്നും ജൂൺ നാല് മുതൽ ഡൗൺലോഡ് ചെയ്യാം.

# നെയ്യാറ്റിൻകര നഗരസഭയിൽ അഴിമതിയെന്ന് യൂത്ത് കോൺഗ്രസ് : രാഷ്ട്രീയ പ്രേരിതമെന്ന് ചെയർപേഴ്സൺ

രതികുമാർ



നെയ്യാറ്റിൻകര നഗരസഭയ്ക്ക് മുമ്പിൽ ഇന്ത്യൻ യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ധർണ്ണ



നഗരസഭ ചെയർപേഴ്സൺ ഡബ്ലിയൂ.ആർ.ഹീബ

**നെയ്യാറ്റിൻകര :** നെയ്യാറ്റിൻകര നഗരസഭയ്ക്ക് മുമ്പിൽ ഇന്നലെ ഇന്ത്യൻ യൂത്ത് കോൺഗ്രസിൻറെ നേതൃത്വത്തിൽ അഴിമതി ആരോപിച്ചായിരുന്നു ധർണ്ണ. യൂത്ത് കോൺഗ്രസിന്റെ ധർണ്ണ രാഷ്ട്രീയ പ്രേരിതമെന്ന് നഗരസഭ ചെയർപേഴ്സൺ ഡബ്ലിയൂ .ആർ.ഹീബ. ലോക്ക് ഡൗൺ കാലത്ത് നഗരസഭ നടത്തിയ കമ്മ്യൂണിറ്റി കിച്ചണിൽ അഴിമതി നടന്നുയെന്ന് ആരോപിച്ചാണ്. യൂത്ത് കോൺഗ്രസ് സമരം നടത്തിയത്. നഗരസഭ കിച്ചണിൽ സി.പി.എം അനുകൂലമായവർക്ക് ഭക്ഷണ വിതരണമാണ് നടത്തിയതെന്നു ഇവർ ആരോപിച്ചു.ഡി.സി.സി ജനറൽ സെക്രട്ടറി ജോസ് ഫ്രാങ്കിൾ ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽ വിനോസൺ, ആർ.ഒ അരുൺ, രതീഷ്, അമരവിള സോവ്യർ തുടങ്ങിയവർ പ്രസംഗിച്ചു.

നാലര വർഷം പിന്നീടപ്പോഴും അഴിമതി രഹിതവും ജനങ്ങളുടെ പ്രസംശ പിടിച്ചു പറ്റിയ സത്ഭരണമാണ് നടന്നു വരുന്നത് എന്നു ചെയർപേഴ്സൺ മാധ്യമങ്ങളോട് പറഞ്ഞു. കമ്മ്യൂണിറ്റി കിച്ചണിൽ അഴിമതി എന്നു ആരോപിക്കുന്ന യൂത്ത് കോൺഗ്രസിന് എന്താണ് അഴിമതി എന്നു ഇതുവരെ ചൂണ്ടിക്കാട്ടൻ കഴിഞ്ഞിട്ടില്ലാ എന്നും കേരളത്തിനു ഉടനീളെ പഞ്ചായത്തുകളും നഗരസഭകളും കമ്മ്യൂണിറ്റി കിച്ചൺ നടത്തിയതിൽ ഏറ്റവും സുതാര്യമായി കമ്മ്യൂണിറ്റി കിച്ചൺ നടത്തിയ നഗരസഭയെന്ന ബഹുമതിയും നെയ്യാറ്റിൻ നഗരസഭ നിവാസികൾ നൽകിട്ടുണ്ട്. പല സ്ഥലത്തും കമ്മ്യൂണിറ്റി കിച്ചൺ നിർത്തി പിൻവാങ്ങിപ്പോഴും ഏറ്റവും ഒടുവിൽ നിർത്തിയത് നെയ്യാറ്റിൻ നഗരസഭയാണ്. നഗരസഭയിലെ കോൺഗ്രസ്സ് കൗൺസിലരായ ഗ്രാമം പ്രവീൺ നഗരസഭ ജീവനക്കാരോട് ദാർഷ്ടീയത്തോടെ പെരുമാറിയതും വനിതാ ജീവനക്കാരോട് അശ്ലീല വാക്കുകൾ ഉപയോഗിച്ചു ഫോൺ വിളിച്ചതും മറച്ചു വയ്ക്കുവാനു വാണ് ഇത്തരത്തിൽ അഴിമതികെട്ടിച്ചമച്ചതെന്നും ചെയർപേഴ്സൺ പറഞ്ഞു. വനിതാ ജീവനക്കാരോട് മോശമായി പെരുമാറിയ വിഷയത്തിൽ കൗൺസിലിലും കൂടാതെ നിയമനടപടിയും സ്വീകരിക്കുമെന്ന് ചെയർ പേഴ്സൺ കൂട്ടിച്ചേർത്തു.

## ആയുർവേദ പ്രതിരോധ മരുന്നുകളുടെ വിതരണം



**തിരുവനന്തപുരം:** കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആയുഷ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ദേശീയ ആരോഗ്യ ദൗത്യം ജീവനക്കായുള്ള ആയുർവേദ പ്രതിരോധ മരുന്നുകളുടെ വിതരണവും ആയുർവേദ ഫോഗ്ഗിങ്ഉം ആരോഗ്യ കേരളം നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടർ റേടിൽ വച്ച് കോവിദ് 19 കേരള സ്റ്റേറ്റ് നോഡൽ ഓഫീസർ Dr അമർ ഫെററിൽ ഉത്ഘാടനം നിർവഹിച്ചു. ആയുഷ് സ്റ്റേറ്റ് പ്രോഗ്രാം മാനേജർ Dr സുഭാഷ്. എം. State അഡ്മിനിസ്ട്രേറ്റർ ശ്രീ കെ സുരേഷ്, നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ Dr ഷൈജു. ആയുഷ് മെഡിക്കൽ ഓഫീസീർസ് അസ്സോസ്സിയേഷൻ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് Dr സ്മിത .എ.സ്. ശിവൻ, ജില്ലാ സെക്രട്ടറി Dr ശ്രീജിത്ത് സി പി , മെഡിക്കൽ ഓഫീസർ Dr അനിലൻ. എസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## ഉത്രവധക്കേസ്: പോലീസിനെതിരെ വിമർശനവുമായി വനിതാ കമ്മിഷൻ

**തിരുവനന്തപുരം:** ഉത്രവധക്കേസിൽ പോലീസിനെതിരെ വനിതാ കമ്മിഷൻ. മരണത്തിൽ മാതാപിതാക്കൾ സംശയം പ്രകടിപ്പിച്ചിട്ടും മൃതദേഹം ദഹിപ്പിച്ചത് വീഴ്ചയാണെന്ന് വനിതാ കമ്മീഷൻ അദ്ധ്യക്ഷ എം സി ജോസഫൈൻ വ്യക്തമാക്കി. കൊല്ലം റൂറൽ എസ്.പി ഇക്കാര്യം അന്വേഷിക്കണമെന്ന് വനിതാ കമ്മീഷൻ ആവശ്യപ്പെട്ടു. ഇതുവരെയുള്ള അന്വേഷണ റിപ്പോർട്ട് ഉടൻ വനിതാ കമ്മീഷന് മുൻപിൽ ഹാജരാക്കണമെന്നും നിർദേശമുണ്ട്. തേസമയം അറസ്റ്റിന് മണിക്കൂറുകൾക്ക് മുൻപ് അടൂർ പറക്കോട്ടെ സ്വന്തം വീടിന് സമീപത്തുള്ള അഭിഭാഷകനുമായി സൂരജ് കൂടിക്കാഴ്ച നടത്തിയിരുന്നുവെന്ന് അന്വേഷണ സംഘം കണ്ടെത്തി. അഭിഭാഷകന്റെ വീട്ടിൽ സൂരജ് വാഹനത്തിൽ വന്ന് മടങ്ങുന്ന ദൃശ്യങ്ങളും ലഭിച്ചിട്ടുണ്ട്.

## സന്നദ്ധ സേനയിലെ വളണ്ടിയർമാർക്ക് ഇൻഷുറൻസ് പരിരക്ഷ പരിഗണനയിലെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ സാമൂഹിക സന്നദ്ധ സേനയിലെ വളണ്ടിയർമാർക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത് പരിശോധിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനകം 3,37,000 പേർ സേനയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. പ്രാദേശിക തലത്തിൽ പോലീസിനൊപ്പം പട്രോളിംഗിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വാളണ്ടിയർമാർ പങ്കാളികളാണ്. ജനങ്ങൾക്ക് അവശ്യ മരുന്നുകൾ എത്തിക്കുക, വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആരോഗ്യപ്രവർത്തകരോടൊപ്പം സുതർഹ്യമായി നിർവഹിക്കുന്നുണ്ട്.

വയോജനങ്ങളെ സഹായിക്കുന്നതിനായുള്ള വയോമിത്രം പദ്ധതിയുമായി ബന്ധപ്പെട്ടും ഇവർ പ്രവർത്തിക്കുന്നുണ്ട്. മിക്കവാറും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇവരുടെ സാന്നിദ്ധ്യം ഉണ്ട്.

ദുരന്ത പ്രതികരണത്തിൽ യുവജന ശക്തി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ ജനസംഖ്യയിലെ നൂറ് പേർക്ക് ഒരു വോളന്റിയർ എന്ന നിലക്ക് 3,40,000 പേരുടെ സന്നദ്ധ സേനയാണ് ലക്ഷ്യമിട്ടത്. ഇവർക്ക് പ്രത്യേകം പരിശീലനം നൽകുന്നതിനുള്ള പദ്ധതി തയാറാക്കിയിട്ടുണ്ട്.

## കാട്ടാക്കട ജൈവസമൃദ്ധി വിത്ത് ചന്തകൾ ഇന്ന് ആരംഭിക്കുന്നു

**കാട്ടാക്കട:** സുഭിക്ഷ കേരളത്തിനായി സ്വയം പര്യാപ്തം എന്റെ കാട്ടാക്കട പദ്ധതിയുടെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിലെ പഞ്ചായത്തുകളിൽ മെയ് 29 വെള്ളിയാഴ്ച മുതൽ വിത്ത് ചന്തകൾ സംഘടിപ്പിക്കുന്നു. ജൈവസമൃദ്ധി പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ വരുന്ന ഓണക്കാലത്തിന് ആവശ്യമായ പച്ചക്കറികളും മറ്റു ഉൽപ്പന്നങ്ങളും മണ്ഡലത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി 96 ഹെക്ടർ പ്രദേശം വാർഡ്തല യോഗങ്ങൾ സംഘടിപ്പിച്ചു ഇതിനോടകം കണ്ടെത്തിയിരുന്നു. ഈ സ്ഥലങ്ങളിലേക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും കർഷകർക്ക് ന്യായമായ വിലയിൽ ലഭ്യമാക്കുന്നതിനായിട്ടാണ് വിത്ത് ചന്തകൾ സംഘടിപ്പിക്കുന്നത്. കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ പരസ്പരം കൈമാറുന്നതിനും ആവശ്യക്കാർക്ക് ന്യായവിലയിൽ വിത്തുകൾ വാങ്ങുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്. വിത്തുകളും നടീൽ വസ്തുക്കളും വിൽക്കാൻ ആഗ്രഹിക്കുന്നവരും വിത്തും നടീൽ വസ്തുക്കളും ആവശ്യമുള്ളവരും അതാത് പഞ്ചായത്തിലെ കൃഷി ഓഫീസർമാരുമായി മുൻകൂട്ടി ബന്ധപ്പെടാവുന്നതാണ്. കാട്ടാക്കട, മാറനല്ലൂർ, വിളപ്പിൽ, പള്ളിച്ചൽ പഞ്ചായത്തുകളിൽ ഇന്നും വിളവൂർക്കൽ പഞ്ചായത്തിൽ മെയ് 30നും മലയിൻകീഴ് പഞ്ചായത്തിൽ ജൂൺ 1 നും ആണ് വിത്ത് ചന്തകൾ പ്രവർത്തിക്കുക. കാട്ടാക്കട, മാറനല്ലൂർ പഞ്ചായത്തുകളിൽ കൃഷി ഓഫീസിന് മുന്നിലും, പള്ളിച്ചൽ പഞ്ചായത്തിൽ ബംഗ്ലാവ് മന്ദിരത്തിലും, വിളപ്പിൽ, വിളവൂർക്കൽ, മലയിൻകീഴ് പഞ്ചായത്തുകളിൽ പഞ്ചായത്ത് ഓഫീസിന് മുന്നിലും ആണ് വിത്ത് ചന്ത ചേരുന്നത്. സുഭിക്ഷ കേരളത്തിനായ് കാർഷിക സ്വയംപര്യാപ്ത മണ്ഡലം എന്ന ലക്ഷ്യം സാധ്യമാകുംവിധം എല്ലാതരം കൃഷി രീതികളും അവലംബിച്ച് മണ്ഡലത്തിന് ആവശ്യമായ കാർഷിക ഉത്പനങ്ങൾ മണ്ഡലത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്ന് ഐ.ബി സതീഷ് എം.എൽ.എ അറിയിച്ചു.

## രണ്ട് ക്രിമിനൽ കേസ് പ്രതികൾക്ക് കൂടി കോവിഡ്; ഉറവിടം വ്യക്തമല്ല

**തിരുവനന്തപുരം:** രണ്ട് ക്രിമിനൽ കേസ് പ്രതികൾക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. വെഞ്ഞാറമൂട്, വാമനപുരം എന്നിവിടങ്ങളിലുള്ളവർക്കാണ് ഇന്ന് ജില്ലയിൽ രോഗബാധ സ്ഥിരീകരിച്ചിരിക്കുന്നത്. ഇരുവരും നെയ്യാറ്റിൻക്കര സബ്ജയിലിൽ റിമാൻഡിലായിരുന്നു. ഇവരുടെ രോഗബാധയുടെ ഉറവിടം വ്യക്തമല്ല. ഇതിനുപിന്നാലെ പത്ത് പൊലീസുകാരും എട്ട് ജയിൽ ജീവനക്കാരും ക്വാറന്റീനിൽ പോയി.

വീടിന് തീയിടുകയും മർദ്ദിക്കുകയും ചെയ്ത കേസിലെ പ്രതിയാണ് വാമനപുരം സ്വദേശി. 25-ന് ഇയാളെ റിമാൻഡ് ചെയ്യുന്നതിന്റെ ഭാഗമായി സ്രവ പരിശോധന നടത്തുകയായിരുന്നു. തുടർന്നാണ് ഫലം പോസിറ്റീവ് ആയത്. വെട്ടുകേസിലെ പ്രതിയായ വെഞ്ഞാറമൂട് പുല്ലമ്പാറ സ്വദേശിയായ യുവാവിനെ 26-നും സ്രവ പരിശോധനക്ക് വിധേയനാക്കുകയായിരുന്നു.

നേരത്തെ അബ്കാരി കേസിലെ പ്രതിക്ക് കോവിഡ് സ്ഥിരീകരിച്ചതിന് പിന്നാലെ വെഞ്ഞാറമൂട് സ്റ്റേഷനിലെ സി ഐ അടക്കം 32 പോലീസ് ഉദ്യോഗസ്ഥർ ക്വാറന്റൈനിലാണ്. ഇതിനുപിന്നാലെയാണ് ഇപ്പൾ രണ്ട് പ്രതികൾക്കുകൂടെ രോഗം സ്ഥിരീകരിച്ചിരിക്കുന്നത്.



## സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ നിയമനം; അപേക്ഷിക്കാം

**കൊല്ലം:** ജില്ലയിൽ അനുവദിച്ച രണ്ട് പോക്സോ കോടതികളിലേക്ക് മുഴുവൻ സമയ സേവനത്തിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഒഴിവിലേക്ക് സി ആർ പി സി സെക്ഷൻ 24(4) പ്രകാരം നിയമനത്തിന് യോഗ്യരായ അഭിഭാഷകരുടെ പാനൽ തയ്യാറാക്കുന്നു.

നിശ്ചിത യോഗ്യതയുള്ളവരും ബാർ കൗൺസിലിൽ രജിസ്റ്റർ ചെയ്ത് ഏഴ് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും 60 വയസുവരെ പ്രായമുള്ള അഭിഭാഷകർക്ക് അപേക്ഷിക്കാം. അപേക്ഷകന്റെ വിവരങ്ങൾ, എന്റോൾ ചെയ്ത തീയതി, പ്രവൃത്തിപരിചയം, അപേക്ഷകൻ ഉൾപ്പെട്ട് വരുന്ന പോലീസ് സ്റ്റേഷൻ തുടങ്ങിയവ രേഖപ്പെടുത്തി തയ്യാറാക്കിയ ബയോഡാറ്റ, രേഖകളുടെ പകർപ്പ് എന്നിവ സഹിതം അപേക്ഷ ജൂൺ അഞ്ചിന് ഉച്ചകഴിഞ്ഞ മൂന്നിനകം ജില്ലാ കലക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കണം.

## കെയർ ടേക്കർ ഒഴിവ്

**കൊല്ലം:** ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ ഓപ്പൺ മുൻഗണനാ വിഭാഗത്തിനുവേണ്ടി സംവരണം ചെയ്തിട്ടുള്ള കെയർ ടേക്കറുടെ ഒരു ഒഴിവ് നിലവിലുണ്ട്. യോഗ്യത എസ് എസ് എൽ സി/തത്തുല്യം. സാമൂഹ്യക്ഷേമ വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ വാർഡനായുള്ള മൂന്നു വർഷത്തെ പ്രവൃത്തി പരിചയം.

സ്ത്രീകളെയും ഭിന്നശേഷിക്കാരെയും പരിഗണിക്കില്ല. വയസ് 18 നും 41 നും ഇടയിൽ(നിയമാനുസൃത വയസിളവ് ബാധകം). ശമ്പളം 22,500 രൂപ.

മുൻഗണനാ വിഭാഗത്തിന്റെ അഭാവത്തിൽ മുൻഗണന ഇല്ലാത്തവരെയും പരിഗണിക്കും. യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി തൊട്ടടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജൂൺ 22 നകം നേരിട്ട് ഹാജരായി പേര് രജിസ്റ്റർ ചെയ്യണം.

# മത്സ്യതൊഴിലാളികളോടുള്ള സർക്കാരിന്റെ വഞ്ചന അവസാനിപ്പിക്കണമെന്ന് അഡ്വ എ ഷാനവാസ് ഖാൻ

**കൊല്ലം:** ലോക്ക് ഡൌൺ കാലത്ത് രാഷ്ട്രീയ പാർട്ടികളെ നിശബ്ദമാക്കികൊണ്ടു എല്ലാ മേഖലയിലും ഏകാധിപത്യ സ്വഭാവം നടപ്പാക്കുകയാണ് പിണറായിയും സഹമന്ത്രിമാരും ചെയുന്നത് എന്ന് കെപിസിസി ജനറൽ സെക്രട്ടറി അഡ്വ എ ഷാനവാസ് ഖാൻ പറഞ്ഞു.
മത്സ്യ മേഖലയിലും ഇതേ പ്രവണത തന്നെയാണ് മന്ത്രി മേഴ്സി കുട്ടി അമ്മ നടപ്പാക്കുന്നത് എന്ന് അദ്ദേഹം ചൂണ്ടികാണിച്ചു. മത്സ്യ മേഖലയിൽ ഇപ്പോഴും സാധാരണകാരായ തൊഴിലാളികൾക്കു നേരിട്ട് മീൻ എടുക്കാൻ അവസരം നിഷേധിച്ചിരിക്കുകയാണ്. അതുമൂലം ഇടനിലകാരും, മത്സ്യഫെഡും കൊള്ള ലാഭം കൊയ്യുകയും സാധാരണ കച്ചവടക്കാർക്കും, മത്സ്യം വാങ്ങുന്ന സാധാരണ ജനങ്ങളും ഇത് മൂലം വലിയ നഷ്ടം സഹിക്കേണ്ടിവരുന്നുയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ പ്രവണത നിർത്തിയില്ലെങ്കിൽ ലോക്ക് ഡൌൺ ലങ്കിച്ചും ശക്തമായ സമരപരിപാടികൾ നടത്തേണ്ടി വരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മത്സ്യത്തൊഴിലാളികൾക്കെതിരെയുള്ള ഇടതുപക്ഷ സർക്കാറിന്റെ ജനദ്രോഹ വഞ്ചന നടപടികൾ അടിയന്തരമായി നിർത്തലാക്കുക, മത്സ്യത്തൊഴിലാളികൾക്ക് അന്യായമായി നിഷേധിച്ച അവകാശങ്ങളും, ആനുകൂല്യങ്ങളും, പുനസ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു എ ഐ യു ഡബ്ലിയു സി യുടെ ആഭിമുഖ്യത്തിൽ മത്സ്യഫെഡ് ഓഫീസിന് മുൻപിൽ നടന്ന പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയോജകമണ്ഡലം ചെയർമാൻ എക്സ്. ജഗന്നാഥന്റെ അധ്യക്ഷതയിൽ കൂടിയ




മത്സ്യഫെഡ് ഔട്ട് ലെറ്റിന് മുന്നിൽ നടന്ന പ്രതിഷേധ പരിപാടി കെപിസിസി ജനറൽ സെക്രട്ടറി അഡ്വ എ ഷാനവാസ് ഖാൻ ഉദ്ഘാടനം ചെയ്യുന്നു.

യോഗത്തിൽ എ ഐ സി സി പഞ്ചായത്തീരാജ് സമിതി ദേശീയ സെക്രട്ടറി ഡി. ഗീതാ കൃഷ്ണൻ, മശൗംര സംസ്ഥാന ഭാരവാഹികൾ അഡ്വ എം ജി ജയകൃഷ്ണൻ,കെ ബി ഷഹാൽ, അൻവർ സെട്ട്, പി വി അശോക് കുമാർ, ജില്ലാ പ്രസിഡന്റ് ബാബു ജി പട്ടത്താനം, എൻ. മരിയൻ, മുണ്ടക്കൽ മിൽട്ടൺ, ബാബു മോൻ, രഞ്ജിത് കലുങ്കുംമുഖം, ജോബോയ്, ആഷിക്ക് പള്ളിത്തോട്ടം, അഡ്വ റിയാസ്, ബിജു വെടിക്കുന്ന് , ജോയ് മയ്യനാട്, ബൈജു, ജോസ് തുടങ്ങിയവർ സംസാരിച്ചു.

## കയർ തൊഴിലാളികൾക്ക് ഒരു ലക്ഷം രൂപ മരണാനന്തര സഹായം നൽകണം എ.എ.ഷുക്കൂർ

**കരുനാഗപ്പള്ളി :** കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുത്ത തൊഴിലാളി മരണപ്പെട്ടാൽ ഒരു ലക്ഷം രൂപ ധനസഹായം നൽകണമെന്ന് കെ.പി.സി.സി ജനറൽ സെക്രട്ടറി എ.എ.ഷുക്കൂർ എക്സ്. എം.എൽ.എ പറഞ്ഞു.
ഇംകം സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ തൊഴിലാളികൾക്ക് 600 രൂപ കൂലി വർദ്ധിപ്പിച്ച് നൽകണമെന്നും, കോവിഡ് 19 ധനസഹായം വർദ്ധിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. കയർ തൊഴിലാളി കോൺഗ്രസ്സ് (ഐ.എൻ.റ്റി.യു.സി) ജില്ലാ പ്രസിഡന്റ് ആർ.ദേവരാജന്റെ നേതൃത്വത്തിൽ കരുനാഗപ്പള്ളി താലൂക്ക് ഓഫീസിന്റെ മുന്നിൽ നടന്ന സമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കെ.ജി.രവി, ആർ.രാജശേഖരൻ, എൻ.അജയകുമാർ, എം.അൻസാർ, ചവറ ഹരീഷ്കുമാർ, എസ്.ജയകുമാർ, ആർ.ശശിധരൻപിള്ള, മുനമ്പത്ത് ഷിഹാബ്, സാബു, ജറോൺക്രൂസ് എന്നിവർ സംസാരിച്ചു.

## എസ്.യു.സി.ഐ അവകാശദിനം ആചരിച്ചു

**കരുനാഗപ്പള്ളി:** കോവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി ലോക്ക് ഡൗൺ നടപ്പിലാക്കപ്പെട്ടതുമൂലം തൊഴിൽ നഷ്ടപ്പെട്ട കുടിയേറ്റ തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും താൽക്കാലികാശ്വാസമായി 10000 രൂപ ഉടൻ നൽകുക എന്നാവശ്യപ്പെട്ട് എസ്.യു.സി.ഐ അവകാശദിനം ആചരിച്ചു.
കരുനാഗപ്പള്ളി ഹെഡ് പോസ്റ്റോഫീസിനു മുന്നിൽ നടന്ന പ്രതിഷേധ പരിപാടിഎസ്.യു.സി.ഐ കരുനാഗപ്പള്ളി ലോക്കൽ കമ്മിറ്റിയംഗങ്ങളായ ടിങ്കിൾ പ്രഭാകരൻ ആർ.ജയകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.




ഹെഡ്പോസ്റ്റോഫീസിന് മുന്നിൽ നടന്ന ധർണ്ണയിൽ എസ്.യു.സി.ഐ കരുനാഗപ്പള്ളി ലോക്കൽ കമ്മിറ്റി അംഗം ടിങ്കിൾ പ്രഭാകരൻ സംസാരിക്കുന്നു.

## യൂത്ത് കോൺഗ്രസ്സിന്റെ ഏകദിന ഉപവാസം




**കരുനാഗപ്പള്ളി:**പ്രവാസികളോടുള്ള പിണറായി സർക്കാരിന്റെവഞ്ചനക്കെതിയെ യൂത്ത് കോൺഗ്രസ്സ് കരുനാഗപ്പള്ളി നിയോജമണ്ഡലം പ്രസിഡന്റ് ഇർഷാദ് ബഷീർ കരുനാഗപ്പള്ളി സിവിൽ സ്റ്റേഷന് മുന്നിൽ ഉപവസിച്ചു. കോൺഗ്രസ്സ് യൂത്ത് കോൺഗ്രസ്സ് സംസ്ഥാന ജില്ലാ ബ്ലോക്ക്, മണ്ഡലം നേതാക്കൾ സമരപ്പന്തലിൽ എത്തി.

## ജില്ലാ പബ്ലിക് ഹെൽത്ത് ലാബിൽ കോവിഡ് ഫലം മണിക്കൂറുകൾക്കകം

**കൊല്ലം:** കോവിഡ് 19 രോഗനിർണയവും ഫലപ്രഖ്യാപനവും ഇനി മണിക്കൂറുകൾക്കകം അറിയാൻ കഴിയും. ഇതിനായി കൊല്ലം ജില്ലാ പബ്ലിക് ഹെൽത്ത് ലാബിൽ സ്ഥാപിച്ച ട്രൂ നാറ്റ് ടെസ്റ്റിംഗ് സെന്റർ ഇന്ന്(മെയ് 29) വൈകിട്ട് നാലിന് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യും.
ജില്ലയിൽ രണ്ടു കേന്ദ്രങ്ങളിലാണ് ട്രൂ നാറ്റ് ടെസ്റ്റിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. രണ്ടാമത്തെ സെന്റർ പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളജിലാണ്. ട്രയൽ റൺ ഇന്ന്(മെയ് 29) ആരംഭിക്കും. ട്രൂനാറ്റ് പരിശോധനാ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമാകുന്നതോടെ കോവിഡ് പരിശോധനാഫലങ്ങൾ ഒരു മണിക്കൂറിനകം ലഭ്യമാകും. പരിശോധനയ്ക്കായി മൂക്കിൽ നിന്നും (നെയ്സോ ഫാരിഞ്ജൽ സ്വാബ്) തൊണ്ടയിൽ നിന്നുമാണ് സ്രവം എടുക്കുന്നത്.

## ഡയാലിസിസ് രോഗികൾക്കായുള്ള കാരുണ്യ ശ്രീയുടെ സാന്ത്വന സ്പർശം 150-ദിവസം പിന്നിട്ടു




**കരുനാഗപ്പള്ളി:** താലൂക്കാശുപത്രിയിൽ ദിനന്തോറും ഡയാലിസിസ് കഴിയുന്ന രോഗികൾക്കായി കാരുണ്യ ശ്രീന ൽ കി വരുന്ന ലഘുഭക്ഷണ വിതരണം 150 ദിവസം പിന്നിട്ടു.ഈ മാസം ഏകദേശം അഞ്ഞൂറിലധികം ഡയാലിസിസ് താലൂക്കാശുപത്രിയിൽ നടക്കും.. ഡയാലിസിസ് കഴിഞ്ഞ് ക്ഷീണിതരായി വരുന്ന രോഗികൾക്ക് ആരുപത്രിയിലെ കാന്റീൻ വഴി കാരുണ്യ ശ്രീ സൗജന്യമായി ലഭ്യമാക്കുന്ന ലഘുഭക്ഷണം അവർക്ക് എറെ സാന്ത്വനമേ കുന്നു. കോ വിഡ് മൂലമുള്ള ലോക് ഡൗണിൽ ഇളവ് വന്നതോടെ പ്രതിദിനപ്രഭാത ഭക്ഷണ വിതരണം അടുത്ത മാസം ആരംഭിക്കു വാനുള്ള തീരുമാനത്തിൽ കാരുണ്യ ശ്രീയുടെ എല്ലാ അംഗങ്ങളുടെയും വിലപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തുടരാം നമുക്ക് ഈ സ്വാന്ത്വനം

## മനോദൗർബല്യമുള്ള സഹോദരങ്ങൾക്ക് സാന്ത്വനമായി ആശ്രയ സങ്കേതം

**കൊല്ലം:** മനോരോഗം തകർത്ത നിരാശ്രയരായ മൂന്ന് സഹോദരങ്ങളുടെ ജീവിത ദുരിതത്തിന്റെ ലോക്ക് ഡൗൺ തീർന്നു. ഇനിയിവർ ആശ്രയ സങ്കേതത്തിന്റെ സാന്ത്വനത്തണലിൽ കഴിയും. ഇളമാട് ഗ്രാമപഞ്ചായത്തിലെ കാരാളിക്കോണം വാർഡിൽ രാഘവ സദനത്തിൽ പരേതരായ രാഘവനാചാരിയുടെയും ഭവാനിയുടെയും മക്കളായ ബിജു(42), സുജ(41 ), ബൈജു(39) എന്നിവർക്കാണ് ആശ്രയ സ്നേഹത്തിന്റെ കരുതൽ സ്പർശമായത്.
മാനസികരോഗത്തിന്റെ പിടിയിലായിരുന്ന മൂവരും മാതാപിതാക്കളുടെ തണലിലായിരുന്നു കഴിഞ്ഞിരുന്നത്. എന്നാൽ നാല് മാസങ്ങൾക്ക് മുൻപ് വാർധക്യ സഹജമായ അസുഖത്തെ തുടർന്ന് പിതാവും എട്ടു ദിവസങ്ങൾക്ക് മുൻപ് കാൻസർ ബാധിതയായ മാതാവും മരണപ്പെട്ടതോടെയാണ് ഇവർ ദുരിതത്തിലായത്. പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്ത ഈ സഹോദരങ്ങളുടെ ദുരിത ജീവിതത്തെക്കുറിച്ച് അറിഞ്ഞ ജില്ലാ കലക്ടർ ബി അബ്ദുൽ നാസർ വിവരം കൊട്ടാരക്കര തഹസിൽദാർക്ക് കൈമാറി. ഇവരെ ഏറ്റെടുക്കണമെന്ന് തഹസിൽദാർ ആശ്രയ ജനറൽ സെക്രട്ടറി കലയപുരം ജോസിനെ വിവരമറിയിച്ചതിനെത്തുടർന്ന് മൂന്ന് സഹോദരങ്ങളുടെയും തുടർസംരക്ഷണവും ചികിത്സയും ആശ്രയ ഏറ്റെടുക്കുകയായിരുന്നു.
കൊട്ടാരക്കര തഹസിൽദാർ എ തുളസീധരൻ പിള്ള, ഇളമാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ് ചിത്ര, ഡെപ്യൂട്ടി തഹസിൽദാർമാരായ ആർ ഷിജു, അജിലാൽ, ഇളമാട് വില്ലേജ് ഓഫീസർ ആർ ജലജ, വാർഡ് മെമ്പർ സലീന ബീവി, സന്തോഷ്കുമാർ, രഞ്ജിത്ത്, ശ്രീജയ, സിനി തുടങ്ങിയവർ സന്നിഹിതരായി.

## പ്രത്യേക സാമ്പത്തിക സഹായ പദ്ധതി പ്രഖ്യാപിക്കണം: കെ.റ്റി.യു.സി ( എം )



**കോട്ടയം:** കോവിഡ് ദുരിതത്തിൽപ്പെട്ട് തൊഴിൽ മേഖല സ്തംഭിച്ച സാഹചര്യത്തിൽ മോട്ടോർ തൊഴിലാളികൾക്ക് സ്പെഷ്യൽ സഹായപാക്കേജ് നടപ്പാക്കണമെന്ന് കേരളാ കോൺഗ്രസ് എം കോട്ടയം ജില്ലാ പ്രസിഡന്റ് സജി മഞ്ഞക്കടമ്പിൽ ആവശ്യപ്പെട്ടു. തൊഴിലാളികളുടെ 3 മാസത്തെ വൈദ്യുതി, വെള്ളം ചാർജുകൾ ഒഴിവാക്കണമെന്നും, മോട്ടോർടാക്സി, ഓട്ടോറിക്ഷകൾ എന്നിവയുടെ ലോൺ തിരിച്ചടവിന് ഒരു വർഷം മൊറൊട്ടോറിയം ഏർപ്പെടുത്തണമെന്നും സജി ആവശ്യപ്പെട്ടു. കേ.റ്റി.യു.സി. (എം) കോട്ടയം ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയം കളക്ട്രേറ്റിന് മുന്നിൽ പ്രധിഷേധ ധർണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.
കെ.റ്റി.യു.സി (എം) കോട്ടയം ജില്ലാ പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. പാർട്ടി നിയോജക മണ്ഡലം പ്രസിഡന്റ് കുര്യൻ പി.കുര്യൻ, കെ.റ്റി.യു.സി നിയോജക മണ്ഡലം പ്രസിഡന്റ് ജ്യോതിഷ് മോഹനൻ, സുരേഷ് കുമാർ എന്നിവർ പങ്കെടുത്തു.

## പലിശരഹിത വായ്പ

**കോട്ടയം:** ലോക്ഡൗൺ മൂലം പ്രതിസന്ധിയിലായ ജില്ലയിലെ ചെറുകിട വ്യാപാരികളെ സംരക്ഷിക്കുന്നതിനു വേണ്ടി വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പലിശരഹിത വായ്പാ പദ്ധതി ആരംഭിക്കുന്നു. ജില്ലാ കമ്മിറ്റിയും യൂണിറ്റ് കമ്മിറ്റികളും സഹകരിച്ച് വിവിധ സഹകരണ സംഘങ്ങൾ വഴി പരസ്പര ജാമ്യത്തിൽ ജില്ലയിലെ 180 യൂണിറ്റുകളിലെ സാധാരണക്കാരായ വ്യാപാരികളുടെ സംരക്ഷണത്തിനായി 10000 രൂപ മുതൽ 25000 രൂപ വരെ വായ്പ നൽകും

# പാലാ കളരിയാന്മാക്കൽ കടവ് പാലത്തിന് ശാപമോക്ഷം



പാലാ: ടൗണിനെയും മീനച്ചിൽ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ചെത്തിമറ്റം കളരിയാമാക്കൽ കടവ് പാലത്തിന് മാണി സി കാപ്പൻ എം എൽ എയുടെ ഇടപെടലിനെ തുടർന്ന് ശാപമോക്ഷമാകുന്നു. ചെത്തിമറ്റം ഭാഗത്ത് അപ്രോച്ച് റോഡും കിഴപറയാർ ഭാഗത്ത് അപ്രോച്ച് റോഡും റോഡിനുള്ള സ്ഥലവും ഇല്ലാതെയാണ് അഞ്ചു വർഷം മുമ്പ് കോടികൾ പാലം പണി പൂർത്തിയാക്കിയത്. സ്ഥലം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടികൾ ഇല്ലാതെ വന്നതോടെ നടപ്പാതയുടെ ഉപയോഗം മാത്രമായി പാലം മാറി. പാലത്തിനൊപ്പം ചെക്കുഡാമും നിർമ്മിച്ചിരുന്നു. ഇതിനായി 5.61 രൂപയാണ് അനുവദിച്ചിരുന്നത്. 7.5 മീറ്റർ വീതിയിലും 75 മീറ്റർ നീളത്തിലും തീർത്തിരിക്കുന്ന പാലം നിർമ്മിച്ചത് ജലസേചന വകുപ്പായിരുന്നു.
കോടികൾ മുടക്കി പണി പൂർത്തിയാക്കിയ പാലം പ്രയോജനമില്ലാതെ കിടക്കുന്നത് മാണി സി കാപ്പൻ എം എൽ എ മുഖ്യമന്ത്രി പിണറായി വിജയന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇതോടെ നടപടി ക്രമങ്ങൾ അടിയന്തിര പ്രാധാന്യം നൽകി പൂർത്തീകരിക്കാൻ മുഖ്യമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നിർദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ മാണി സി കാപ്പന്റെ നേതൃത്വത്തിൽ കളരിയാമ്മാക്കൽ കടവ് പാലം സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തി. പാലത്തിന് അപ്രോച്ച് റോഡുകളും റോഡിന് ആവശ്യമായ സ്ഥലം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങൾക്കു തുടക്കം കുറിച്ചതായി എം എൽ എ അറിയിച്ചു. മീനച്ചിൽ പഞ്ചായത്തിനെ പാലാ നഗരത്തോട് അടുപ്പിക്കാനും വികസന പ്രവർത്തനത്തിന് ആക്കം കൂട്ടാനും റോഡ് പൂർത്തിയാകുന്നതോടെ സാധിക്കും. ധൃതഗതിയിൽ നടപടികൾ പൂർത്തീകരിക്കാൻ മുഖ്യമന്ത്രി ഉദ്യോഗസ്ഥർക്കു നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എം എം എ അറിയിച്ചു. പാലാ ആർ ഡി ഓ എം റ്റി അനിൽകുമാർ സ്ഥലത്തെത്തി നടപടി ക്രമങ്ങൾക്കു തുടക്കം കുറിച്ചു. മീനച്ചിൽ പഞ്ചായത്ത് പ്രസിഡന്റ് മേഴ്സിക്കുട്ടി കുര്യാക്കോസ്, ഷിബു പൂവേലിൽ, ബിനു പുളിക്കക്കണ്ടം, പ്രസാദ് പെരുമ്പള്ളിൽ, വിനോദ് വേരനാനി, എബി ജെ ജോസ്, ജോയി മൂക്കൻതോട്ടം, കണ്ണൻ പാലാ എന്നിവർക്കൊപ്പം പൊതുമരാമത്ത്, പഞ്ചായത്ത് വകുപ്പുകളുടെ ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

## മൂന്നു പേർക്കു കൂടി വൈറസ് ബാധ; ജില്ലയിൽ 19 കോവിഡ് രോഗികൾ

**കോട്ടയം :** ജില്ലയിൽ ഇന്ന് മൂന്നു പേരുടെ കോവിഡ് സാമ്പിൾ പരിശോധനാ ഫലംകൂടി പോസിറ്റീവായി. വിദേശ രാജ്യങ്ങളിൽനിന്നെത്തിയ ഇവരിൽ ആർക്കും രോഗ ലക്ഷണങ്ങൾ ഉണ്ടായിരുന്നില്ല. ഇതോടെ ജില്ലയിൽ രോഗം ബാധിച്ചവരുടെ എണ്ണം 19 ആയി. എല്ലാവരെയും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

**ഇന്ന് രോഗം സ്ഥിരീകരിച്ചവർ**

1. ചങ്ങനാശേരി വെരൂർ സ്വദേശി(29) 17ന് അബുദാബിയിൽനിന്നെത്തി. ഗാന്ധിനഗറിലെ ക്വാറൻറയിൻ കേന്ദ്രത്തിലായിരുന്നു.
2. വാഴൂർ കൊടുങ്ങൂർ സ്വദേശി (27). 19ന് സൗദി അറേബ്യയിലെ ദമാമിൽ നിന്നെത്തി. ഗാന്ധിനഗറിലെ ക്വാറൻറയിൻ കേന്ദ്രത്തിലായിരുന്നു.
3. ചങ്ങനാശേരി മാമ്മൂട് സ്വദേശിനി(29). മെയ് 12ന് ദാമാമിൽ നിന്നെത്തി. മെയ് 13ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രസവിച്ചു. ആദ്യ പരിശോധനാ ഫലം നെഗറ്റീവായിരുന്നതിനെത്തുടർന്ന് മെയ് 19ന് ഡിസ്ചാർജ്ജ് ചെയ്തു. രണ്ടാമത്തെ പരിശോധനയിലാണ് വൈറസ് ബാധ സ്ഥിരീകരിച്ചത്. തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു-



## വിദ്യാർത്ഥി മുങ്ങി മരിച്ചു



അനന്തു (20)

**കോട്ടയം:** ഈരാറ്റുപേട്ട മൂന്നിലവ് ഇല്ലിക്കൽ കല്ലിന് സമീപം കട്ടിക്കയത്ത് കുളിയ്ക്കാനിറങ്ങിയതിനിടെ കയത്തിൽ കാണാതായ വിദ്യാർത്ഥിയുടെ മൃതദേഹം കണ്ടെത്തി. മാന്നാനം സ്വദേശി അനന്തുവിന്റെ(20) മൃതദേഹമാണ് ഇന്ന് രാവിലെ നടത്തിയ തെരച്ചിലിൽ കണ്ടെത്തിയത്. മാന്നാനം വേലംകുളം അരിപ്പള്ളിൽ ഷാജിയുടെ മകനാണ് അനന്തു.കുമരകം എസ്.എൻ.കോളേജ് വിദ്യാർത്ഥിയാണ്. സുഹൃത്തുക്കൾക്കൊപ്പം ഇന്നലെയാണ് അനന്തു ഇവിടെ കുളിയ്ക്കാൻ എത്തിയത്.4 പേരായിരുന്നു സംഘത്തിലുണ്ടായിരുന്നത്. 2017 ജൂലൈയിലുണ്ടായ അപകടത്തിൽ രണ്ടു യുവാക്കൾക്കും കയത്തിൽ ജീവൻ നഷ്ടമായിരുന്നു.ഇന്നലെ അനന്തുവിനുവേണ്ടിയുള്ള തെരച്ചിൽ നടത്തിയെങ്കിലും വെളിച്ചക്കുറവും തണുപ്പും മൂലം നിർത്തിവെയ്ക്കുകയായിരുന്നു. രാവിലെ തെരച്ചിൽ പുനരാരംഭിച്ചപ്പോഴാണ് മൃതദേഹം കണ്ടെത്തിയത്.

## വിരമിക്കുന്നു

**കോട്ടയം:** കോട്ടയം ഗവൺമെൻറ് കോളജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. വത്സമ്മ ജോസഫ് സർവീസിൽനിന്ന് വിരമിക്കുന്നു.1985-ൽ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ഒരു സ്റ്റാഫ് നഴ്സായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, കേരള ആരോഗ്യ സർവകലാശാല, എംജി സർവകലാശാല എന്നിവിടങ്ങളിൽ പിഎച്ച്ഡി ഗൈഡായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## 610 അതിഥി തൊഴിലാളികൾ ഝാർഖണ്ഡിലേക്ക് മടങ്ങി



*അതിഥി തൊഴിലാളികൾക്ക മുണ്ടക്കയം പഞ്ചായത്തിന്റെ യാത്രയയപ്പ്*

**കോട്ടയം:** ജില്ലയിൽനിന്നും 610 അതിഥി തൊഴിലാളികൾ സ്വദേശമായ ഝാർഖണ്ഡിലേക്ക് മടങ്ങി. വിവിധ കേന്ദ്രങ്ങളിൽനിന്ന് 20 കെ.എസ്.ആർ.ടി.സി ബസുകളിൽ തൊഴിലാളികളെ എത്തിച്ചാണ് ഇന്ന് വൈകുന്നേരം 3.45നു പുറപ്പെട്ട ട്രെയിനിൽ യാത്രയാക്കിയത്. കോട്ടയം-128, ചങ്ങനാശേരി-68, വൈക്കം-33, മീനച്ചിൽ-182,കാഞ്ഞിരപ്പള്ളി-199 എന്നിങ്ങനെയാണ് മടങ്ങിയ തൊഴിലാളികളുടെ താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്ക്.
ജില്ലാ പോലീസ് മേധാവി ജി. ജയദേവ്, ആർ.ഡി.ഒ ജോളി ജോസഫ്, ഡെപ്യൂട്ടി കളക്ടർമാരായ മോൻസി അലക്സാണ്ടർ, ജിയോ ടി. മനോജ്, തഹസിൽദാർമാർ തുടങ്ങിയവർ നടപടികൾക്ക് നേതൃത്വം നൽകി. ഇതോടെ ജില്ലയിൽനിന്ന് ഇതുവരെ മടങ്ങിയ അതിഥി തൊഴിലാളികളുടെ എണ്ണം 4557 ആയി.
പശ്ചിമ ബംഗാളിലെ ബെർഹാംപോർ കോർട്ട് റെയിൽവേ സ്റ്റേഷനിലേക്ക് നാളെ(മെയ് 29) വൈകുന്നേരം കോട്ടയത്തുനിന്ന് പുറപ്പെടുന്ന ട്രെയിനിൽ 1464 പേർ മടങ്ങും.

## ഹോമിയോപ്പതി ക്ലിനിക്ക് പര്യടനം തുടങ്ങി



**കോട്ടയം:** പകർച്ച വ്യാധികൾക്കെതിരെ ഹോമിയോപ്പതി വകുപ്പും കോട്ടയം ജില്ലാ പഞ്ചായത്തും ചേർന്ന് നടപ്പാക്കുന്ന ദൗത്യം പദ്ധതിയുടെ ഭാഗമായി സഞ്ചരിക്കുന്ന ഹോമിയോപ്പതി ക്ലിനിക്ക് ജില്ലയിൽ പര്യടനം തുടങ്ങി. ഹോമിയോപ്പതി ചികിത്സാ സൗകര്യങ്ങൾ ഡെങ്കിപ്പനി, എലിപ്പനി എന്നിവ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പഞ്ചായത്തുകളിലാണ് ആദ്യ ഘട്ടത്തിൽ നടപ്പാക്കുക.
ചൊവ്വ, വ്യാഴം ദിവസങ്ങളിൽ രാവിലെ പത്തു മുതൽ ഉച്ചക്ക് രണ്ടു വരെ പഞ്ചായത്ത് തല ഹോമിയോ ഡിസ്പെൻസറികൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം. 10 വയസിൽ താഴെയുള്ള കുട്ടികൾക്കും 60 ന് മുകളിൽ പ്രായമുള്ളവർക്കും മുൻഗണനയുണ്ട്. പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.സെബാസ്റ്റ്യൻ കുളത്തുങ്കൽ നിർവ്വഹിച്ചു. വാഹനത്തിന്റെ ആദ്യ പര്യടനം അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു. തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലേക്കാണ് വാഹനം അയച്ചത്.

# പ്രാദേശിക വാർത്തകൾ

# ഇടുക്കി

## ദുരന്ത പ്രതികരണ സേനക്കുള്ള പരിശീലന പരിപാടി



**ഇടുക്കി:** ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ 52 ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള ദുരന്ത പ്രതികരണ സേനക്കുള്ള പരിശീലന പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം കാമാക്ഷി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ജില്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എസ്.റ്റി അഗസ്റ്റിൻ നിർവ്വഹിച്ചു. കാമാക്ഷി പഞ്ചായത്ത് പ്രസിഡന്റ് ജോയി തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ പഞ്ചായത്ത് സെക്രട്ടറി ഹാരിസ്ഖാൻ എം സ്വാഗതം പറഞ്ഞു. ദുരന്തനിവാരണ പദ്ധതിയുടെ വിശദീകരണം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.വി കുര്യാക്കോസും പരിശീല പരിപാടിയുടെ വിശദീകരണം ഫയർ ആന്റ് റെസ്ക്യൂ ജില്ലാ ഓഫീസർ റെജി വി കുര്യാക്കോസും നിർവ്വഹിച്ചു. ലീഡിംഗ് ഫയർമാൻ ബിജു പി ജേക്കബ്, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കെ.വി ജോയി, ഫയർമാൻ വിനീഷ് റ്റി.റ്റി എന്നിവർ കാമാക്ഷി, മരിയാപുരം പഞ്ചായത്തുകളിലെ 40 സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലന ക്ലാസുകൾക്ക് നേതൃത്വം നൽകി. ആദ്യഘട്ടത്തിൽ ഇടുക്കി ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലെയും ദുരന്തപ്രതികരണ സേനക്ക് രണ്ട് പഞ്ചായത്തുകളുടെ 40 അംഗങ്ങളുള്ള ഗ്രൂപ്പുകളാക്കി 27 പഞ്ചായത്തുകളിലായി മെയ് 28, 30 ജൂൺ 1, 3 തീയതികളിൽ ഇപ്രകാരമുള്ള പരിശീലന പരിപാടി നടത്തുമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

# മഴക്കാല മുന്നൊരുക്കങ്ങൾ ഊർജിതമാക്കും അപകട സാധ്യത ഇടങ്ങളിലുള്ളവരെ മാറ്റിപ്പാർപ്പിക്കും



*ജില്ലാ ദുരന്ത പ്രതികരണ സേനക്കുള്ള പരിശീലന പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ജില്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എസ്.റ്റി അഗസ്റ്റിൻ നിർവ്വഹിക്കുന്നു.*

**ഇടുക്കി:**മഴക്കാലത്തിനു മുന്നോടിയായി ദുരന്തനിവാരണ- കരുതൽ നടപടികൾ ഊർജിതമാക്കും. ഇതു സംബന്ധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ എച്ച്. ദിനേശൻ ജില്ലയിലെ തഹസിൽദാർമാരുമായി നടത്തിയ വീഡിയോ കോൺഫറൻസിംഗിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിലയിരുത്തി. ഇക്കുറിയും വലിയ മഴ പ്രതീക്ഷിച്ചുകൊണ്ടുള്ള മുന്നൊരുക്കങ്ങളാണ് സ്വീകരിക്കുന്നത്. അണക്കെട്ടുകളിൽ കഴിഞ്ഞവർഷത്തേക്കാൾ പത്തുശതമാനം വെള്ളം കൂടുതലുണ്ട്. ഇടുക്കിയിൽ പ്രത്യേകിച്ചും. മുൻകരുതലെന്ന നിലയിൽ ഡാമുകൾ തുറന്നുവിടേണ്ടി വരുകയാണെങ്കിൽ ഒഴിപ്പിക്കേണ്ടവരുടെ പട്ടിക തയാറാക്കി വരുകയാണ്. പ്രശ്നബാധിത വില്ലേജുകളെ വേർതിരിച്ചുള്ള പട്ടികയാണ് തയാറാക്കുന്നതെന്ന് ജില്ലാ കളക്ടർ പറഞ്ഞു. മാറ്റിപ്പാർപ്പിക്കുന്നവർക്കായി ക്യാമ്പുകൾ തുറക്കുന്നതിന് ഇടങ്ങളും കണ്ടെത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായമായവർ, രോഗലക്ഷണങ്ങളുള്ളവർ, പൊതുവിഭാഗം, വീടു നഷ്ടപ്പെടുന്നവർ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെടുന്നവരെ താമസിപ്പിക്കേണ്ടിവരും. പഞ്ചായത്ത്തലത്തിൽ കൂടുതൽ താമസസൗകര്യങ്ങൾ ഇതിനായി വേണ്ടിവരും. ഇതു സംബന്ധിച്ചു ആലോചിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും യോഗം അടുത്തദിവസം ചേരും.
പ്രളയം കൂടാതെ മണ്ണിടിച്ചിൽ ഭീഷണിയിൽ കഴിയുന്നവർ, വലിയകല്ലുകളുടെ ഭീഷണി ഉള്ളവർ, വീടുകൾ നിർമാണം പൂർത്തിയാകാത്തവർ, ഭൗമശാസ്ത്ര വിഭാഗത്തിന്റെ പട്ടികയിലുള്ളവർ തുടങ്ങിയവരെയും മാറ്റിപ്പാർപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ തഹസിൽദാർമാർക്ക് നിർദേശം നൽകി. ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ താലൂക്ക് ഏകോപന ചുമതല തഹസിൽദാർക്കാണ്. അഞ്ച് താലൂക്കുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമായിക്കൊണ്ടിരിക്കുകയാണ്.
കഴിഞ്ഞ മഴക്കാലത്ത് തകർന്നുപോയ 2058 വീടുകളിൽ 1853 വീടുകളും പൂർത്തിയായിക്കഴിഞ്ഞു. സാങ്കേതികകാരണങ്ങളാലാണ് ബാക്കിയുള്ള വീടുകളുടെ നിർമാണം വൈകുന്നത്. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി രൂപം നൽകിയിട്ടുള്ള സന്നദ്ധ പ്രവർത്തകർക്ക് അഗ്നിശമന- രക്ഷാ സേനയുടെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിന് മണ്ണുമാന്തി യന്ത്രങ്ങൾ ഉൾപ്പെടെ വാഹനങ്ങളും ഉപകരണങ്ങളും മറ്റും പൊലീസിന്റെ സഹായത്തോടെ തയാറാക്കിവയ്ക്കാൻ ജില്ലാ കളക്ടർ നിർദേശം നൽകി.

## അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരഭിച്ചു

**അയ്യപ്പൻകോവിൽ:** അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി.
ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എ.എൽ.ബാബു ശുചീകരണ പരിപാടി ഉദ്ഘാടനം ചെയ്തു. കോവിഡ്- 19 ന്റെ പശ്ചാത്തലത്തിൽ വാർഡ് സാനിറ്റേഷൻ കമ്മറ്റികളുടെ മേൽനോട്ടത്തിലാണ് ശുചീകരണം. സാമൂഹിക അകലം പാലിച്ച് മാസ്കും കൈയ്യുറയും ധരിച്ചാണ് ശുചീകരണ പ്രവർത്തനം നടത്തുന്നത്.
ടൗൺ, വീടുകൾ, പൊതു സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, കിണറുകൾ, തോടുകൾ, ജലസ്രോതസുകൾ എന്നിങ്ങനെ എല്ലാ മേഖലകളും ശുചീകരിക്കും. ശുചീകരണ ഭാഗമായി എല്ലായിടത്തും ക്ലോറിനേഷൻ നടത്തി. ഗ്രാമ പഞ്ചായത്തംഗങ്ങൾ, ആരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, തൊഴിലുറപ്പംഗങ്ങൾ തുടങ്ങിയവർ ശുചീകരണത്തിൽ പങ്കാളികളായി.



## എത്തിയത് മൂന്നു പ്രവാസികൾ

**ഇടുക്കി:** ജില്ലയിൽ ഇന്നലെ വിദേശത്ത് നിന്ന് എത്തിയത് രണ്ടു വനിതകൾ ഉൾപ്പെടെ മൂന്നു മലയാളികൾ. ഇവർ ദുബായിൽ നിന്നാണ് നാട്ടിലെത്തിയത്. രണ്ടുപേർ തൊടുപുഴ സ്വദേശികളും ഒരാൾ വാഗമൺ സ്വദേശിയുമാണ്.
പ്രത്യേകിച്ച് അസുഖലക്ഷണങ്ങളൊന്നും ഇല്ലാത്തതിനാൽ മൂവരെയും ഹോം ക്വാറന്റെനിൽ വിട്ടു.

## സുഭിക്ഷ കേരളം: ഏഴുലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യും

**ഇടുക്കി:** സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ കീഴിൽ ജില്ലയിൽ ഘട്ടംഘട്ടമായി ഏഴുലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് കളമൊരുങ്ങുന്നു. ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് തൈ വിതരണത്തിനു തുടക്കമിടാൻ ജില്ലാ കളക്ടർ എച്ച്. ദിനേശന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗം തീരുമാനിച്ചു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, വനംവകുപ്പ്, സന്നദ്ധ പ്രവർത്തകർ എന്നിവയുടെ സഹകരണത്തോടെയാണ് ഫലവൃക്ഷത്തൈ വിതരണപദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്താകെ ഒരുകോടി തൈകളാണ് അടുത്ത സെപ്റ്റംബർ വരെയുള്ള കാലയളവിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇതിന്റ ഭാഗമായി ഒരു പഞ്ചായത്തിൽ 10000 ഫലവൃക്ഷത്തൈകൾ എങ്കിലും വിതരണം ചെയ്യും. പ്രധാനമായും 21 ഇനം ഫലവൃക്ഷത്തൈകളാണ് വിതരണത്തിന് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ ജില്ലയിൽ 8610 തൈകളാണ് വിതരണത്തിന് ഒരുക്കിയിരിക്കുന്നതെന്ന് ജില്ലാ കളക്ടർ പറഞ്ഞു. തൈകൾ വനംവകുപ്പിന്റെ ഉൾപ്പെടെ വിവിധ നഴ്സറികളിൽ തയാറായി വരുന്നു. യോഗത്തിൽ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ബാബു ടി. ജോർജ്, വിഎഫ്പിസികെ ജില്ലാ ഓഫീസർ വി. ബിന്ദു, മറ്റ് വകുപ്പു പ്രതിനിധികളായ സാജു സെബാസ്റ്റ്യൻ, ജോർജ് സെബാസ്റ്റ്യൻ, സാബി വർഗീസ്, അരുൺ രാജ് തുടങ്ങിയവർ പങ്കെടുത്തു.

## ആയുർ സ്പർശത്തിലൂടെ എല്ലാ വീടുകളും അണുവിമുക്തമാക്കി



*ആയുർ സ്പർശം പദ്ധതിയുടെ ഭാഗമായി അപരാജിത ചൂർണ്ണം പുകയ്ക്കലിന്റെ ഉദ്ഘാടനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷീബാ സുരേഷ് നിർവ്വഹിക്കുന്നു*


**കുമളി:** ആയുർ സ്പർശം പരിപാടിയിലൂടെ കുമളി ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളും ഒരേ സമയം ആയുർവേദ മരുന്ന് പുകച്ച് അണുവിമുക്തമാക്കി. കുമളി ഗ്രാമപഞ്ചായത്തും ഭാരതീയ ചികിത്സാ വകുപ്പും ചേർന്ന് എഎംഎഐ സഹകരണത്തോടെയാണ് ആയുർ സ്പർശം പരിപാടി നടപ്പാക്കിയത്. ഔഷധക്കൂട്ടുകൾ പൊടിച്ച് തയ്യാറാക്കിയ അപരാജിത ധൂമചൂർണ്ണം ഉപയോഗിച്ച് എല്ലാ വീടുകളിലും വൈകിട്ട് ആറുമണിക്ക് ഒരേ സമയത്ത് പുകച്ചാണ് വീടും പരിസരവും ഒപ്പം അന്തരീക്ഷവും അണുവിമുക്തമാക്കിയത്. പഞ്ചായത്തുതല ഉത്ഘാടനം 15ാം വാർഡ് അട്ടപ്പള്ളം ലക്ഷം വീട്ടിൽ പഞ്ചായത്ത് പ്രസിഡന്റ് ഷീബാ സുരേഷ് ഉദ്ഘാടനം ചെയ്തു.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ

രാഹുകാലം : 10.30 to 12.00 am
ഗുളികകാലം : 07.00 to 09.00 am
യമകണ്ടകകാലം : 03.00 to 04.30 am
സുഹർ: 12.11 അസർ: 3.31 മഗ്‌രിബ്: 6.00
ഇശാഅ്: 7.13 സുബ്ഹി: 5.09 ഉദയം: 6.22

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



സ്വയം കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗം മറ്റുള്ളവരുടെ സേവനത്തിൽ സ്വയം നഷ്ടപ്പെടുക എന്നതാണ്.

മഹാത്മാ ഗാന്ധി

## മനുഷ്യനിർമ്മിത പ്രളയം ഇനി ആവർത്തിക്കുമോ?

ഡാമുകളിലെ ജലനിരപ്പ ക്രമാതീതമായി ഉയരുന്നതിനാൽ ജനങ്ങൾക്കിടയിലുള്ള ആശങ്കയെപറ്റി ചർച്ചചെയ്യാൻ കേരള ഹൈക്കോടതി സ്വമേധയാ കേസെടുത്തു. ഒരിക്കലും ഇല്ലാത്ത രീതിയിൽ കേരളത്തിന്റ ഡാമുകളിൽ ജല നിരപ്പ് ഉയർന്നന്നതിന്റെ വെളിച്ചത്തിലാണ് ഹൈക്കോടതി സ്വമേധയാ കേസെടുത്തത്. 2018,19ലും ഉണ്ടായ മഹാ പ്രളയങ്ങളിലെ നാശനഷ്ടങ്ങളാണ് ജനങ്ങളിൽ ഭീതി പരത്തുന്നത്. സർക്കാർ അനങ്ങാപാറനയം സ്വീകരിച്ചതിനാൽ വേണ്ട നടപടികൾ സ്വീകരിക്കാത്തതാണ് ജനത്തിന്റെ ആശങ്കയ്ക്ക് കാരണം . ഈ ആശങ്കയുടെ പിന്നാമ്പുറകഥകൾ നമുക്ക് ഒന്ന് പരിശോധിക്കാം


പ്രളയങ്ങളുടെ കാരണങ്ങളും പരിഹാരങ്ങളും ചർച്ചചെയ്യാനായി ഇ. ശ്രീധരന്റെ നേതൃത്വത്തിൽ ഹൈക്കോടതിയിൽ സമർപ്പിച്ച പൊതു താല്പര്യ ഹർജിയെ തുടർന്ന് 2019 ൽ അഡ്വ. ജേക്കബ്ബ് .പി അലക്സിനെ അമിക്കസ് ക്യൂറിയായി ഹൈക്കോടതി നിയമിച്ചിരുന്നു. പ്രളയം മനുഷ്യനിർമ്മിതം എന്ന് പറഞ്ഞ് കൊണ്ടാണ് അമിക്കസ് ക്യൂറി നീണ്ട റിപ്പോർട്ട് സമർപ്പിച്ചത്. ആ റിപ്പോർട്ടിന് എന്ത് പറ്റി? അഡ്വ. ശാസ്ത്രീയവശം അറിയാമോ എന്ന് ചോദിച്ച് സർക്കാർ ആ റിപ്പോർട്ട് പുച്ഛിച്ച് തള്ളിയിരുന്നു. ഇതാ ഈ വർഷം വീണ്ടും വൻ പ്രളയം ഉണ്ടാകുമെന്ന് കാലാവസ്ഥാ പ്രവചനം വന്നിരിക്കുന്നു, ആസൂത്രണത്തിലെ പിഴവ് വീണ്ടും ഉണ്ടെന്നാരോപണം ഇത്തവണയും ഉണ്ടാകുമോ ? അനധികൃതനിർമ്മാണവും , കൈയ്യേറ്റങ്ങളും, കരിക്കൽ ഖനനവും, വനനശീകരണവും, അംബരചുംബികളായ കോൺക്രീറ്റ് കെട്ടിടങ്ങളും എല്ലാം കേരളത്തിന്റെ മണ്ണിലെ തനത് സ്വഭാവത്തെ തകിടം മറിച്ചു. പുഴയോരങ്ങളിലും കായൽകരകളിലും വ്യാപകമായ കൈയ്യേറ്റങ്ങൾ ഉണ്ടായി. തൃശൂർ എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസർമാർ നടത്തിയ പഠനപ്രകാരം നൂറ് വർഷത്തേയ്ക്കുള്ള വെള്ളപൊക്കത്തെ അതിജീവിക്കാവുന്ന വിധത്തിലായിരുന്നു കൊച്ചി മെട്രോ യാഡിന്റെ നിർമ്മാണം. പക്ഷെ ആറ് വർഷത്തിനകം യാഡ് വെള്ളത്തിനടിയിലായി. ഇതേക്കുറിച്ച് വീണ്ടും പഠനം നടന്നു. പെരിയാർ തീരത്തെ കൈയ്യേറ്റങ്ങൾക്കിടയിലൂടെ മഴവെള്ളത്തിന് ഒഴുകിപോകാൻ ഇടമില്ലെന്ന് റിപ്പോർട്ട് വന്നു, അതോടെ മെട്രോ യാഡ് വെള്ളത്തിലായി.

> **ഒരിക്കലും ഇല്ലാത്ത രീതിയിൽ കേരളത്തിന്റ ഡാമുകളിൽ ജല നിരപ്പ് ഉയർന്നന്നതിന്റെ വെളിച്ചത്തിലാണ് ഹൈക്കോടതി സ്വമേധയാ കേസെടുത്തത്. സർക്കാർ അനങ്ങാപാറനയം സ്വീകരിച്ചതിനാൽ വേണ്ട നടപടികൾ സ്വീകരിക്കാത്തതാണ് ജനത്തിന്റെ ആശങ്കയ്ക്ക് കാരണം**

കടലിലേയ്ക്കുള്ള ജലപ്രവാഹം വേണ്ട വിധത്തിൽ അല്ലെന്നാണ് ഡിഎംആർസി യുടെ മുഖ്യ ഉദേഷ്ടാവ് ഇ. ശ്രീധരൻ പറയുന്നു, അഴിമുഖത്ത് ഒന്നരകിലോ മീറ്റർ വീതിയുള്ള ഭാരതപുഴയുടേയും നല്ല ജലപ്രവാഹമുള്ള തിരൂർ പുഴയുടേയും വെള്ളം കടലിലേയ്ക്ക് ഒഴുകേണ്ട തോടിന് വീതി വളരെ കുറവായതാണ് അവിടെ വെള്ളപൊക്കം ഉണ്ടായതിന്റെ പ്രധാനകാരണം എന്ന് ചൂണ്ടികാണിക്കുന്നു. അനധികൃതപാറഖനനം മുതൽ മലകളെ മുറിച്ച റോഡ് നിർമ്മാണംവരെ ഭൂമിയെ ബാധിക്കുന്നുണ്ട്. പ്രകൃതി ചൂഷണത്തിന്റെ തോത് വളരെ കൂടിയിരിക്കുന്നു. ഇതൊക്കെ ഭൂമിയെ തളർത്തി. ഈ മാറ്റത്തെക്കുറിച്ച് പഠനം അനിവാര്യമാണ്. നമ്മുടെ ഇന്നത്തെ സംവിധാനത്തിന്റെ അലകും പിടിയും മാറണം . കേരളത്തിൽ ഉണ്ടാകുന്ന വെള്ളപൊക്കകാരണം കണ്ട് പിടിക്കാൻ അഖിലേന്ത്യ തലത്തിലുള്ള ശാസ്ത്രജ്ഞരെ ഉൽപ്പെടുത്തിയ വിദഗ്ദ്ധസംഘത്തെ നിയോഗിക്കണം. ഒരു പ്രളയം ഉണ്ടായാൽ സർക്കാർ വകുപ്പുകളുടെതാളം തെറ്റും.പണം ഇല്ലായ്മയും ,നിർമ്മാണത്തിന് കുഴപ്പം സൃഷ്ടിക്കും. ഇത് ഉദ്യോഗസ്ഥന്മാരുടെ ആത്മവിശ്വാസം തകർക്കും. ഭരിക്കുന്ന കകക്ഷികളുടെ ദാർഷ്ട്യം ഉദ്യോഗസ്ഥരെ വിഷമിപ്പിക്കും. ചുരുക്കി പറഞ്ഞാൽ രാഷ്ട്രീയ തീരുമാനത്തിന് തലസ്ഥാനത്തേയ്ക്ക് കാതോർക്കണം. ഇതെല്ലാം ഉദ്യോഗസ്ഥന്മാരെ കുഴപ്പത്തിലാക്കും. ഭാരതപ്പുഴിലെ വെള്ളിയാങ്കൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ 27 ഷട്ടറുകൾ കഴിഞ്ഞ പ്രളയത്തിൽ തുറക്കാൻ കഴിയാതെ വന്നതോടെ പട്ടാമ്പി , തൃത്താല പ്രദേശങ്ങൾ പലതവണ വെള്ളത്തിനടിയിലായി. ഈ ബ്രിഡ്ജിന്റെ ഏപ്രആൺ നന്നാക്കാൻ 20 കോടിരൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എന്ന് കേട്ട് കേട്ട് ജനത്തിന്റെ ചെവിതഴമ്പിച്ചു.

മിടുക്കരായ ഉദ്യോഗസഥർ ഉണ്ട് . പക്ഷെ അവർക്കൊക്കെ ഭരിക്കുന്ന രാഷ്ട്രീയ പാർട്ടികൾ പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കുന്നു. ഡാം തുറക്കമെങ്കിൽ തലസ്ഥാനത്ത് നിന്ന് ഭരണരാഷ്ട്രീയ ഏമാൻമാരുടെ ഉത്തരവ് കാക്കേണ്ടി വരും ദുരന്തങ്ങൾ വരുമ്പോൾ മാത്രം എന്തെങ്കിലും ചെയ്ത് കൂട്ടും. ഫണ്ടില്ലായ്മയാണ് ഏറ്റവും വലിയ പ്രശ്നം. കേരളത്തിലെ 44 നദികളും, ചെറുതും വലുതുമായ ഒന്നരഡസനിലധികം അണക്കെട്ടുകളും , മണലും, മാലിന്യങ്ങളും നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ട് കിടക്കുന്നു. അത് നീക്കാൻ ഒടുവിൽ ഏതാനും ദിവസം മുമ്പ് 11.37 കോടി രൂപ അനുവദിച്ചു. പക്ഷെ അത് കതിരിൽ വളം വെയ്ക്കുന്നത് പോലെയായി . പത്ത് ദിവസം കൊണ്ട് എന്ത് ചെയ്യാനാകും? കേരളത്തിലെ ഒരു പുഴപോലും സംരക്ഷിക്കപെടുന്നില്ല. പെരിയാർ, ചാലിയാർ, ഭാരതപ്പുഴ, മൂവാറ്റ് പുഴയാർ, പമ്പയാറും , മണിമലയാറും തുടങ്ങി ആരുകളും തോടുകളും , കായലുകളും ഒക്കെ സംരക്ഷിക്കേണ്ടതുണ്ട്. പക്ഷെ അത് ഒന്നും ചെയ്യുന്നില്ല. ഭൂകമ്പം എന്ന ദുരന്തത്തെ കാണാനും ആസൂത്രിതർക്ക് കഴിയണം. ഇതിനെല്ലാം ചട്ടങ്ങളും പദ്ധതികളും വേണം ഇടുക്കി ഉൾപ്പെടെയുള്ള പലഡാമുകളുടേയും ഭൂകമ്പമാപിനികൾ പ്രവർത്തനരഹിതമായത് രണ്ട് മുതൽ പത്ത് വരെ വർഷങ്ങൾ കഴിഞ്ഞു. ഇതൊക്കെ പരിഹരിക്കാത്തത് എന്ത് കൊണ്ട്?

ദുരന്ത കാരണങ്ങൾ പരിഹരിക്കാൻ സർക്കാരും സംവിധാനങ്ങളും ഉണർന്ന് പ്രവർത്തിക്കണം . തീരുമാനങ്ങൾ എടുക്കാനുള്ള കാലതാമസവും, നിസ്സംഗതയും വലിയ ദുരന്തങ്ങളാണ് . ചുവപ്പ് നാട മറ്റ് ഒരു തലവേദന.ഏകോപനത്തോട് കൂടി സർക്കാരും ഉദ്യോഗസ്ഥന്മാരും ഉണർന്ന് പ്രവ്രർത്തിച്ചില്ലെങ്കിൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ ഉണ്ടാകുന്ന പ്രളയം വൻ ദുരന്തവും ആൾ നാശവും ഉണ്ടാക്കിയേക്കാം.



# യാത്ര പറയാതെ...

ആരോടും യാത്ര പറയാതെയാണ് മാധ്യമരംഗത്തെ ഈ അതികായൻ ഇന്നലെ വിടവാങ്ങിയത് നവംബർ 31 നാണ് മകനായ ശ്രേംയംസ് കുമാറിന്റെ പുസ്തകചടങ്ങിൽ പങ്കെടുത്തത്. 'യാത്ര പറയാതെ' എന്നാണ് ആ പുസ്തകത്തിന്റെ പേരും. അത് പോലെ തന്നെ ഇന്ന് രാവിലെ വരെ വളരെ സജീവമായി പലരോടും നാളെ കാണാം എന്ന് പറഞ്ഞ് ആരോടും യാത്രചോദിക്കാതെ എം.പി വീരേന്ദ്രകുമാറെന്ന യാത്രാ കൗതുകി യാത്രയാവുകയാണ്.

കേരള രാഷ്ട്രീയ ചരിത്രത്തിലും മാധ്യമചരിത്രത്തിലും അവഗണിക്കാനാവാത്ത പേരാണ് എംപി വീരേന്ദ്രകുമാർ. മികച്ച പ്രഭാഷകർ എന്ന നിലയിലും എഴുത്തുകാർ എന്ന നിലയിലും മുദ്ര പതിപ്പിച്ച രാഷ്ട്രീയ നേതാക്കൾ ധാരാളമുണ്ട്. കക്ഷി രാഷ്ട്രീയം, മാധ്യമ ഉടമസ്ഥത, എഴുത്ത്, സാംസ്കാരിക പ്രവർത്തനങ്ങൾ ഇതിലെല്ലാം ഒരേസമയം സജീവമായി നിന്ന നേതാക്കൾ കുറവായിരിക്കും.

കേരള ചരിത്രത്തിൽ ഏറ്റവും കുറവ് സമയം മന്ത്രിയായിരുന്ന വ്യക്തിയെന്ന റെക്കോഡ് വീരേന്ദ്രകുമാറിന് അവകാശപ്പെട്ടതാണ്. 1987ൽ ഇകെ നായനാരുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന എൽഡിഎഫ് മന്ത്രിസഭയിൽ കുറച്ച് സമയത്തേയ്ക്ക് മന്ത്രിയായിരുന്നു . ഗതാഗത, വനം വകുപ്പുകളാണ് കിട്ടിയത്. എന്നാൽ സത്യപ്രതിജ്ഞ ചെയ്ത് രണ്ട് ദിവസം കഴിഞ്ഞപ്പോൾ ജനതാ പാർട്ടിയിലെ ആഭ്യന്തര പ്രശ്നങ്ങളെ തുടർന്ന് അദ്ദേഹം രാജി വച്ചു. 1996ലും 2004ലും കോഴിക്കോട് നിന്ന് ലോക്സഭയിലെത്തി. 96ൽ കേന്ദ്രമന്ത്രിയായി.1970കൾ മുതൽ കേരളത്തിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൻറെ പ്രധാന നേതാക്കളിൽ ഒരാളാണ് എംപി വീരേന്ദ്ര കുമാർ.

കേരളത്തിലെ ഒരേയൊരു സോഷ്യലിസ്റ്റ് കക്ഷിരാഷ്ട്രീയ ബുദ്ധിജീവി....

പറഞ്ഞാൽ തീരാത്ത മേഖലകളിൽവിരാജിച്ചുനിന്ന വ്യക്തിത്വമായിരുന്നു ഈ വയനാട്ടുകാരൻേറത് സംസ്ഥാന മന്ത്രിയും കേന്ദ്ര മന്ത്രിയും എം.എൽ.എയും എം.പിയുമൊക്കെയായി മികവു കാട്ടിയ അദ്ദേഹം രാജ്യസഭാ എം.പിയായിരിക്കേയാണ് 84ാം വയസ്സിൽ ജീവിതത്തോടു വിടപറഞ്ഞത്.

സ്കൂൾ വിദ്യാർഥിയായിരുന്ന കാലത്ത് സോഷ്യലിസ്റ്റ് പാർട്ടി നേതാവ് ജയപ്രകാശ് നാരായൺ ആണ് പാർട്ടിയിൽ അംഗത്വം നൽകിയത്. അടിയന്തരാവസ്ഥക്കാലത്ത് സ്വത്തുക്കൾ കണ്ടുകെട്ടുകയും ജയിൽവാസമനുഭവിക്കുകയും ചെയ്തു.

മാതൃഭൂമി പ്രിൻറിങ് ആൻഡ് പബ്ലിഷിങ് കമ്പനിയുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമാണ്. ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ, പി.ടി.ഐ ഡയറക്ടർ, പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ ട്രസ്റ്റി, ഇൻറർ നാഷനൽ പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് മെമ്പർ, കോമൺവെൽത്ത് പ്രസ് യൂനിയൻ അംഗം, വേൾഡ് അസോസിയേഷൻ ഓഫ് ന്യൂസ്പേപ്പേഴ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ എന്നിങ്ങനെ നിരവധി സ്ഥാനങ്ങൾ...

കേരള സാഹിത്യ അക്കാദമിയുടെ സി.ബി കുമാർ എൻഡോവ്മെൻറ് അവാർഡ്, മഹാകവി ജി സ്മാരക അവാർഡ്, ഓടക്കുഴൽ അവാർഡ്, കെ.വി. ഡാനിയൽ അവാർഡ്, മൂർത്തിദേവി പുരസ്കാരം, അബൂദബി ശക്തി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ബാലാമണിയമ്മ പുരസ്കാരം, ഏറ്റവും മികച്ച യാത്രാവിവരണ കൃതിക്കുള്ള പ്രഥമ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി ഫെലോഷിപ്പ്, ഗാന്ധിസ്മൃതി പുരസ്കാരം തുടങ്ങി 80ലേറെ അംഗീകാരങ്ങൾക്ക് വീരേന്ദ്രകുമാർ അർഹനായി.

സമന്വയത്തിൻെറ വസന്തം, ബുദ്ധൻെറ ചിരി, ഗാട്ടും കാണാച്ചരടുകളും, രാമന്റെ ദുഃഖം, ആത്മാവിലേക്ക് ഒരു തീർഥയാത്ര, പ്രതിഭയുടെ വേരുകൾ തേടി, ചങ്ങമ്പുഴ: വിധിയുടെ വേട്ടമൃഗം, തിരിഞ്ഞുനോക്കുമ്പോൾ, ആമസോണും കുറെ വ്യാകുലതകളും, ലോകവ്യാപാര സംഘടനയും ഊരാക്കുടുക്കുകളും (പ്രൊഫ. പി.എ വാസുദേവനുമായി ചേർന്ന്), രോഷത്തിന്റെ വിത്തുകൾ, അധിനിവേശത്തിൻെറ അടിയൊഴുക്കുകൾ, സ്മൃതിചിത്രങ്ങൾ, എം.പി. വീരേന്ദ്രകുമാറിൻെറ കൃതികൾ (2 വോള്യം), ഹൈമവതഭൂവിൽ, വേണം നിതാന്ത ജാഗ്രത, ഡാന്യൂബ് സാക്ഷി, വിചിന്തനങ്ങൾ സ്മരണകൾ എന്നിങ്ങനെ ചിന്തോദ്ദീപകമായ നിരവധി ഗ്രന്ഥങ്ങളും...

# ഇന്ത്യയുടെ അവകാശങ്ങളെ ആരും ചോദ്യം ചെയ്യേണ്ട

## അതിർത്തിയിൽ ചൈനയ്ക്കെതിരെ ശക്തമായ ചെറുത്തുനിൽപ്പുമായി ഇന്ത്യ, അവസരം മുതലാക്കി പാകിസ്ഥാൻ

ഇന്ത്യയ്ക്കുമേലുള്ള ചൈനയുടെ അധിനിവേശ ശ്രമങ്ങൾക്കിടെ അവസരം മുതലാക്കി പാകിസ്ഥാനും. ചൈനയുടെ നടപടികൾക്ക് സമാനമായി ഇന്ത്യൻ അതിർത്തിക്കടുത്തുള്ള പ്രദേശമായ ഗിൽജിത്ത് ബാൾട്ടിസ്ഥാനിലാണ് പാകിസ്ഥാൻ സൈനിക വിന്യാസം നടത്തിയത്. ഇന്ത്യയുടേതായ ഗിൽജിത്ത് ബാൾട്ടിസ്ഥാൻ അനധികൃതമായാണ് പാകിസ്ഥാൻ കൈവശം വച്ചിരിക്കുന്നത്.

അതേസമയം ലഡാക്കിലെ ഗാൽവാൻ താഴ്വരയിലും പാൻഗോംഗ് സോ തടാകത്തിനടുത്തുമായി ഇന്ത്യൻ സൈന്യവും ചൈനീസ് പീപ്പിൾസ് ലിബറേഷൻ ആർമിയും തമ്മിൽ നിലനിൽക്കുന്ന സംഘർഷ സാദ്ധ്യതയ്ക്ക് ഇനിയും അയവുണ്ടായിട്ടില്ല. രണ്ടിടങ്ങളിലുമായി ആയിരത്തോളം സൈനികരെയാണ് ചൈന വിന്യസിച്ചിരിക്കുന്നത്. എന്നാൽ ഒട്ടും വിട്ടുകൊടുക്കാതെ ഇന്ത്യയും ഇവിടങ്ങളിലേക്ക് വൻതോതിൽ സൈനികരെ ഇറക്കിയിട്ടുണ്ട്.

'ഇന്ത്യയുടെ അധീനതയിലുള്ള പ്രദേശങ്ങളിൽ പാലങ്ങളും, റോഡുകളും വ്യോമ പാതകളും നിർമിക്കുന്നതിനെ തടയാൻ ആർക്കും അവകാശമില്ല. ഞങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുക തന്നെയാണ്. കിഴക്കൻ ലഡാക്കിലെ നിർമാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനുള്ള ഒരു ഉദ്ദേശവുമില്ല' ഒരു കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ഗാൽവാൻ താഴ്വരയിൽ മൂന്നിടങ്ങളിലും പാൻഗോംഗിൽ ഒരിടത്തുമാണ് ചൈന സൈന്യത്തെ ഇറക്കിയിരിക്കുന്നത്. പ്രധാനമായും കിഴക്കൻ ലഡാക്കിലെ അതിർത്തിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ഇന്ത്യയുടെ ശ്രമങ്ങളെ ചെറുക്കുക എന്നതാണ് ചൈനയുടെ ലക്ഷ്യം.

എന്നാൽ ഈ പ്രദേശങ്ങളിലെ നിർമാണ പ്രവർത്തനങ്ങളിൽ നിന്നും ഇന്ത്യ ഒട്ടും പിന്നോട്ട് പോയിട്ടില്ലെന്ന് പോയിട്ടില്ലെന്ന് മാത്രമല്ല, ഇവിടങ്ങളിലെ സൈനിക സാന്നിദ്ധ്യം ഇന്ത്യ വർദ്ധിപ്പിച്ചിട്ടുമുണ്ട് എന്ന വിവരമാണ് പുറത്തുവരുന്നത്.

മെയ് അഞ്ചിനും ആറിനുമായി ഇന്ത്യയും ചൈനയും തമ്മിൽ ഏറ്റുമുട്ടലുകൾ നടക്കുകയും ഇരുഭാഗത്തുമുള്ള നൂറോളം സൈനികർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. തുടർന്ന് പാൻഗോംഗ് തടാകത്തിനടുത്തായി വ്യോമത്താവളം വിപുലീകരിക്കാൻ ആരംഭിച്ചുകൊണ്ട് ചൈന ഇന്ത്യയ്ക്ക് പ്രകോപനം സൃഷ്ടിച്ചതോടെയാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള സംഘർഷം രൂക്ഷമായത്.

# ചൈനയെ ആഗോളതലത്തിൽ പൂട്ടാൻ ലോകരാജ്യങ്ങൾ

ലോകത്താകമാനം കൊറോണ വൈറസ് വ്യാപിപ്പിച്ച ചൈനയെ ആഗോള തലത്തിൽ ഒറ്റപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് മുന്നിട്ടിറങ്ങി അമേരിക്കയും ഇസ്രയേലും. ചൈനയുടെ എല്ലാ ഉപകരണങ്ങളും നിക്ഷേപങ്ങളും നിരസിക്കുക എന്ന നയമാണ് ഇരു രാജ്യങ്ങളും സ്വീകരിക്കുന്നത്.

ഇതിന്റെ ഭാഗമായി ചൈനീസ് കമ്പനിയിൽ നിന്നുള്ള നിക്ഷേപ ലേലം ഇസ്രയേൽ നിരസിച്ചു. 1.1 ബില്യൺ ഡോളർ വിലമതിക്കുന്ന വാട്ടർ ഡെസ്റ്റിനേഷൻ പ്രൊജക്ടിനു വന്ന ലേലത്തിൽ നിന്നാണ് ഇസ്രയേൽ പിൻമാറിയത്. ഹോം കോങ് കേന്ദ്രീകരിച്ചുള്ള സി.കെ ഹച്ചിസൺ ഹോൾഡിങ്സിന്റെ വാഗ്ദാനമാണ് ഇസ്രയേൽ നിരസിച്ചത്.

മെയ് 14 ന് യു.എസ് സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപിയോ ഇസ്രയേൽ സന്ദർശനം നടത്തിയിരുന്നു. കൊറോണ വ്യാപനത്തിന് ശേഷം ചൈനയുമായുള്ള ഇടപാടുകളെല്ലാം എല്ലാ രാജ്യങ്ങളെയും അപകടത്തിലാക്കുമെന്ന് പോംപിയോ അന്ന് വ്യക്തമാക്കിയിരുന്നു. ഇതിനെ തുടർന്നാണ് ഇരു രാജ്യങ്ങളും ചൈനക്കെതിരെ ഒന്നിച്ച് നീങ്ങാൻ ധാരണയായത്. ആഗോളതലത്തിൽ ചൈനയ്ക്കെതിരെയുള്ള ശക്തമായ നീക്കമാണ് ഇപ്പോൾ നടക്കുന്നത്. അമേരിക്ക നടത്തുന്ന ഈ നീക്കത്തിന് ഇസ്രയേൽ പരസ്യ പിന്തുണയാണ് നൽകിയിരിക്കുന്നത്.

സുരക്ഷാ സാങ്കേതിക വിഷയങ്ങളിൽ ചൈനയെ ഒരുകാരണവശാലും വിശ്വസിക്കരുതെന്ന അമേരിക്കൻ പ്രസ്താവനയ്ക്ക് ഇസ്രായേൽ പിന്തുണ പ്രഖ്യാപിച്ചു.

ബെഞ്ചമിൻ നെതന്യാഹുവിന്റെ നേതൃത്വത്തിൽ സർക്കാർ വീണ്ടും അധികാരത്തിലേറിയതോടെയാണ് ശക്തമായ നയപരിപാടികൾ വേഗത്തിലാക്കുന്നത്. മെയ് 13ന് ബീജിംഗുമായി ഇസ്രായേൽ ഉണ്ടാക്കാനുദ്ദേശിക്കുന്ന പ്രതിരോധ വാണിജ്യ കരാറുകളെപ്പറ്റി പുനർചിന്തനം വേണമെന്ന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപിയോ അഭിപ്രായപ്പെട്ടിരുന്നു. അമേരിക്കയുടെ ചൈനയോടുള്ള നയം ഇസ്രായേൽ ബന്ധത്തിലും കാത്തുസൂക്ഷിക്കുന്നതിന്റെ ഭാഗമായാണ് നെതന്യാഹു ഭരണകൂടത്തിന്റെ പുതിയ നീക്കം.

## പുനർജനി: വീടിന്റെ താക്കോൽ ദാനം നടത്തി

**പറവൂർ:** പുനർജനി പദ്ധതി പ്രകാരം പ്രളയാനന്തര പുനർനിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രളയത്തിൽ വീട് നഷ്ടപ്പെട്ട ചിറ്റാറ്റുകര പഞ്ചായത്തിലെ താന്നിപ്പാടം കണിയാടി വീട്ടിൽ ഓമനയുടെ കുടുംബത്തിന് നിർമിച്ച വീടിന്റെ താക്കോൽ ദാനം വി.ഡി.സതീശൻ എംഎൽഎ നിർവഹിച്ചു. പ്രമുഖ വ്യവസായ ഗ്രൂപ്പായ എം.ഫാർ ഗ്രൂപ്പിന്റെ സാമ്പത്തിക സഹകരണത്തോടെയാണ് വീട് നിർമാണം പൂർത്തീകരിച്ചത് ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് എ.ഐ. നിഷാദ്, എം ഫാർ ഗ്രൂപ്പ് കൺസ്ട്രക്ഷൻ എഞ്ചിനീയർ മരിയാ ദാസ്, പി.ആർ.സൈജൻ, ടി.എ.നവാസ്, പി.എ.ഷംസുദ്ദീൻ, സെയ്ത് തുടങ്ങിയവർ പങ്കെടുത്തു.

## കെയർ ഹോം വീടിന് തറക്കല്ലിട്ടു

**വടക്കേക്കര:** കെയർ ഹോം പദ്ധതിയിൽ വടക്കേക്കര സർവീസ് സഹകരണ ബാങ്ക് നിർമിച്ചു നൽകുന്ന പൂയ്യപ്പിള്ളി മൊത്തംകളത്തിൽ പാർവതിയുടെ വീടിന്റെ തറക്കല്ലിൽ കർമം ലബ്ബാക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് രമശിവശങ്കരൻ നിർവഹിച്ചു.ബാങ്ക് പ്രസിഡന്റ് ആർ.കെ.സന്തോഷ്, വൈസ് പ്രസിഡന്റ് പി.വി.പുരുഷോത്തമൻ ,ടി.എ.രാമൻ, സെക്രട്ടറി ടി.ജി.മിനി എന്നിവർ പങ്കെടുത്തു.

## ഓട്ടോ ഡ്രൈവർമാർക്ക് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു

**പറവൂർ:** എറണാകുളം ജില്ല ഓട്ടോറിക്ഷ ഡ്രൈവേഴ്സ് അസോസിയേഷൻ (സി ഐ ടി യു ) പറവൂർ ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൊഴിലാളികൾക്ക് ഭക്ഷ്യ കിറ്റ് വിതരണം നടത്തി. നന്ത്യാട്ടുകുന്നം ഗാന്ധിസ്മാരക സഹകരണ ബാങ്ക് പ്രസിഡന്റ് സി.എ.രാജീവ് വിതരണോദ്ഘാടനം നിർവഹിച്ചു.പി.കെ. സുരേന്ദ്രൻ, പി.ആർ.പ്രസാദ്, എം.യു.അഷറഫ് എന്നിവർ പങ്കെടുത്തു.

# വർഷങ്ങളുടെ കാത്തിരുപ്പിനൊടുവിൽ
## തങ്കളം–കാക്കനാട് നാലുവരിപാത നിർമ്മാണം പുനരാരംഭിച്ചു




**കോതമംഗലം:** കോതമംഗലത്തിന്റെ സ്വപ്ന പദ്ധതിയായ തങ്കളം കാക്കനാട് നാലുവരിപാത 10 വർഷങ്ങൾക്കു ശേഷം നിർമ്മാണം പുനരാരംഭിച്ചു. മലയോര മേഖലയുടെ കവാടമായ കോതമംഗലത്ത് നിന്ന് ജില്ലാ ആസ്ഥാനമായ കാക്കനാട്ടേക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നതിനുള്ള സ്വപ്ന പദ്ധതിയാണ് 27 കിലോമീറ്റർ ദൂരം വരുന്ന പ്രസ്തുത റോഡ്.

7 കിലോമീറ്റർ ദൂരമാണ് കോതമംഗലം മണ്ഡലത്തിൽ വരുന്നത്. കോതമംഗലം ഉൾപ്പെടെ ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് വലിയ വികസന കുതിപ്പ് പകരുന്ന പദ്ധതിയാണിത്. ഇതിൽ 900 മീറ്റർ ദൂരം വരുന്ന റോഡാണ് 10 വർഷം മുമ്പ് നിർമ്മാണം പൂർത്തീകരിച്ചിരുന്നത്. തങ്കളം ഭാഗത്ത് നിന്നും ആരംഭിക്കുന്ന ആദ്യ റീച്ചിൽ കോതമംഗലം ടൗണിലേക്ക് പ്രവേശിക്കുന്ന ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് തർക്കങ്ങൾ മൂലം പ്രവർത്തി തുടരുവാൻ സാധിച്ചിരുന്നില്ല.

2016 നു ശേഷം ജില്ലാ തലത്തിൽ ഉൾപ്പെടെ നിരവധി തവണ പരാതിക്കാരുമായി ചർച്ച നടത്തിയിരുന്നെങ്കിലും ഭൂമി വിട്ടു നൽകുവാൻ ഉടമകൾ വിമുഖത കാട്ടിയിരുന്നു. പിന്നീട് ആവശ്യമായ തുക കോടതിയിൽ കെട്ടി വച്ച് സ്ഥലം പൂർണ്ണമായും ഏറ്റെടുക്കുകയാണുണ്ടായത്. തുടർന്നുള്ള പ്രവർത്തികൾക്കായി പിണറായി സർക്കാറിന്റെ രണ്ട് ബഡ്ജറ്റുകളിലായി 67 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. തുടർന്നുള്ള നിർമ്മാണത്തിന് മുന്നോടിയായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂഉടമകൾക്ക് നഷ്ടപരിഹാരം നല്കുന്നതിന് വേണ്ടി 20 കോടി രൂപയുടെ അനുമതി ലഭിച്ച് ഉത്തരവായതായും, സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച്, തുക ഉടമകൾക്ക് വേഗത്തിൽ ലഭ്യമാക്കുമെന്നും ആന്റണി ജോൺ എംഎൽഎ പറഞ്ഞു. അവശേഷിക്കുന്ന പ്രവർത്തികൾക്കുള്ള വിശദമായ ഡി പി ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചതായും എംഎൽഎ കൂട്ടിച്ചേർത്തു.

## നീരൊഴുക്ക് ശക്തമാക്കണം: യൂത്ത് കോൺഗ്രസ് വെള്ളത്തിലിറങ്ങി സമരം ചെയ്തു



**പറവൂർ:** പ്രളയാനന്തരം പെരിയാറിലും കൈവഴികളിലും അടിഞ്ഞുകൂടിയ ചെളിയും എക്കലും നീക്കം ചെയ്ത് നീരൊഴുക്ക് ശക്തമാക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് വടക്കേക്കര മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വെള്ളത്തിൽ ഇറങ്ങി സമരം ചെയ്തു. കാലവർഷം ശക്തമാകുന്നതിന് മുമ്പ് യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യണമെന്നാണ് ആവശ്യം. കോൺഗ്രസ് മണ്ഡലം വൈസ് പ്രസിഡന്റ് ദിനേശൻ ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് കെ.ആർ.ശ്രീരാജ് അധ്യക്ഷത വഹിച്ചു.പഞ്ചായത്തംഗം മധു ലാൽ, വിഷ്ണു പി.രഞ്ജിത്ത്, അർജുൻ മദൻ, എം.ടി. കൃഷ്ണകുമാർ, സജയ് പങ്കെടുത്തു.

## റിമാന്റിൽ കഴിയുന്ന എൽ.ജെ.പി ദേശീയ നേതാവ് അറസ്റ്റിൽ



**പെരുമ്പാവൂർ:** ഗൂഢാലോചനക്കേസിൽ റിമാന്റിൽ കഴിയുന്ന എൽ.ജെ.പി ദേശീയ നേതാവായ അനസിനെ മറ്റൊരു കേസിലും അറസ്റ്റ് രേഖപ്പെടുത്തി. 2015ൽ നോർത്ത് പറവൂർ വള്ളിവള്ളിയിൽ മുഹമ്മദ് ഹാരീസ് ആത്മഹത്യ ചെയ്ത കേസിലാണ് പെരുമ്പാവൂർ നെടുംതോട് പുത്തൻപുര വീട്ടിൽ പി.കെ അനസിനെ(35) അറസ്റ്റ് ചെയ്തത്. രാം വിലാൻ പാസ്വാൻ ദേശീയ പ്രസിഡന്റായ ലോക് ജനതാ പാർട്ടിയുടെ യുവജന വിഭാഗം ദേശീയ സെക്രട്ടറിയായി നിയമിതനായ അനസ് ഏറെ വിവാദമായ മംഗലാപുരം ഉണ്ണിക്കുട്ടൻ വധക്കേസ്, ആലുവ കത്തിക്കുത്ത് കേസ്, പുക്കടശേരി റഹിം വധക്കേസ്, ആശുപത്രിയിൽ കിടക്കവെ തോക്ക് കൈവശം വച്ച കേസടക്കം നിരവധി കേസിൽ പ്രതിയാണ്.

## എം എൽ എ യുടെ വിദേശയാത്രയും പുനർജനി പദ്ധതിയും; വ്യക്തമായ മറുപടി വേണമെന്ന് സി പി ഐ

**പറവൂർ:** വി.ഡി.സതീശൻ എംഎൽഎയുടെ വിദേശയാത്രകളെക്കുറിച്ചും പുനർജനി പദ്ധതിയെക്കുറിച്ചും ഉന്നയിച്ച ആരോപണങ്ങൾക്ക് വ്യക്തമായ മറുപടി നൽകാൻ എം എൽ എ തയാറാകണമെന്ന് സി പി ഐ നേതാക്കൾ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു.എംഎൽഎ വിദേശത്തു നിന്നും പിരിച്ച തുകയുടെ കണക്കുകൾ ജനങ്ങളുടെ മുന്നിൽ വെക്കാതെ ഒഴിഞ്ഞു മാറുകയാണെന്ന് അവർ ആരോപിച്ചു.

19 വർഷമായി മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം എൽ എ പുനർജനിക്ക് വേണ്ടി ആരിൽ നിന്നെല്ലാം എത്ര കോടി രൂപ പിരിച്ചുവെന്നതിന് യാതൊരു കണക്കുമില്ല. ഏത് അക്കൗണ്ടിലാണ് പണം നിക്ഷേപിച്ചതെന്ന് പറയുന്നില്ല. ആർക്കൊക്കെ എന്തിന് വേണ്ടി തുക ചെലവഴിച്ചുവെന്നതിനും അർഹതപ്പെട്ടവർക്കാണോ പണം ചെലവഴിച്ചതെന്നതിനും വ്യക്തതയില്ല. പണം നൽകിയ വിദേശ മലയാളികളെ കബളിപ്പിക്കുന്ന സമീപനമാണ് എം എൽ എ സ്വീകരിച്ചതെന്ന് അവർ ആരോപിച്ചു

85 തവണ വിദേശയാത്ര നടത്തിയ എംഎൽഎ കേന്ദ്രാനുമതിയും പൊളിറ്റിക്കൽ ക്ലിയറൻസും വാങ്ങിയാണ് യാത്ര ചെയ്തതെന്ന് പറഞ്ഞ് യാത്രകളെ ന്യായീകരിക്കുകയാണ്. സോഷ്യൽ ഓഡിറ്റ് നടത്തി എം എൽ എ യുടെ കോടികളുടെ ഇടപാട് ജനങ്ങളെ ബോധ്യപ്പെടുത്തണം.പുനർജനിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തണമെന്നും സി പി ഐ പറവൂർ മണ്ഡലം സെക്രട്ടി കെ.പി.വിശ്വനാഥൻ, കെ.എം. ദിനകരൻ, എ.കെ. സുരേഷ്, പി.എൻ.സന്തോഷ് എന്നിവർ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു

## മരത്തിൽ തങ്ങിയ രാജവെമ്പാലയെ പിടികൂടിയത് അതിസാഹസികമായി



**കോതമംഗലം:** വടാട്ടുപാറയിൽ വീട്ടുമുറ്റത്തെ മരത്തിൽ കയറിയ രാജവെമ്പാലയെ താഴെയിറക്കിയത് അതിസാഹസികമായി. രാത്രി മുഴുവൻ പരിസരവാസികളെ മുൾമുനയിൽ നിർത്തിയ, 13 അടി നീളവും എട്ടരക്കിലോ തൂക്കവുമുള്ള പാമ്പിനെ പിടികൂടിയതോടെയാണ് ആശങ്കമാറിയത്.

വടാട്ടുപാറ സ്കൂൾപ്പടിയിലെ വെള്ളിമറ്റം കൗസല്യയുടെ വീടിനോടുചേർന്ന പുളിമരത്തിൽ കയറിയ രാജവെമ്പാലയെ പിടികൂടാൻ വനപാലകരും നാട്ടുകാരും കൈയ്മെയ് മറന്ന് പ്രവർത്തിച്ചു. ചൊവ്വാഴ്ച വൈകീട്ടാണ് വീട്ടുമുറ്റത്ത് രാജവെമ്പാലയെ കണ്ടത്. ഇതിനിടെ പാമ്പ് സമീപത്തെ പുളിമരത്തിൽ കയറിക്കൂടി.

പാമ്പിനെ പിടികൂടാൻ വനപാലകരും പ്രശാസ്ത പാമ്പ് പിടുത്തക്കാരൻ മാർട്ടിൻ മേക്കമാലിയും നാട്ടുകാരും ചേർന്ന് ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ, കോതമംഗലത്തുനിന്ന് അഗ്നിരക്ഷാസേന എത്തി വെള്ളം ശക്തിയായി ചീറ്റിച്ച് നോക്കിയിട്ടും രാജവെമ്പാല അനങ്ങിയില്ല. വെള്ളം ചീറ്റുമ്പോൾ ഇടയ്ക്ക് പത്തിവിടർത്തി നോക്കും. വീണ്ടും ചുരുണ്ടുകൂടും. അരമണിക്കൂറോളം മൂന്നുറൗണ്ട് വെള്ളം പമ്പുചെയ്തിട്ടും പാമ്പ് അനങ്ങിയില്ല.

കോടനാട് ഫോറസ്റ്റ് സ്പെഷൽ പ്രൊട്ടക്ഷൻ ഫോഴ്സിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ജെ.വി. സാബുവിന്റെ നേതൃത്വത്തിലുള്ള സംഘം രാത്രി ഏഴോടെ എത്തിയാണ് പാമ്പിനെ പിടികൂടിയത്.

ഇരുട്ടും സുരക്ഷയും കണക്കിലെടുത്ത് രാത്രി പാമ്പിനെ പിടികൂടുക ബുദ്ധിമുട്ടായിരുന്നു. എല്ലാവരും ഉറക്കമൊഴിച്ച് മരത്തിന് സമീപത്ത് കാവലിരുന്നു. രാവിലെ എട്ടോടെ പാമ്പ് ഇരുന്ന ഉയരത്തിലുള്ള വൃക്ഷ ശിഖരം മെഷീൻ വാൾ ഉപയോഗിച്ച് മുറിച്ചുവീഴ്ത്തി പാമ്പിനെ നിലത്ത് ചാടിച്ചു. മരം മുറിച്ചപ്പോൾ താഴെ വീണ രാജവെമ്പലയെ സാബു കൈപിടിയിൽ ആക്കുക ആയിരുന്നു.ഇലകൾക്കിടയിൽനിന്ന് പത്തിവിടർത്തി ചീറ്റിയ പാമ്പിനെ അതിസാഹസികമായാണ് സാബു കൈപ്പിടിയിലാക്കിയത്. വലയിലാക്കിയ പാമ്പിനെ കോടനാട് 'അഭയാരണ്യം' പാർക്കിൽ സൂക്ഷിച്ചിരിക്കുകയാണ്.

അടുത്തദിവസം വാഴച്ചാൽ ഉൾവനത്തിൽ പാമ്പിനെ തുറന്നുവിടുമെന്നും അധികൃതർ പറഞ്ഞു.



## ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവ്

**തൃശൂർ:** ജില്ലാ നിയമ സേവന അതോറിറ്റിയുടെ ഓഫീസിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. നിയമ സേവനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്യുന്നതിനും വെബ് സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനും ഒരുവർഷത്തെ കരാറടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നുമാണ് അപേക്ഷ ക്ഷണിച്ചു.

20,000 രൂപയാണ് ശമ്പളം. ബിരുദധാരിയും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ്, മലയാളം) കോഴ്സുകൾ കേരള, കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പാസായിട്ടുള്ളവരും ഡാറ്റാ എൻട്രി നടത്തുന്നതിലും ഇന്റർനെറ്റ് ഉപയോഗിക്കുന്നതിലും നല്ല അവഗാഹവും പ്രവൃത്തിപരിചയം ഉള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം.

ജൂൺ 12 നകം തൃശൂർ ജില്ലാ നിയമ സേവന അതോറിറ്റി ഓഫീസിൽ ഫോട്ടോ സഹിതമുള്ള ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം നേരിട്ടോ തപാൽ മാർഗമോ അപേക്ഷിക്കണമെന്ന് സെക്രട്ടറി അറിയിച്ചു. വിലാസം: സെക്രട്ടറി, ജില്ലാ നിയമ സേവന അതോറിറ്റി, എ ഡി ആർ ബിൽഡിംഗ്, അയ്യന്തോൾ പി.ഒ., തൃശൂർ. ഫോൺ: 0487 2363779.

## നിർദ്ദേശം ലംഘിച്ച് എത്തിയ ബസ് കസ്റ്റഡിയിലെടുത്തു

**തൃശൂർ:** ഗോവയിൽ നിന്ന് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ യാത്രക്കാരുമായി എത്തിയ ബസ് പോലീസ് കസ്റ്റഡിയിലെടുത്തു. 25 യാത്രക്കാരുമായി നഗരത്തിലെത്തിയ ശേഷം വിവിധ കേന്ദ്രങ്ങളിൽ ഇവരെ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പോലീസ് ബസ് കസ്റ്റഡിയിലെടുത്തത്. കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര ചെയ്ത യാത്രക്കാർക്ക് എതിരെയും പോലീസ് കേസ് എടുത്തു. സിറ്റി പോലീസ് അസി. കമ്മീഷണർ വി കെ രാജുവിന്റെ നിർദ്ദേശപ്രകാരമായിരുന്നു നടപടി.

# ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഹോട്ട്സ്പോട്ട്
## ജാഗ്രതാ നിർദേശം നൽകി കടവല്ലൂർ പഞ്ചായത്ത്

**തൃശൂർ:** പാലക്കാട് ജില്ലാ അതിർത്തിയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് ഹോട്ട്സ്പോട്ടായി മാറിയതിനാൽ കടവല്ലൂർ പഞ്ചായത്തിലെ ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി ഗ്രാമപഞ്ചായത്തും പെരുമ്പിലാവ് പി എച്ച് സിയും. പാലക്കാട് ജില്ലയിൽ നിരോധനാജ്ഞ നിലനിൽക്കുന്നതിനാൽ ജില്ലാ അതിർത്തി കടന്നുള്ള ദൈനംദിന യാത്രകൾ ഒഴിവാക്കണമെന്നും ഇരു പഞ്ചായത്തുകളിലെയും ആരോഗ്യ വിഭാഗങ്ങൾ മുന്നറിയിപ്പു നൽകി. രണ്ടു പഞ്ചായത്തുകളിലും വിവിധ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജനങ്ങളോട് പോക്കുവരവുകൾ തൽകാലം നിർത്തണമെന്നും അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ഇരു പഞ്ചായത്തുകളിലും കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവർ, സ്ഥിരമായി ജോലി ചെയ്യുന്നവർ, നിത്യേന പോക്കുവരവുള്ളവർ എന്നിവർക്കാണ് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നതെന്ന് പെരുമ്പിലാവ് പി എച്ച് സി അറിയിച്ചു. എന്നാൽ നിരോധാജ്ഞ നിലനിൽക്കുന്ന ചാലിശ്ശേരി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ്, ജനമൈത്രി പോലീസ് എന്നിവർ ഉച്ചഭാഷിണിയിലൂടെ മുന്നറിയിപ്പ് നൽകി. അനാവശ്യമായി ജനങ്ങൾ പുറത്തിറങ്ങരുതെന്നും മാസ്കുകൾ ധരിക്കണമെന്നും ആളുകൾ കൂട്ടം കൂടുന്ന സാഹചര്യം ഒഴിവാക്കണമെന്നും കച്ചവട സ്ഥാപനങ്ങൾ വൈകീട്ട് അഞ്ചിന് അടയ്ക്കണമെന്നും നിർദ്ദേശമുണ്ട്. രോഗലക്ഷണമുള്ളവർ വിവരം ആരോഗ്യ വിഭാഗത്തെ അറിയിക്കണം. നിയമങ്ങൾ തെറ്റിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും ചാലിശ്ശേരി ജനമൈത്രി പോലീസ് ഉച്ചഭാഷിണിയിലൂടെ മുന്നറിയിപ്പ നൽകി.

## അന്തിക്കാട് മണ്ഡലം പ്രവാസി കോൺഗ്രസ്സ് കമ്മിറ്റി നിൽപ്പു സമരം സംഘടിപ്പിച്ചു




**അന്തിക്കാട്:** നാട്ടിൽ എത്തുന്ന മുഴുവൻ പ്രവാസികളുടേയും ക്വാറന്റയിൻ ചിലവ് സംസ്ഥാന സർക്കാർ വഹിക്കുക, പ്രവാസികളോടുള്ള സർക്കാരിന്റെ അവഗണന അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് അന്തിക്കാട് മണ്ഡലം പ്രവാസി കോൺഗ്രസ്സ് കമ്മിറ്റി യുടെ നേതൃത്വത്തിൽ അന്തിക്കാട് നടയിൽ നിൽപ്പു സമരം സംഘടിപ്പിച്ചു. പ്രവാസി കോൺഗ്രസ്സ് മണ്ഡലം പ്രസിഡണ്ട് ഉസ്മാൻ അന്തിക്കാടിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമരം പ്രവാസി കോൺഗിസ്സ് നിയോജക മണ്ഡലം പ്രസിഡണ്ട് എം.എം.ഇക്ബാൽ ഉൽഘാടനം ചെയ്തു. മണ്ഡലം കോൺഗ്രസ്സ് കമ്മറ്റി പ്രസിഡണ്ട് വി.കെ.മോഹനൻ മുഖ്യപ്രഭാഷണം നടത്തി, ബ്ലോക് കോൺഗ്രസ്സ് ജന:സെക്രട്ടറി രഘു നല്ലയിൽ, ന്യൂനപക്ഷ വകുപ്പ് നിയോജക മണ്ഡലം പ്രസിഡണ്ട് ഷാനവാസ് അന്തിക്കാട്, മണ്ഡലം ഭാരവാഹികളായ ഉണ്ണിനെച്ചിക്കോട്ട്, വിൽസൺ പുലിക്കോട്ടിൽ, എന്നിവർ പ്രസംഗിച്ചു. സിദ്ധാർത്ഥൻ കളത്തിൽ, ബ്രൈസൺ, ആഭി ദലി, സുധീർ പള്ളിയിൽ എന്നിവർ നേതൃത്വം നൽകി.

## നടത്തറ ഐടിഐയിലെ മരങ്ങളുടെ ലേലം ജൂൺ മൂന്നിന്

**തൃശൂർ:** നടത്തറ ഗവൺമെന്റ് ഐടിഐയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭീഷണിയായി നിലകൊള്ളുന്ന മരങ്ങൾ മുറിച്ചുമാറ്റി ജൂൺ മൂന്നിന് രാവിലെ 11 മണിക്ക് ലേലം ചെയ്യും. രണ്ട് മഹാഗണി, ഒരു തേക്ക്, ഒരു മട്ടി മരം, ഒരു പാലമരം, 4 പുളി, 4 കശുമാവ് എന്നിങ്ങനെ 13 മരങ്ങൾ മുറിച്ച് മാറ്റുന്നതിനാണ് വകുപ്പ് ഡയറക്ടറുടെ ഉത്തരവുള്ളത്. ഇത് നടത്തറ ഐടിഐയിൽ പരസ്യമായി ലേലം ചെയ്യും. ലേലത്തിൽ പങ്കെടുക്കുന്നവർ 10000 രൂപ നിരതദ്രവ്യം കെട്ടിവെക്കണം. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആൾ ലേലത്തുകയും ജിഎസ്ടിയും ആകെ തുകയുടെ 5 % വന വികസന നികുതിയും അടയ്ക്കേണ്ടതാണ്. ലേലം സംബന്ധിച്ച് പൊതുവായ സർക്കാർ നിബന്ധനകൾ ഈ ലേലത്തിനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവൃത്തി ദിവസങ്ങളിലും നടത്തറ ഐടിഐയിലെ 04872370948 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

## ക്ഷേത്രങ്ങൾക്കും ജീവനക്കാർക്കും പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം : ഹിന്ദു സംഘടനാ നേതൃയോഗം

**തൃശൂർ:** കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേത്രങ്ങൾക്കും ജീവനക്കാർക്കും പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഇന്നലെ വീഡിയോ കോൺഫറൻസിലൂടെ ചേർന്ന ഹിന്ദു സംഘടനാ നേതൃയോഗം കേന്ദ്രസംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. ക്ഷേത്രങ്ങളിൽ ഭക്തജന ദർശന വിലക്കും, കല്യാണം മറ്റു ചടങ്ങുകൾക്കും വിലക്കും തുടരുന്നതിലൂടെ നിത്യനിദാന കാര്യങ്ങൾ പോലും മുടങ്ങുകയാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച പാക്കേജുകളിൽ ഒന്നിലും ആരാധനാലയങ്ങൾക്ക് ഉൾപ്പെടാതെ പോയതിലൂടെ സമാശ്വാസ നടപടികൾ പോലും ആരാധനാലയങ്ങൾക്ക് ലഭിച്ചിട്ടില്ല. കേന്ദ്ര സംസ്ഥാന പായ്ക്കേജുകളിൽ ഉൾപ്പെടുത്തി ക്ഷേത്രങ്ങൾക്കും ധനസഹായം നൽകാൻ സർക്കാരുകൾക്കു ഉത്തരവാദിത്വമുണ്ട്, സ്വകാര്യ ക്ഷേത്ര ജീവനക്കാർക്ക് പ്രഖ്യാപിച്ച 1000 രൂപ സമാശ്വാസ ധനം ഇന്നേവരെ നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. സംസ്ഥാന ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെയും ക്ഷേത്രങ്ങളുടെയും നിലനിൽപ് തന്നെ ചോദ്യം ചെയ്യപ്പെടുമ്പോഴും സഹായ പദ്ധതികൾ പ്രഖ്യാപിക്കാൻ സർക്കാരുകളോട് ആവശ്യപ്പെടാത്തതു ദേവസ്വം ബോർഡുകളുടെ തികഞ്ഞ ഉത്തരവാദിത്വം ഇല്ലായ്മയും കെടുകാര്യസ്ഥതയും ആണെന്ന് നേതൃയോഗം കുറ്റപ്പെടുത്തി.

ദേവസ്വം ബോർഡുകൾക്കു കുടിശിക ഇനത്തിൽ ലഭിക്കാനുള്ള വാടക എത്രയും പെട്ടെന്ന് പിരിച്ചെടുക്കണമെന്നും ഹിന്ദു സംഘടനകൾ ആവശ്യപ്പെട്ടു. ഹിന്ദു സംഘടനാ നേതൃയോഗത്തിൽ ആർ.എസ്.എസ് പ്രാന്ത കാര്യവാഹ് ു.ഗോപാലൻകുട്ടി മാസ്റ്റർ അധ്യക്ഷത വഹിച്ചു.ധാർമിക സങ്കുൽ സംയോജക് വി. കെ വിശ്വനാഥൻ നേതൃയോഗത്തിൽ മുഖ്യ പ്രഭാഷണം നടത്തി.

## കോവിഡ് പരിശോധനയ്ക്ക് മെഡിക്കൽ കോളേജിൽ നൂതന സംവിധാനം



**തൃശൂർ:** കോവിഡ് പരിശോധനയ്ക്കായി മെഡിക്കൽ കോളേജിലെ വൈറോളജി ലാബിൽ സ്ഥാപിക്കുന്ന ന്യൂക്ലിക് ആസിഡ് എക്സ്ട്രാക്ഷനിലൂടെ കൂടുതൽ പേരുടെ പരിശോധന നടത്താം. ശനിയാഴ്ച മുതൽ ഈ സംവിധാനത്തിലൂടെയുള്ള രോഗനിർണ്ണയ പരിശോധനകൾ ആരംഭിക്കും. കോവിഡ് പരിശോധനാഫലത്തിനായി ഇനി മുതൽ മൂന്ന് മണിക്കൂർ മതിയാകും. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ പേർക്ക് രോഗപരിശോധന നടത്താം എന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. രമ്യ ഹരിദാസ് എംപിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച 40 ലക്ഷം ചെലവഴിച്ചാണ് പുതിയ പരിശോധന സംവിധാനം ഒരുക്കിയിട്ടുള്ളത്.

## വീട് പണിത് നൽകി കരുതൽ; വയോധികയുടെ കണ്ണീരൊപ്പി ജനമൈത്രി പോലീസ്



**കയ്പമംഗലം:** ആരോരുമില്ലാതെ തകർന്ന വീട്ടിൽ കഴിഞ്ഞിരുന്ന വയോധികയ്ക്ക് വീട് പണിത് നൽകി കയ്പമംഗലം ജനമൈത്രി പോലീസ്. കയ്പമംഗലം കമ്പനിക്കടവ് കടപ്പുറത്ത് താമസിക്കുന്ന ഫാത്തിമയുടെ വീട് കാലപ്പഴക്കത്താൽ തകർന്ന നിലയിലായിരുന്നു. ഭർത്താവ് ചക്കാമഠത്തിൽ അബ്ദുൾ റഹ്മാൻ മരിച്ചതിന് ശേഷം നാല് വർഷമായി ഒറ്റയ്ക്കാണ് താമസം. മക്കളില്ല. വീടാണെങ്കിൽ പ്ലാസ്റ്റിക് ഷീറ്റ് കൊണ്ട് കെട്ടി മേഞ്ഞ നിലയിലും. സഹായത്തിനും ആരുമില്ല. ജനമൈത്രി പോലീസ് ബീറ്റിന്റെ ഭാഗമായുള്ള വീട് സന്ദർശനത്തിനിടെയാണ് വയോധികയായ ഫാത്തിമയുടെ വീട് ശ്രദ്ധയിൽപ്പെട്ടത്. കാര്യങ്ങൾ ചോദിച്ചറിഞ്ഞപ്പോൾ സ്വന്തമായി വീട് പണിയാൻ ഇവർക്ക് മറ്റ് മാർഗ്ഗങ്ങളില്ല എന്ന് ബോധ്യപ്പെട്ടു. കടലിനോട് ചേർന്ന് താമസിക്കുന്നതിനാൽ സർക്കാറിന്റെ ഭവന പദ്ധതികളിലും ഇടം നേടാനായില്ല. ഫാത്തിമയുടെ നിസ്സഹായവസ്ഥ കണ്ടറിഞ്ഞ പോലീസ് വീട് നിർമ്മിച്ച് നൽകാൻ തീരുമാനിക്കുകയായിരുന്നു. സി.പി.മുഹമ്മദ് മെമ്മോറിയൽ ട്രസ്റ്റിന്റെ സഹകരണത്തോടെയാണ് വീട് പണി പൂർത്തിയാക്കിയത്. 400 ചതുരശ്ര അടിയിൽ അഞ്ച് ലക്ഷം രൂപ ചിലവിട്ടാണ് വീട് നിർമ്മിച്ചത്. 2 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കി. നിർമ്മാണം പൂർത്തിയാക്കിയ വീടിന്റെ കൈമാറ്റം ബെന്നി ബെഹനാൻ എംപി നിർവ്വഹിച്ചു. കയ്പമംഗലം പഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുരേഷ് ബാബു, കയ്പമംഗലം എസ്.ഐ കെ.എസ്.സുബിന്ത്, പഞ്ചായത്തംഗം സീന സജീവൻ, നൗഷാദ് ആറ്റുപറമ്പത്ത്, ഹിലാൽ കുരിക്കൾ എന്നിവർ പങ്കെടുത്തു.



*വയോധികയായ ചക്കാമഠത്തിൽ ഫാത്തിമയ്ക്ക് കയ്പമംഗലം ജനമൈത്രി പോലീസ് പണിത് നൽകിയ വീട് ബെന്നി ബെഹനാൻ എംപി കൈമാറ്റം ചെയ്യുന്നു*

## ജില്ലാ പഞ്ചായത്ത് 9.5 കോടി നൽകി

**പാലക്കാട്:** ജില്ലാ ആശുപത്രിയിൽ എം.ആർ.ഐ സ്കാൻ, അത്യാധുനിക നേത്രപടല ശസ്ത്രക്രിയക്കുള്ള സംവിധാനം ഒരുക്കുന്നതിനായി 9.5 കോടി രൂപ കെ.എം.സി. എല്ലിനു കൈമാറിയതായി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. കെ. ശാന്തകുമാരി അറിയിച്ചു. ജില്ലാ പഞ്ചായത്ത് 2019- 2020 വാർഷിക പദ്ധതിയിലുൾപ്പെടുത്തി എംആർഐ സ്കാൻ സംവിധാനത്തിന് 7.5 കോടി, നേത്ര ശസ്ത്രക്രിയ സംവിധാനത്തിന് 2 കോടി എന്നിങ്ങനെ 9.5 കോടി രൂപയാണ് നീക്കിവെച്ചത്.


## നേഴ്സ് ഒഴിവ്

**പാലക്കാട്:**ദേശീയ ആരോഗ്യ ദൗത്യം (ആരോഗ്യ കേരളം) പാലക്കാടിന്റെ കീഴിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 2 തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസി, കേരള നഴ്സസ് ആൻഡ് മിഡൈ്വവ്സ് കൗൺസിൽ രജിസ്ട്രേഷനുള്ള എ.എൻ.എം സർട്ടിഫിക്കറ്റ്, എന്നിവയാണ് യോഗ്യത. ബയോഡേറ്റ ജൂൺ ആറിന് അഞ്ച് മണിക്ക് മുമ്പായി aadmohpkd@gmail.com എന്ന വിലാസത്തിൽ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0491 2505264

## ഹൈസ്കൂൾ പ്രവേശനം

**പാലക്കാട്:** ഗവ മോയൻ മോഡൽ ഗേൾസ് ഹൈസ്കൂളിലെ ഈ വർഷത്തിലെ പ്രവേശനം താഴെ പറയുന്ന ക്രമത്തിൽ നടക്കും. ആവശ്യമായ രേഖകൾ സഹിതം വന്ന് പ്രവേശനം നേടാവുന്നതാണ്. ഓൺ ലൈനിൽ വന്ന് അപേക്ഷിച്ചവർക്കും ഈ ദിവസങ്ങളിൽ വന്ന് പ്രവേശനം വാങ്ങാവുന്നതാണ്. 29 - എട്ടാം ക്ലാസ് ( മലയാളം, ഇംഗ്ലീഷ് മീഡിയം). 30 - 9,10 കാസുകൾ, ബാക്കി വന്ന എട്ടാം ക്ലാസ്, ജൂൺ 1- അഞ്ചാം ക്ലാസ് ഇംഗ്ലീഷ് മീഡിയം. രണ്ടിന് അഞ്ചാം ക്ലാസ് മലയാളം മീഡിയം. മൂന്നിന് ആറാം ക്ലാസ്. നാലിന് ഏഴാം ക്ലാസ്. അഞ്ചിന് അഞ്ച്, ആറ്, ഏഴ് ഇംഗ്ലീഷ്, മലയാളം മീഡിയം)

# പാർട്ടിയെ ചതിച്ചാൽ ദ്രോഹിക്കും : പി കെ ശശി



**പാലക്കാട്:**കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ജില്ലയിൽ നിരോധനാജ്ഞ നിലനിൽക്കെ പൊതുയോഗത്തിൽ പങ്കെടുത്ത് പി കെ ശശി എം എൽ എ. പാർട്ടിയെ ചതിച്ചാൽ ദ്രോഹിക്കുന്നതാണ് നയമെന്നും കരിമ്പുഴയിൽ വെച്ച് നടന്ന യോഗത്തിൽ സി പി എം ജില്ലാ കമ്മിറ്റി അംഗവും കൂടിയായ ശശി വ്യക്തമാക്കി. മുസ്ലീം ലീഗിൽ നിന്നും രാജിവെച്ച് സി പി എമ്മിൽ ചേർന്നവരെ അഭിവാദ്യം ചെയ്യാനെത്തിയപ്പോഴാണ് എം എൽ എ നിലപാട് വ്യക്തമാക്കിയത്. കഴിഞ്ഞ ദിവസമാണ് മുസ്ലീം ലീഗിൽ നിന്നും അമ്പതോളം പേർ സി പി എമ്മിൽ ചേർന്നത്. കരിമ്പുഴ പഞ്ചായത്ത് അംഗമായ രാധാകൃഷ്ണന്റെ നേതൃത്വത്തിലായിരുന്നിത്. ഇവർക്കായി സംഘടിപ്പിച്ച പൊതുയോഗത്തിലാണ് സി പി എം നേതാവിന്റെ വിവാദ പരാമർശം. പാർട്ടിക്കൊപ്പം നിന്നാൽ പൂർണ്ണ സഹായവും സുരക്ഷിതത്വവും നൽകും. എന്നാൽ പാർട്ടിയെ ചതിച്ച് പോയാൽ ദ്രോഹിക്കും. അത് പാർട്ടിയുടെ ഒരു നയമാണ്. പ്രത്യേകിച്ച് ഞങ്ങളൊക്കെ ആ നിലപാടാണ് സ്വീകരിക്കുന്നതെന്ന് പി കെ ശശി വ്യക്തമാക്കി. പാർട്ടിയിലെ യുവ വനിതാ നേതാവുമായി ബന്ധപ്പെട്ട വിവാദ വിഷയത്തിൽ നടപടി നേരിട്ട പി കെ ശശിയെ കഴിഞ്ഞ വർഷം ജില്ല കമ്മിറ്റിയിൽ തിരിച്ചെടുത്തിരുന്നു. ഡി വൈ എഫ് ഐ വനിതാ നേതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ 2018 നവംബറിലാണ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്ന് ശശിയെ പുറത്താക്കിയത്. കൊറോണ വൈറസ് കൂടുതൽ പേർക്ക് സ്ഥിരികരിച്ചതിന തുടർന്ന് അതീവ ജാഗ്രതയിലാണ് ജില്ല. കേസുകൾ കൂടുന്ന സഹാചര്യത്തിൽ ജില്ലയിൽ മെയ് 31 വരെ നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടു. സാമൂഹിക വ്യാപനസാധ്യതയും പരിശോധിക്കുന്നു. ഇതിനിടെയാണ് സാമൂഹിക അകലം പാലിക്കാതെ നിരവധി പേരെ പങ്കെടുപ്പിച്ച് പൊതുയോഗം നടത്തിയിരിക്കുന്നത്.

### നാക്കു പിഴ എന്ന് വിശദീകരണം

പാർട്ടിയെ ചതിച്ചാൽ ദ്രോഹവും പ്രതികാരവും, തന്റെ വാക്കുകളിൽ തിരുത്തുമായി പി.കെ.ശശി എം.എൽ.എ . തനിക്ക് നാക്ക് പിഴച്ചതാണ്. പാർട്ടിയിൽ ചേരാൻ വന്നവർക്ക് ധൈര്യം പകരാനാണ് താനങ്ങനെ പറഞ്ഞതെന്നും സിപിഎം എംഎൽഎയുടെ വിശദീകരണം. മാധ്യമ വാർത്ത അതിശയോക്തിപരമാണെന്നും പി.കെ ശശി പറഞ്ഞു.തനിക്ക് നാക്കുപിഴ സംഭവിച്ചു. അതിൽ ദുഃഖമുണ്ട് . പാർട്ടിക്ക് പ്രതികാരപരമായ ഒരു നയവും ഇല്ലെന്നും പി.കെ.ശശി പറഞ്ഞു. പാർട്ടി ഓഫീസിൽനിന്ന് പോകുന്ന വഴിക്കുവച്ച് ചില പ്രവർത്തകർ തന്നെ കാണാൻ വന്നിരുന്നു. മറ്റു പാർട്ടികളിലെ പ്രവർത്തകരായകുറച്ചുപേർ പാർട്ടിയിൽ ചേരാൻ വന്നിട്ടുണ്ടെന്നും അവർക്ക് ആത്മവിശ്വാസം നൽകണമെന്നും ആവശ്യപ്പെട്ടു. എന്നാൽ ആൾക്കൂട്ടമുണ്ടെങ്കിൽ താൻ വരില്ലെന്നും

മാസ്ക് ധരിക്കണം, സാമൂഹിക അകലം പാലിക്കണമെന്നും താൻ പ്രവർത്തകരോട് പറഞ്ഞിരുന്നു. അങ്ങനെയാണ് യോഗത്തിൽ പങ്കെടുത്തതെന്നും ശശി പ്രതികരിച്ചു.പതിനാല് പേർ മാത്രമേ യോഗത്തിൽ ഉണ്ടായിരുന്നുള്ളൂ. ഞാൻ എണ്ണി നോക്കിയിരുന്നു. ഒന്നര മിനിറ്റ് മാത്രമാണ് അവിടെ നിന്നത്. നിരോധനാജ്ഞ ലംഘനവും നടത്തിയിട്ടില്ല. പെരുന്നാൾ ദിവസം നിരോധനാജ്ഞ ഇല്ലായിരുന്നുവെന്നും എംഎൽഎ പറഞ്ഞു.

# പാലക്കാട് ജില്ലയിൽ ഇന്ന് 16 പേർക്ക് കോവിഡ് 19 സ്ഥിരീകരിച്ചു

**പാലക്കാട് :** ഇതോടെ ജില്ലയിൽ കോവിഡ് 19 സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവർ 105 പേരായി. ഇന്ന് സ്ഥിരീകരിച്ചവരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും വന്നവരുടെ കണക്ക് താഴെ കൊടുക്കും പ്രകാരമാണ്. ചെന്നൈ-5, അബുദാബി-5, മുംബൈ-1, കർണാടക-1, ഡൽഹി-1, ബാംഗ്ലൂർ-1, സമ്പർക്കം-2 .

മെയ് 22ന് ചെന്നൈയിൽ നിന്നും വന്ന കൊപ്പം സ്വദേശി(68, പുരുഷൻ), മെയ് 20ന് ചെന്നൈയിൽ നിന്നും വന്ന ഒറ്റപ്പാലം പാലാട്ട് റോഡ് സ്വദേശി (83, സ്ത്രീ),മെയ് 20 ന് ചെന്നൈയിൽ നിന്നും വന്ന ആനക്കര സ്വദേശി (23,സ്ത്രീ), മെയ് 13 ന് ചെന്നൈയിൽ നിന്നും വന്ന് അലനല്ലൂർ സ്വദേശി(19, പുരുഷൻ), ചെന്നൈയിൽ നിന്നും വന്ന ശ്രീകൃഷ്ണപുരം സ്വദേശി(23, പുരുഷൻ).

മെയ് 11ന് അബുദാബിയിൽ നിന്നും വന്ന വല്ലപ്പുഴ സ്വദേശി(44, സ്ത്രീ), മെയ് 11ന് അബുദാബിയിൽ നിന്നെത്തിയ വാണിയംകുളം സ്വദേശി (29,സ്ത്രീ),മെയ് 18ന് അബുദാബിയിൽ നിന്നും വന്നിട്ടുള്ളവരായ ശ്രീകൃഷ്ണപുരം കാട്ടുകുളം സ്വദേശി (35,പുരുഷൻ), കേരളശ്ശേരി വടശ്ശേരി സ്വദേശി (35,പുരുഷൻ), പഴമ്പാലക്കോട് സ്വദേശി (28,പുരുഷൻ).

മെയ് 23 ന് മുംബൈയിൽ നിന്നും എത്തിയ തൃക്കടീരി സ്വദേശി (42, പുരുഷൻ),മെയ് 19 ന് ബാംഗ്ലൂരിൽ നിന്നും എത്തിയ അലനല്ലൂർ സ്വദേശി (25, പുരുഷൻ) മെയ് 18 ഡൽഹിയിൽ നിന്നും എത്തിയ കോട്ടോപ്പാടം സ്വദേശി(22, പുരുഷൻ) ,കർണാടകയിലെ ഭടകലിൽ നിന്നും കുടുംബത്തോടൊപ്പം യാത്ര ചെയ്തെത്തിയ കോട്ടോപ്പാടം സ്വദേശി(54,പുരുഷൻ)എന്നിവർക്കാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്.

കൂടാതെ മഹാരാഷ്ട്രയിൽ നിന്നും എത്തിയ രോഗലക്ഷണങ്ങൾ ഉള്ള വ്യക്തിയുടെ(ഇദ്ദേഹത്തിന്റെ പരിശോധനാ ഫലം ലഭ്യമായിട്ടില്ല) അമ്മയായ കണിയാപുരം സ്വദേശിക്കും (58, സ്ത്രീ), മെയ് നാലിന് ചെന്നൈയിൽ നിന്നും എത്തി മെയ് 23 രോഗം സ്ഥിരീകരിച്ച വ്യക്തിയുമായി സമ്പർക്കമുണ്ടായ റേഷൻ കട നടത്തുന്ന ഒരു കടമ്പഴിപ്പുറം സ്വദേശിക്കും (56, സ്ത്രീ) സമ്പർക്കത്തിലൂടെ ഇന്ന് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്ന് രോഗം സ്വീകരിച്ചവരെ ജില്ലാ ആശുപത്രിയിലേക്ക് മാറ്റാനുള്ള നടപടികൾ നടന്നുവരികയാണ്.



ഇതോടെ പാലക്കാട് ജില്ലയിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവർ ഒരു മലപ്പുറം സ്വദേശിയും മെയ് 23 ന് രോഗം സ്ഥിരീകരിച്ച ഒരു ഇടുക്കി സ്വദേശിനിയും (ആരോഗ്യ പ്രവർത്തകരിൽ ഒരാൾ) മെയ്24, 17 തീയതികളിലായി രോഗം സ്ഥിരീകരിച്ച രണ്ട് തൃശ്ശൂർ സ്വദേശികളും ഇന്നലെ (മെയ് 26) രോഗം സ്ഥിരീകരിച്ച ഒരു പൊന്നാനി സ്വദേശിയും ഇന്നലെ (മെയ് 27) രോഗം സ്ഥിരീകരിച്ച ആസാം സ്വദേശിയും ഉൾപ്പെടെ 105 പേരായി. നിലവിൽ ഒരു മങ്കര സ്വദേശി എറണാകുളത്തും ഒരു നെല്ലായ സ്വദേശി മഞ്ചേരിയിലും ചികിത്സയിലുണ്ട്.

## യാത്രയും പരിഭവ പറച്ചിലും ഇല്ലാതെ വിദ്യാർഥികൾ പടിയിറങ്ങി

പാലക്കാട്: യാത്രയും പരിഭവ പറച്ചിലുമൊന്നുമില്ലാതെ പരീക്ഷ കഴിഞ്ഞ് എസ് എസ് എൽ സി വിദ്യാർഥികൾ പടിയിറങ്ങി. ലോക്ക് ഡൗണിനെ തുടർന്ന് മാറ്റിവെച്ച് മൂന്ന് പരീക്ഷകളിൽ അവസാ പരീക്ഷയായ രാസതന്ത്രം പരീക്ഷയാണ് ഇന്നലെ അവസാനിച്ചത്. സാധാരണ പരീക്ഷ കഴിഞ്ഞാൽ പരീക്ഷയെക്കുറിച്ചുള്ള വിലയിരുത്തലുകളും ഗതകാലസ്മരണകളിറക്കി സ്കൂളിന് ചുറ്റും കൂടുമെങ്കിലും കോവിഡ് സുരക്ഷാ മാനദണ്ഡത്തിന്റെ ഭാഗമായി വിദ്യാർഥികളെ പരീക്ഷ കഴിഞ്ഞ സാമൂഹ്യ അകലം പാലിച്ച് വരിവരിയായി നിർത്തിയാണ് രക്ഷിതാക്കളോടൊപ്പം വിട്ടയച്ചത്. ഇത്തരമൊരു പരീക്ഷ അപൂർവ്വ കാഴ്ചയായി ചരിത്രത്തിൽ രേഖപ്പെടുത്തുകയും ചെയ്തു. മൂന്ന് ദിവസങ്ങളിലായി നടന്ന പരീക്ഷകളിൽ 199 കേന്ദ്രങ്ങളിലായി 39,278 പേരാണ് പരീക്ഷ എഴുതിയത്. 27 പേർ മാത്രമാണ് എത്താതെയിരുന്നത്. കുട്ടികളെ പരീക്ഷക്ക് എത്തുന്നതിന് വിപുലമായ ക്രമീകരണമാണ് ഇത്തവണ ഒരുക്കിയത്. ശരീര താപനില പരിശോധിച്ചാണ് ഓരോരുത്തരെയും പരീക്ഷാ കേന്ദ്രത്തിലേക്ക് കയറ്റിയത്. കൈകഴുകാനുള്ള സംവിധാനവും സാനിറ്റൈസറുകളും നൽകി. മുഖാവരണം ധരിച്ചാണ് പരീക്ഷ എഴുതിയത്. ശാരീരിക അകലം ഉറപ്പിക്കാൻ നിർദേശങ്ങളുമായി അധ്യാപകരും എല്ലാ സ്കൂളുകളിലും സജീവമായിരുന്നു. പൊലീസ്, അഗ്നിരക്ഷാ സേന, സിവിൽ ഡിഫൻസ് വളണ്ടിയർമാർ, ജനപ്രതിനിധികൾ എന്നിവരും വിവിധ സ്കൂളിൽ എത്തിയിരുന്നു. നിലവിൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്ക് സേ പരീക്ഷക്ക് അവസരം നൽകും. ഹയർസെക്കന്ററി, വി എച്ച് എസ് സി പരീക്ഷ രണ്ടാം ദിവസമായിരുന്നു. 2945 പരീക്ഷാ കേന്ദ്രങ്ങളിലായി 422077 വിദ്യർത്ഥികളാണ് പരീക്ഷ എഴുതുന്നത്. ശനിയാഴ്ച ഈ പരീക്ഷകളും അവസാനിക്കും.

## കോവിഡ് 19: 8475 പേർ നിരീക്ഷണത്തിൽ

കോവിഡ് 19 മായി ബന്ധപ്പെട്ട് ജില്ലയിൽ നിലവിൽ 8344 പേർ വീടുകളിലും 117 പേർ പാലക്കാട് ജില്ലാ ആശുപത്രിയിലും 5 പേർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും 3 പേർ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും 6 പേർ മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലും ഉൾപ്പെടെ ആകെ 8475 പേർ നിരീക്ഷണത്തിലുണ്ട്. ആശുപത്രിയിലുള്ളവരുടെ ആരോഗ്യ നിലയിൽ ആശങ്കപ്പെടേണ്ടതില്ലെന്ന് ഡി.എം.ഒ അറിയിച്ചു. പ്രവാസികളും ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്നവരെയും നിരീക്ഷണത്തിലാക്കിയതിനാലാണ് എണ്ണത്തിൽ വർധനവുണ്ടായത്. പരിശോധനയ്ക്കായി ഇതുവരെ അയച്ച 6875 സാമ്പിളുകളിൽ ഫലം വന്ന 5750 നെഗറ്റീവും 103 എണ്ണം പോസിറ്റീവാണ്. ഇതിൽ 14 പേർ രോഗം ഭേദമായി ആശുപത്രി വിട്ടു. ആകെ 45658 ആളുകളാണ് ഇതുവരെ നിരീക്ഷണത്തിൽ ഉണ്ടായിരുന്നത്. ഇതിൽ 37183 പേരുടെ നിരീക്ഷണ കാലാവധി പൂർത്തിയായി. 9039 ഫോൺ കോളുകളാണ് ഇതുവരെ കൺട്രോൾ റൂമിലേക്ക് വന്നിട്ടുള്ളത്. 24*7 കോൾ സെന്റർ നമ്പർ 0491 2505264, 2505189, 2505847



## എൻ സി പി ധർണ്ണ 30 ന്

**മലപ്പുറം :** കേന്ദ്രസർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ എൻ സി പി ഓവർസീസ് സെൽ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 30 ന് മലപ്പുറം കലക്ട്രേറ്റ് പരിസരത്ത് ധർണ്ണ നടത്തും. എൻ സി പി സംസ്ഥാന ട്രഷറർ ബാബു കാർത്തികയേൻ ഉദ്ഘാടനം ചെയ്യും. എൻ സി പി ജില്ലാ പ്രസിഡന്റ് ടി എൻ ശിവശങ്കരൻ, ജില്ലാ ജന. സെക്രട്ടറി പി എച്ച് ഫൈസൽ, മൈനോരിറ്റി ചെയർമാൻ കെ എ ജബ്ബാർ എന്നിവർ പങ്കെടുക്കും

## കൃഷിഭവൻ ഉപരോധിച്ചു



താനൂർ: കേരള സർക്കാറിന്റെ കാർഷിക അവഗണന അവസാനിപ്പിക്കുക, പ്രധാനമന്ത്രി കിസാൻ സമ്മാന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക, കർഷകർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കർഷകമോർച്ച പ്രവർത്തകർ താനാളൂർ കൃഷിഭവൻ ഉപരോധിച്ചു.ബി.ജെ.പി. സംസ്ഥാന സമിതി അംഗം ഗീതാമാധവൻ ഉദ്ഘാടനം ചെയ്തു, ബി.ജെ.പി.ജില്ലാ കമ്മിറ്റി അംഗം ടി.ഹരിദാസൻ, മണ്ഡലം ട്രഷറർ പുരുഷോത്തമൻ ,കിസാൻ മോർച്ച മണ്ഡലം വൈസ് പ്രസിഡണ്ട് ഗോവിന്ദൻ കുട്ടി, ജനറൽ സെക്രട്ടറി വിജീഷ്, എസ് സി മോർച്ച മണ്ഡലം ജനറൽ സെക്രട്ടറി കോട്ടെക്കാട്ട് ശശിധരൻ, ഗോപകുമാർ, കിരൺജിത്ത് നേതൃത്വം നൽകി.

## ഗതാഗതം തടസ്സപ്പെടും

**മലപ്പുറം :** വേങ്ങര-കച്ചേരിപ്പടി- കക്കാടംപുറം റോഡിൽ മെയ് 29 മുതൽ നിർമാണ പ്രവൃത്തി നടക്കുന്നതിനാൽ പ്രവൃത്തി പൂർത്തിയാകുന്നതുവരെ റോഡിലൂടെയുള്ള വാഹന ഗതാഗതം പൂർണ്ണമായും നിരോധിച്ചു.

# ഒരു കുടുംബത്തിലെ നാല് പേരുൾപ്പെടെ എട്ട് പേർക്ക് രോഗബാധ

**മലപ്പുറം:** ജില്ലയിൽ എട്ട് പേർക്ക് കൂടി ഇന്നലെ (മെയ് 28) കോവിഡ് 19 സ്ഥിരീകരിച്ചു. ഇതിൽ നാല് പേർ ഒരു കുടുംബത്തിലുള്ളവരാണ്. മുംബൈയിൽ നിന്ന് മെയ് 21 ന് വീട്ടിലെത്തിയ പരപ്പനങ്ങാടി സ്വദേശി 60 കാരൻ, ഇദ്ദേഹത്തിന്റെ മരുമകൾ 30 വയസുകാരി, ഇവരുടെ മക്കളായ മൂന്ന് വയസുകാരി, മൂന്നര മാസം പ്രായമുള്ള പെൺകുഞ്ഞ്, മുംബൈയിൽ നിന്ന് മെയ് 16 ന് എത്തിയ തെന്നല തറയിൽ സ്വദേശി 41 കാരൻ, മുംബൈയിൽ നിന്നുതന്നെ മെയ് 22 ന് എത്തിയ വെളിയങ്കോട് വടക്കേപ്പുറം സ്വദേശി, മസ്കറ്റിൽ നിന്ന് കണ്ണൂർ വഴി മെയ് 23 ന് ജില്ലയിലെത്തിയ ചേളാരി പാടാത്താലുങ്ങൽ സ്വദേശി 43 കാരൻ, ആന്ധ്രപ്രദേശിലെ കർണൂലിൽ നിന്ന് മെയ് എട്ടിന് എത്തിയ വള്ളിക്കുന്ന് ആലിൻചുവട് കൊടക്കാട് സ്വദേശി 37 കാരൻ എന്നിവർക്കാണ് രോഗബാധ. ഇവരെല്ലാം കോവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിൽ ഐസൊലേഷനിൽ ചികിത്സയിലാണെന്ന് ജില്ലാ കലക്ടറുടെ ചുമതലയുള്ള എ.ഡി.എം. എൻ.എം. മെഹറലി അറിയിച്ചു. രോഗം സ്ഥിരീകരിച്ചവരുമായി ഏതെങ്കിലും വിധത്തിൽ സമ്പർക്കമുണ്ടായവർ വീടുകളിൽ പൊതു സമ്പർക്കമില്ലാതെ പ്രത്യേക മുറികളിൽ നിരീക്ഷണത്തിൽ കഴിയണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന അറിയിച്ചു. ഈ വിവരം ആരോഗ്യ പ്രവർത്തകരെ അറിയിക്കണം. വീടുകളിൽ നിരീക്ഷണത്തിന് സൗകര്യമില്ലാത്തവർക്ക് സർക്കാർ ഒരുക്കിയ കോവിഡ് കെയർ സെന്ററുകൾ ഉപയോഗപ്പെടുത്താം. ആരോഗ്യ പ്രശ്നങ്ങളുണ്ടായാൽ ഒരു കാരണവശാലും നേരിട്ട് ആശുപത്രികളിൽ പോകരുത്. ജില്ലാതല കൺട്രോൾ സെല്ലിൽ വിളിച്ച് ലഭിക്കുന്ന നിർദേശങ്ങൾ പൂർണമായും പാലിക്കണം. ജില്ലാതല കൺട്രോൾ സെൽ നമ്പറുകൾ: 0483 2737858, 2737857, 2733251, 2733252, 2733253.

# ഹാർബർ പരിസരത്തെ കുളം വൃത്തിയാക്കി താനൂർ മുനിസിപ്പൽ മുസ്ലിം യൂത്ത് ലീഗ്

താനൂർ: മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന കമ്മറ്റി മഴക്കാല രോഗങ്ങൾ തടയുന്നതിനും പകർച്ചവ്യാധികൾ ഉണ്ടാകാതിരിക്കുന്നതിനും സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന ശുചീകരണ പരിപാടി ത്രീ ഡേ മിഷൻ താനൂർ നിയോജക മണ്ഡലത്തിൽ ഇന്നും തുടർന്നു. താനൂർ മുനിസിപ്പിൽ മുസ്ലിം യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ താനൂർ ഹാർബറിലെ ജുമുഅത്ത് പള്ളിക്ക് സമീപത്തെ കുളം മാലിന്യങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കി. നൂറ്റാണ്ടുകൾ പഴക്കമുള്ള കുളമാണിത്. മുസ്ലിം യൂത്ത് ലീഗ് താനൂർ നിയോജക മണ്ഡലം പ്രസിഡന്റ് റഷീദ് മോര്യ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എ.പി സൈതലവി, മുനിസിപ്പൽ പ്രസിഡന്റ് എഎം യൂസഫ്, സെക്രട്ടറി എം കെ അൻവർ സാദത്ത്, ട്രഷറർ കെ ആഷിഖ്, ഹാർബർ ഡിവിഷൻ കൗൺസിലർ എംകെ ഫൈസൽ, ഭാരവാഹികളായ ജംഷീർ പുതിയകടപ്പുറം, സുൽത്താൻ ഒട്ടുംപുറം, ഇബ്റാഹീം ഫാഷൻ പാലസ്, ഷമീർ ചിന്നൻ, കോയമോൻ ചാഞ്ചേരി, റഷീദ് വടക്കായിൽ, ബാബു മാസ്കോ, അസീസ്, വൈറ്റ്ഗാർഡ് അംഗങ്ങൾ, ഡിവിഷനിലെ മുസ്ലിം ലീഗ്, യൂത്ത് ലീഗ് പ്രവർത്തകർ എന്നിവർ പങ്കെടുത്തു.




ഇന്നലെ താനൂർ മുനിസിപ്പാലിറ്റിയിലെ താനൂർ സാമൂഹ്യാരോഗ്യ കേന്ദ്രവും, മോര്യയിലെ ഗവ. ആയുർവേദ ഡിസ്പെൻസറിയും ക്യാമ്പയിന്റെ ഭാഗമായി ശുചീകരിച്ചിരുന്നു. നിയോജക മണ്ഡലത്തിലെ അഞ്ചു പഞ്ചായത്തുകളിലെയും താനൂർ മുനിസിപ്പാലിറ്റിയിലെയും സാമൂഹ്യാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സ്കൂളുകൾ, പൊതു കുളങ്ങൾ, റോഡ് പരിസരങ്ങൾ, ടെലിഫോണ് എക്സ്ചേഞ്ച്, സർക്കാർ ഓഫീസുകൾ, കവലകൾ, വീടുകൾ എന്നിവ ശുചീകരിച്ചു. യൂത്ത് ലീഗ് കമ്മിറ്റിയുടെ ഈ ശുചീകരണ യജ്ഞത്തെ സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവർ അനുമോദിച്ചു

## നാഷണൽ ഹ്യുമൺറൈറ്റ്സ് ഫോറം ജില്ലാ കമ്മിറ്റി നിലവിൽ വന്നു

മലപ്പുറം : നാഷണൽ ഹ്യുമൺറൈറ്റ്സ് ഫോറം ജില്ലാ കമ്മിറ്റി നിലവിൽ വന്നു.

ജില്ലാ ഭാരവാഹികളായി ബാബുരാജ് കോട്ടക്കുന്ന് (പ്രസിഡന്റ്), വേലായുധൻ പുളിക്കൽ (വൈസ് പ്രസിഡന്റ്), ഗോപിനാഥൻ കെ (സെക്രട്ടറി), ഷറഫുദ്ദീൻ, അശോകൻ (ജോ. സെക്രട്ടറിമാർ), ഷക്കീർ ( ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

എക്സിക്യൂട്ടീവ് മെമ്പർമാരായി പ്രജീഷ് ഇ കെ, മുകുന്ദൻ ഇ എ, ശശി, ചന്ദ്രൻ ഇ എന്നിവരെയും തെരഞ്ഞെടുത്തു



ബാബുരാജ് കോട്ടക്കുന്ന് (പ്രസിഡന്റ്)



ഗോപിനാഥൻ കെ (സെക്രട്ടറി)

## സൗജന്യ സൗകര്യം: നഗരസഭ

**താനൂർ:** കൊറോണ പശ്ചാത്തലത്തിൽ തിരിച്ചുവരുന്ന പ്രവാസികൾക്ക് വലിയ രീതിയിലുള്ള സൗജന്യ സൗകര്യങ്ങളൊരുക്കാൻ തയ്യാറാണെന്ന് താനൂർ നഗരസഭ ചെയർ പേഴ്സൺ സി.കെ സുബൈദ അറിയിച്ചു. നിലവിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ആളുകൾക്കാണ് നഗരസഭാ ക്വാറന്റൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഭക്ഷണ സൗകര്യങ്ങളും നൽകി വരുന്നു. ഇതിനു പുറമേയാണ് താനൂർ നഗരസഭ പരിധിയിലെ മുഴുവൻ രാജ്യങ്ങളിലുമുള്ള പ്രവാസികൾക്ക് സൗജന്യ ക്വാറന്റൈൻ സംവിധാനം ഏർപ്പെടുത്താൻ തയ്യാറായത്. ഏഴു കേന്ദ്രങ്ങളാണ് നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നത്. ആവശ്യാനുസരണം എത്രപേർക്ക് വേണമെങ്കിലും സൗജന്യ സൗകര്യമൊരുക്കുമെന്നും ചെയർ പേഴ്സൺ കൂട്ടിച്ചേർത്തു.

## ദുരിതാശ്വാസ നിധിയിലേക്ക് തുക കൈമാറി



താനൂർ : നന്നമ്പ്ര കൊടിഞ്ഞി ഫാറൂഖ് നഗർ സ്വദേശി മുഹമ്മദ് നിജിലാദ് പെരുന്നാൾ ആഘോഷിക്കാൻ സ്വരൂപിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി. വീടിനോട് ചേർന്ന് ചെറിയ കട നടത്തി ഉപ്പിലിട്ട മാങ്ങ വിറ്റു കിട്ടിയ തുകയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയത്. ഡിവൈഎഫ്ഐ താനൂർ ബ്ലോക്ക് എക്സിക്യൂട്ടീവ് അംഗം ടി ഫുഹാദ് മോൻ പണം ഏറ്റുവാങ്ങി. നമ്പീശനായി ഹുസൈന്റെ മകനാണ് നിജലാദ്. ഡിവൈഎഫ്ഐ നന്നമ്പ്ര മേഖലാ കമ്മിറ്റി അംഗങ്ങളായ പി പ്രശാന്ത്, ഉമ്മർ, എന്നിവരും സന്നിഹിതരായിരുന്നു.

## കോവിഡിനെ അതിജീവിച്ച യുവതി പെൺകുഞ്ഞിന് ജന്മമേകി

**മഞ്ചേരി :** ഗവ.മെഡിക്കൽ കോളജിനിത് അപൂർവ നേട്ടം. കോവിഡ് 19 ഭേദമായതിന്റെ ആശ്വാസത്തിനൊപ്പം ഇരട്ടി മധുരവുമായി ആലപ്പുഴ ആര്യാട് സ്വദേശിനി ജിൻസി പെൺകുഞ്ഞിന് ജന്മം നൽകി. മഞ്ചേരി മെഡിക്കൽ കോളജിലെ ഗൈനക്കോളജി വിഭാഗമാണ് ഈ അപൂർവ നിമിഷത്തിന് വേദിയായത്. ഇന്നലെ (മെയ്28) രാവിലെ പത്തോടെയാണ് ശസ്ത്രക്രിയയിലൂടെയാണ് കുട്ടിയെ പുറത്തെടുത്തത്. 2.7 കിലോഗ്രാമാണ് കുട്ടിയുടെ ഭാരം. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ജേക്കബ്, ഹെഡ് നഴ്സ് മിനി കരുണാകരൻ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ സുരക്ഷാ ക്രമീകരണങ്ങളോടും കൂടിയാണ് ശസ്ത്രക്രിയ നടത്തിയത്.

കുവൈത്തിൽ സ്റ്റാഫ് നഴ്സായ ജിൻസി ഐ.എക്സ് - 394 എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ മെയ് 13 ന് രാത്രി 10.15 നാണ് കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയത്. ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് മഞ്ചേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും പിന്നീട് രോഗം സ്ഥിരീകരിക്കുകയും ചെയ്തു. മെയ് 20, 21 തീയതികളിൽ നടത്തിയ പരിശോധനയിൽ കോവിഡ് നെഗറ്റീവായതിനെ തുടർന്ന് ഇവരെ സ്റ്റെപ്ഡൗൺ ഐ.സി.യുവിൽ പ്രവേശിപ്പിക്കുകയായിരുന്നു.

ഭാര്യയുടെ രോഗം ഭേദമായതിലും പൂർണ ആരോഗ്യവതിയായ കുഞ്ഞിനെ ലഭിച്ചതിലും സന്തോഷമുണ്ടെന്നും മെഡിക്കൽ കോളേജ് ആശുപത്രിയിലെ എല്ലാ ജീവനക്കാർക്കും ആരോഗ്യപ്രവർത്തകർക്കും തന്റെ നന്ദി അറിയിക്കുന്നുവെന്നും ജിൻസിയുടെ ഭർത്താവ് ലിജോ ജോസഫ് പറഞ്ഞു. എട്ട് വയസ്സുകാരൻ ലിയോ ആണ് മൂത്ത കുഞ്ഞ്. അശുപത്രിയിലെ ഡോക്ടർമാരും മറ്റ് ജീവനക്കാരും അമ്മയ്ക്കും നവജാത ശിശുവിനും ആശംസകൾ നേർന്നു. കോവിഡ് രോഗമുക്തി നേടിയ ആദ്യത്തെ യുവതിയുടെ പ്രസവ ശസ്ത്രക്രിയയാണ് മഞ്ചേരി മെഡിക്കൽ കോളജിൽ വിജയകരമായി പൂർത്തിയാക്കിയത്.

## അഭിമാന നിമിഷം; രോഗമുക്തരായ ആറുപേർ കൂടി ആശുപത്രി വിട്ടു

**മലപ്പുറം :** സംസ്ഥാന സർക്കാരിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് കരുത്ത് പകർന്ന് ഇന്നലെ(മെയ് 28) ആറ് പേർ കൂടി രോഗമുക്തരായി വീടുകളിലേക്ക് മടങ്ങി. വിദേശത്തുനിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമെത്തി കോവിഡ് 19 സ്ഥിരീകരിച്ചവരാണ് രോഗം ഭേദമായി മഞ്ചേരി ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങിയത്.

മെയ് 10 ന് രോഗബാധ സ്ഥിരീകരിച്ച അങ്ങാടിപ്പുറം തയ്യിൽ ഷാഹുൽ (34 ), മെയ് 14ന് രോഗബാധ കണ്ടെത്തിയ തൃപ്രങ്ങോട് ആനപ്പടി സ്വദേശി കൂത്തുപറമ്പിൽ കെ.പി മുഹമ്മദ്റിഫാസ്(27), മൂന്നിയൂർ വെളിമുക്ക് സൗത്ത് മൈത്രി റോഡ് പുളിക്കൻവീട്ടിൽ പാലത്തുപടി പി.വി പ്രസാദ് (44), മാറഞ്ചേരി കാഞ്ഞിരമുക്ക് പഞ്ഞിക്കര ഹൗസ് ധർമ്മരാജ്(49), മെയ് 17 ന് ചികിത്സയിലായ വളാഞ്ചേരി വടക്കുംപുറം വെള്ളത്തൂർ സിദ്ദിഖ് (61), താനാളൂർ വെള്ളിയത്ത് സൈഫുദ്ദീൻ (33) എന്നിവരാണ് രോഗം ഭേദമായി ആശുപത്രി വിട്ടത്. ഡെപ്യൂട്ടി സൂപ്രണ്ടുമാരായ ഡോ.ഷീന ലാൽ, ഡോ. ഇ. അഫ്സൽ, നോഡൽ ഓഫീസർ ഡോ. പി. ഷിനാസ് ബാബു എന്നിവർക്കൊപ്പം ഗ്രേഡ് ടു ജീവനക്കാരായ സജീഷ്കുമാർ, തങ്കം തുടങ്ങിയവർ ചേർന്നാണ് രോഗം ഭേദമായവരെ യാത്രയാക്കിയത്.

## ചരമം



മഹമ്മൂദ് (78)

വടകര: ഒന്തം റോഡിൽ താഴെ നെല്ലോളി പഴയ പെരിങ്ങാടി മഹമ്മൂദ് (78) അന്തരിച്ചു. വടകര ബസ് താനുൽ ഉലും മദ്രസ മുൻ ജോ: സെക്രട്ടറിയും ഇപ്പോഴത്തെ വർക്കിങ്ങ് കമ്മിറ്റി മെമ്പറുമാണ്. ഭാര്യ: പരേതയായ കുനിപാത്തു. മകൾ: ഹസീന. മരുമകൻ: ഇക്ബാൽ തലശ്ശേരി.



മുനീർ (46)

**വടകര:** താഴെഅങ്ങാടി സ്വദേശി പെരിങ്ങാടി പുതിയ പുരയിൽ മുനീർ (46) മസ്കത്തിൽ ഹൃദയാഘാതം മൂലം നിര്യാതനായി. ഭാര്യ: മണപ്രത്ത് സൗജഞ്ഞ്. മക്കൾ: അംറാസ്, ആമിന.

### ദുബൈയിൽ മരിച്ചു

**വടകര:** ചോറോട് പഞ്ചായത്തിലെ കുരിക്കിലാട് പുത്തൻ പുരയിൽ ടി.കെ ഹൗസിൽ യൂസഫ് (58) ഹൃദാഘാതം മൂലം ദുബൈയിൽ നിര്യാതനായി. പരേതനായ ഇബ്രാഹിമിന്റേയും കദീശയുടേയും മകനാണ്. ഭാര്യ: സക്കീന. മക്കൾ: സഫീറ, സിഫാന, സഫ്‌വാന. മരുമകൻ: റഹൂഫ് ചെരത്തൂർ (ഖത്തർ). സഹോദരങ്ങൾ:സുലൈമാൻ (ബഹ്റൈൻ), ഉസ്മാൻ (ദുബൈ), കുഞ്ഞിമൂസ (ചെന്നൈ), സുബൈദ കണ്ണൂക്കര. ഖബറടക്കം ദുബൈയിൽ നടക്കും.

# ആംബുലൻസിന് കൂടുതൽ വാടക: റൂറൽ എസ്.പി ക്ക് പരാതി നൽകി



**വടകര:** ഓർക്കാട്ടേരിയിലെ ക്വാറന്റൈൻ കേന്ദ്രത്തിലേക്ക് പോയ വ്യക്തിയിൽ നിന്ന് അമിത തുക വാടകയായി വാങ്ങിയെന്ന് ആരോപിച്ച് ആംബുലൻസ് ഡ്രൈവർക്കെതിരെ എസ്.കെ.എസ്.എസ്.എഫ്, സേവന വലിയവളപ്പ്, ബ്ലഡ് ഡോണേഴ്സ് ഗ്രൂപ്പ് എന്നിവ റൂറൽ എസ്.പി ക്കും ആർ.ടി.ഒ യ്ക്കും പരാതി നൽകി. മറ്റു വാഹനങ്ങളെ പോലെ ആംബുലൻസിനും മിനിമം വാടക നിശ്ചയിക്കണമെന്നും ആവശ്യപ്പെട്ടു. വടകര -കോഴിക്കോട് മെഡിക്കൽ കോളജ്, പെരിയാരം മെഡിക്കൽ കോളജ് എന്നിവിടങ്ങളിലേക്കുള്ള നിരക്ക് നിശ്ചയിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സർവീസ് നടത്തുന്ന ആംബുലൻസ് ഡ്രൈവർമാരിൽ പലരും അമിത ചാർജ് ഈടാക്കുന്നത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് യൂത്ത് കോൺഗ്രസ് നേതൃത്വവും ആവശ്യപ്പെട്ടു. എട്ട് കിലോമീറ്റർ യാത്ര ചെയ്ത ആളിൽ നിന്ന് 1,200 രൂപയാണ് ഈടാക്കിയതെന്നാണ് പരാതി. ആന്ധ്രയിൽ നിന്ന് വടകര എത്താൻ 1,000 രൂപ ചെലവായ ആൾക്കാണ് നാട്ടിൽ എട്ട് കിലോമീറ്റർ സഞ്ചരിച്ചതിന് 1.200 രൂപ കൊടുക്കേണ്ടി വന്നതെന്ന് നേതാക്കൾ ആരോപിച്ചു.

എന്നാൽ ആംബുലൻസ് ജീവനക്കാർക്കെതിരെ വ്യാജ പ്രചരണമാണ് നടക്കുന്നതെന്ന് ആംബുലൻസ് കോ-ഓർഡിനേഷൻ കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു. കോവിഡ് കാലത്ത് സർക്കാർ നിശ്ചയിച്ചതിലും കുറഞ്ഞ നിരക്കിലാണ് വടകരയിലെ ആംബുലൻസ് ഡ്രൈവർമാർ സർവീസ് നടത്തുന്നതെന്ന് ഭാരവാഹികൾ പറഞ്ഞു.

ആന്ധ്രയിൽ നിന്ന് വന്ന ഏറാമല സ്വദേശിയെ വടകര ആരോഗ്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം പുതിയ സ്റ്റാന്റിൽ നിന്ന് പഴയ സ്റ്റാന്റിനു സമീപമുള്ള ബ്ലൂ സ്റ്റാർ ലോഡ്ജിൽ ഇറക്കുകയും വണ്ടി വാടകയും ക്ലീനിങ് ചാർജടക്കം 500 രൂപ വാങ്ങിച്ച് തിരികെ സ്റ്റാന്റിലെത്തി വാഹനം ക്ലീൻ ചെയ്തു. അര മണിക്കൂറിനു ശേഷം ഹെൽത്ത് ഡിപാർട്മെന്റിന്റെ നിർദ്ദേശ പ്രകാരം വീണ്ടു വിളി വന്നതിന്റെ അടിസ്ഥാനത്തിൽ ബ്ലൂ സ്റ്റാറിൽ നിന്ന് ആ വ്യക്തിയെ ഓർക്കാട്ടേരി കാർത്തികപ്പള്ളി റോഡിലുള്ള ക്വാറന്റൈൻ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്തു. ഈ ട്രിപ്പിന്റെ ക്ലീനിങ് ചാർജ് ഒഴിവാക്കി 700 രൂപ മാത്രമാണത്രെ ഈടാക്കിയത്.

ഇക്കാര്യമാണ് വടകരയിൽ നിന്ന് ഓർക്കാട്ടേരിയിലേക്ക് പോയതിന് 1,200 രൂപ വാങ്ങി എന്ന തരത്തിൽ വാർത്ത പ്രചരിപ്പിക്കുന്നതെന്നാണ് ആംബുലൻസ് കമ്മിറ്റി ഭാരവാഹികൾ പറയുന്നത്. ഒരാളെ ക്വാറന്റൈനിലേത്തിച്ച ശേഷം വണ്ടി ശുചീകരിക്കാൻ 300 രൂപയോളം ചെലവ് വരും. ആംബുലൻസിൽ കൊണ്ടു പോയ വ്യക്തിയുടെ ടെസ്റ്റ് പോസിറ്റീവ് ആയാൽ ആ വ്യക്തിയെ കൊണ്ടു പോയ ഡ്രൈവർ 28 ദിവസത്തിൽ ജോലിക്കു പോവാതെ നിരീക്ഷണത്തിൽ കഴിയേണ്ട അവസ്ഥയാണുള്ളത്. ഇങ്ങിനെ ബുദ്ധിമുട്ടി ജോലിയെടുക്കുന്നവർക്കെതിരെ വ്യാജപ്രചരണം നടത്തുന്നതിൽ നിന്ന് പിന്മാറണമെന്ന് ഭാരവാഹികൾ അഭ്യർഥിച്ചു.

## മോദി ഭരണകൂടം കണ്ണു തുറന്നു കാണണമെന്ന് ഐ മൂസ

**വടകര:** എ.ഐ.സി.സി ആഹ്വാന പ്രകാരം രാജ്യവ്യാപകമായി നവമാധ്യമങ്ങളിലൂടെ നടന്ന സ്പീക് അപ് ഇന്ത്യ പ്രതിഷേധ പരിപാടിയുടെ ബ്ലോക്ക് തല ഉദ്ഘാടനം വടകരയിൽ കെ.പി.സി.സി നിർവാഹകസമിതി അംഗം ഐ മൂസ നിർവഹിച്ചു

കോവിഡ് 19 മഹാമാരി മുലം രാജ്യത്തെ ജനകോടികൾ അനുഭവിക്കുന്ന മഹാദുരന്തം കണ്ണ് തുറന്നു കാണുവാനും അവർക്ക് ആവശ്യമായ സാമ്പത്തിക സഹായം എത്തിക്കാനും പ്രധാന മന്ത്രി തയ്യാറാവണമെന്ന് അദ്ദേഹം പറഞ്ഞു.

ബ്ലോക്ക് പ്രസിഡന്റ് പുറന്തോടത്ത് സുകുമാരൻ അധ്യക്ഷത വഹിച്ചു. സി വത്സലൻ, കളത്തിൽ പീതാംബരൻ, വി.കെ പ്രേമൻ എന്നിവർ സംസാരിച്ചു.



*സ്പീക് അപ് ഇന്ത്യ പ്രതിഷേധ പരിപാടി വടകരയിൽ കെ.പി.സി.സി നിർവാഹകസമിതി അംഗം ഐ മൂസ ഉദ്ഘാടനം ചെയ്യുന്നു*

## മദ്യശാലകൾക്ക് മുമ്പിൽ വൻ തിരക്ക്

**രാമനാട്ടുകര:** ലോക്ക് ഡൗൺ കാരണം രണ്ടു മാസമായി അടച്ചിട്ടിരുന്ന സംസ്ഥാനത്തെ മദ്യ വില്പന കേന്ദ്രങ്ങൾ ഇന്നലെ തുറന്നതോടെ രാമനാട്ടുകരയിലെ ബാറുകൾക്ക് മുൻപിൽ വൻ തിരക്കാണ് അനുഭവപ്പെട്ടത്.രാമനാട്ടുകരയിൽ ബെവ്കോയുടെ മദ്യ വില്പനശാലക്കു മുൻപിൽ കയർ കെട്ടി തിരിച്ചിരുന്നു ഇവിടെ രണ്ടു പൊലീസുകാർ വരുന്നവരുടെ മൊബൈൽ പരിശോധിച്ച് കയർകെട്ടിന് ഉള്ളിലേക്ക് വിടുകയായിരുന്നു.ഇവിടെ ബെവ്കോയുടെ ജീവനക്കാരൻ ആളുകളെ പരിശോധിച്ച് അഞ്ചു പേരെ വീതം ഉള്ളിലേക്ക് പ്രവേശിപ്പിച്ചു.ആദ്യ ദിവസമായതു കൊണ്ട് മൊബൈലിൽ കിട്ടിയ സമയം പരിശോധന കർശനമാക്കിയിരുന്നില്ല.എന്നാൽ രാമനാട്ടുകരയിലെ രണ്ടു ബാറുകൾക്കു മുൻപിലും രാവിലെ തന്നെ നീണ്ട വരിയായിരുന്നു.തുടക്കത്തിലേ ആശയകുഴപ്പം കാരണം ഇവിടെ രണ്ടു സ്ഥലത്തും മദ്യ വിൽപന വൈകിയാണ് തുടങ്ങിയത്. ബാറുകളിൽ ഒൻപതു മണിക്ക് മദ്യവിതരണം തുടങ്ങാറായപ്പോഴാണ് ക്യൂ ആർ കോഡ് സ്കാൻ ചെയ്യാനുള്ള സംവിധാനവും ബില്ല് അടിക്കുവാനുള്ള യന്ത്രവും പണിമുടക്കിയത്. ആൾക്കൂട്ടം ഒഴിവാക്കാനായി അതിന് അനുസരിച്ചുള്ള സംവിധാനങ്ങളുടെ അപര്യാപ്തയും കാരണം ബാറുകൾക്കും മുൻപിലും റോഡിലുമായി ആളുകൾ സാമൂഹ്യ അകലം പാലിക്കാതെ തന്നെ വരിയായി നിന്നതും വിനയായി.

### സുഭിക്ഷ കേരളം :



*പദ്ധതിയുടെ ഭാഗമായുള്ള മാതൃക ഇടവിളകൃഷി തോട്ടം കെ.പി. ബിജു ഉദ്ഘാടനം ചെയ്യുന്നു*

പേരാമ്പ്ര : പേരാമ്പ്ര വെസ്റ്റ് വനിതാ സഹകരണ സംഘത്തിൽ 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായുള്ള മാതൃക ഇടവിളകൃഷി തോട്ടം ഉദ്ഘാടനം ചെയ്തു. പേരാമ്പ്ര-ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത മേഖലകളിൽ തരിശുഭൂമികൾ ഏറ്റെടുത്ത് കൃഷിയിറക്കുക, ഇടവിളകൃഷിയിലൂടെയുള്ള ഉൽപാദനം വർദ്ധിപ്പിക്കുക തുടങ്ങിയവ സംഘം ഇതിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഭാഗമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വാശ്രയ - ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും രൂപീകരിക്കന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംഘം ആരംഭിച്ച ഹൈടെക് - കോഴി വളർത്തൽ പദ്ധതി, ഹരിതഗ്രാമം പച്ചക്കറി കൃഷി പദ്ധതി, എന്നിവയ്ക്ക് പുറമെ ആട് ഫാം, മത്സ്യകൃഷി പദ്ധതികളും ഇതിന്റെ ഭാഗമായുണ്ട്. ഇടവിളകൃഷി തോട്ടത്തിന്റെ ഉദ്ഘാടനം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.പി. ബിജു നിർവ്വഹിച്ചു. പ്രസിഡണ്ട് എം.പി. ഇന്ദിര അധ്യക്ഷത വഹിച്ചു. സെക്രട്ടറി സി. സുജിത് റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാമ പഞ്ചായത്ത് അംഗം കെ.കെ. ബാലകൃഷ്ണൻ, സി.പി. ഷൈജിത്ത്, പി. രമാദേവി, പി.കെ. ശശിധരൻ, എ.എം. റീജ തുടങ്ങിയവർ സംസാരിച്ചു. ടി.പി .കുഞ്ഞിക്കണ്ണൻ, സി.എം. ശ്രീകല, എം. ഷിന, പി.കെ. ഹാജറ, ഷീബ കുന്നത്ത് തുടങ്ങിയവർ കാർഷിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



### ഇലത്തവളകളുടെ പ്രജനനം: ശ്രദ്ധയാകർഷിച്ച് ലേഖനം



**കൽപ്പറ്റ:** ഇലത്തവളകളുടെ പ്രജനനവുമായി ബന്ധപ്പെട്ട് ജേണൽ ഓഫ് ത്രെട്ടെന്റ് ടാക്സ എന്ന ഓൺലൈൻ മാസികയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം ജീവശാസ്ത്ര കുതുകികളുടെ ശ്രദ്ധയാകർഷിക്കുന്നു.പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന പൊൻമുടി, വയനാടൻ, സുന്ദരി, ജേർഡൻ എന്നീ ഇനം ഇലത്തവളകളുടെ പ്രജനനം സംബന്ധിച്ചാണ് ലേഖനം. ബംഗളൂരു അസിം പ്രേംജി സർവകലാശാലയിലെ ജീവശാസ്ത്രം ബിരുദ വിദ്യാർഥി എ.വി.അഭിജിത്തും യൂണിവേഴ്സിറ്റി ഫാക്കൽറ്റി പ്രൊഫ.ഷോമെൻ മുഖർജിയും ചേർന്നാണിതു തയാറാക്കിയത്. ബത്തേരി കലൂരിലെ എ.വി.മനോജ്-ഷേർലി ദമ്പതികളുടെ മകനാണ് അഭിജിത്ത്. പശ്ചിമബംഗാൾ സ്വദേശിയാണ് പ്രൊഫ.ഷോമെൻ മുഖർജി. കലൂരിലെ കാപ്പിത്തോട്ടത്തിൽ മാസങ്ങളോളം ഇലത്തവളകളെ നിരീക്ഷിച്ചു മനസിലാക്കിയ കാര്യങ്ങളാണ് ലേഖനത്തിൽ വിശദീകരിക്കുന്നത്. ഇലത്തവളകളുടെ ഇണചേരൽ, മുട്ടയിടൽ, ഭ്രൂണവികാസം, മുട്ടവിരിയൽ എന്നിവ സൂക്ഷ്മമായി നിരീക്ഷിച്ചാണ് ലേഖനം തയാറാക്കിയതെന്നു വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫറുമായ അഭിജിത്ത് പറഞ്ഞു. ഇലത്തവളകളുടെ പ്രജനന പ്രക്രിയയിൽ വാൽമാക്രി ഘട്ടമില്ല.മുട്ടകൾ വിരിഞ്ഞാണ് കുഞ്ഞുങ്ങൾ ഉണ്ടാകുന്നത്. മഴക്കാലത്താണ് പ്രജനനം.പശ്ചിമഘട്ടത്തിലെ ഇലത്തവളകളുടെ ജീവിതക്രമവും ഇണചേരുമ്പോഴത്തെ പെരുമാറ്റരീതികളും എന്ന പേരിലാണ് ലേഖനം പ്രസിദ്ധപ്പെടുത്തിയത്.

# കോവിഡ് 19 – ന്റെ മറവിൽ അനുമതി : പുതിയ ബാറുകകൾ പ്രവർത്തനം ആരംഭിച്ചു

**മാനന്തവാടി:** കോവിഡ് 19-ന്റെ മറവിൽ അനുമതി നൽകിയ മൂന്ന് ബാറുകളിൽ ഇന്നലെ മുതൽ പ്രവർത്തനം ആരംഭിച്ചു. പ്രതിരോധപ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനിടെയായിരുന്നു രഹസ്യമായി ബാറുകൾക്ക് അനുമതി നൽകിയത്. ഇതിനെതിരെ വൻ പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും ലോക്ക്ഡൗൺ നിയന്ത്രണങ്ങളെ തുടർന്ന് കാര്യക്ഷമമായി നടന്നിരുന്നില്ല, വയനാട് ജില്ലയിൽ മാത്രം മൂന്ന് ബാറുകൾക്കാണ് ലൈസൻസ് നൽകിയത്. സുൽത്താൻബത്തേരിയിൽ രണ്ടും, കൽപ്പറ്റയിൽ ഒരു ബാറിനുമാണ് ലൈസൻസ് നൽകിയത്. ഇതാണ് വ്യാഴാഴ്ച മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

ബെവ് ക്യു ആപ്പ് വഴി ഈ ബാറുകളിലും ബീവറേജസ് കോർപറേഷൻ വഴി ടോക്കൺ നൽകുകയും ചെയ്തിരുന്നു. എന്നാൽ ചില ബാറുകളിൽ മദ്യം എത്താൻ വൈകിയത് മദ്യം വാങ്ങാനെത്തിയവരെ നിരാശരാക്കി. ഉച്ച കഴിഞ്ഞാണ് ഇവിടങ്ങളിൽ മദ്യം എത്തിയത്. ജില്ലയിൽ നേരത്തെ ആറ് ബാറുകളാണ് ഉണ്ടായിരുന്നത്. ഇപ്പോഴത് ഒമ്പതായി വർധിച്ചു. സുൽത്താൻബത്തേരിയിൽ മൂന്ന് ബാറുകളും, മാനന്തവാടിയും കൽപ്പറ്റയിലും രണ്ട് വീതവും, വൈത്തിരി, വടുവഞ്ചാൽ എന്നിവിടങ്ങളിൽ ഓരോ ബാറുകളുമാണ് നിലവിൽ പ്രവർത്തിക്കുന്നത്. ജില്ലയിൽ നിലവിൽ അഞ്ച് ബീവറേജസ് കോർപറേഷന്റെ വിദേശമദ്യശാലകളാണുള്ളത്. മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി, പനമരം, അമ്പലവയൽ എന്നിവിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഇതിൽ മാനന്തവാടി ഒഴികെയുള്ള എല്ലായിടത്തും മദ്യശാലകൾ തുറന്നുപ്രവർത്തിച്ചു.




ആറ് ബിയർ പാർലറുകളും ജില്ലയിൽ ഇതോടൊപ്പം തുറന്നുപ്രവർത്തിച്ചു. മൂന്നെണ്ണം കൽപ്പറ്റയിലും, രണ്ട് മീനങ്ങാടിയിലും, ഒന്ന് സുൽത്താൻബത്തേരിയിലുമാണ് ബിയർ പാർലറുകൾ പ്രവർത്തിക്കുന്നത്.

## ആംബുലൻസിൽ നിന്നും കഞ്ചാവ് : രണ്ട് പേർ അറസ്റ്റിൽ




**കൽപ്പറ്റ:** ഷോക്കേറ്റ് മരണപ്പെട്ട അന്യ സംസ്ഥാനതൊഴിലാളിയുടെ മൃദേഹവുമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും മധ്യപ്രദേശിൽ പോയി മടങ്ങി വരുകയായിരുന്ന സ്വകാര്യ ആംബുലൻസിൽ നിന്നും 200 ഗ്രാം കഞ്ചാവ് പിടികൂടി. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് മേധാവിആർ ഇളങ്കോ ഐപിഎസിന്റെ നിർദ്ദേശപ്രകാരം വയനാട് നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി റജികുമാറും ജില്ലയിലെ ആന്റി നാർക്കോട്ടിക് സെൽ അംഗങ്ങളും നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. കഞ്ചാവ് കടത്തിയ കോഴിക്കോട് കൊടുവള്ളി കൊതൂർ വീട്ടിൽ റിയാസ് (36),കുറുവാറ്റൂർ കുഞ്ഞങ്ങൽ വീട്ടിൽ ഹലീൽ (35) എന്നിവരെ അറസ്റ്റ് ചെയ്തു. ഇരുവരും മെഡിക്കൽ കോളേജ് സംരക്ഷണ സമയംഗം കൂടിയാണ്. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ മുത്തങ്ങയിൽ വെച്ച് വാഹനം പരിശോധിച്ചെങ്കിലും ഒന്നും ലഭിച്ചില്ലായിരുന്നു. തുടർന്ന് കൽപ്പറ്റ ബൈപാസിൽ വെച്ച് ആന്റി നാർക്കോട്ടിക് സംഘം പോലീസ് നായയുടെ സഹായത്തോടെ നടത്തിയ പരിശോധനയിൽ ആംബുലൻസിൽ ഒളിപ്പിച്ച 200 ഗ്രാം കഞ്ചാവ് കണ്ടെത്തുകയായിരുന്നു. വിൽപ്പനക്കായി ചെറിയ പാക്കറ്റുകളിൽ സൂക്ഷിച്ച നിലയിലായിരുന്നു കഞ്ചാവ് .വരും ദിവസങ്ങളിലും അന്യ സംസ്ഥാനത്ത് നിന്നും വരുന്ന വാഹനങ്ങളിൽ പരിശോധന ശക്തമാക്കുമെന്നും ഇത്തരക്കാർക്കെതിരെ കർശന നിയമനടപടികളുമായി മുന്നോട്ട് പോകുമെന്നും ജില്ലാ പോലീസ്മേധാവി അറിയിച്ചു.

## നായാട്ട് : ഓടി രക്ഷപ്പെട്ട മൂന്ന് പേർ കിഴടങ്ങി



**മാനന്തവാടി:** ബേഗൂർ റെയിഞ്ചിൽ തിരുനെല്ലി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ മല്ലികപ്പാറയിൽ നായാട്ട് നടത്തുവാനുള്ള ശ്രമത്തിന് ഇടയിൽ വനം വകുപ്പിന്റെ പിടിയിൽ നിന്നും ഓടി രക്ഷപ്പെട്ട മൂന്ന് പേർ കിഴങ്ങി. ഇന്ന് രാവിലെയാണ് വനംവകുപ്പ് ഓഫിസിൽ കീഴടങ്ങിയത്. തോൽപ്പെട്ടി നരിക്കല്ല് വടക്കേക്കര വി.കെ സെയ്തലവി (43) വിളത്തിപുലാൻ നൗഷദ് (33) ചേർക്കാട്ടിൽ അബ്ദുൾ റഹിം(35) എന്നിവരാണ് കിഴങ്ങിയാത്. തോൽപ്പെട്ടി നരിക്കല്ല് നടുക്കണ്ടി ഷാഫി (38) വനം വകുപ്പിന്റെ പിടിയിലായിരുന്നു. ഷാഫിയിൽ നിന്ന് തേക്കും തിരകളും പിടികൂടിയിരുന്നു. മെയ് 21ന് പുലർച്ചെ നടത്തിയ പരിശോധനയിലാണ് സംഘം വലയിൽപ്പെട്ടത്. കിഴടങ്ങിയ പ്രതികളെ തിരുനെല്ലിയിൽ എത്തിച്ച് തെളിവെടുത്തു.പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കും .പ്രതികളെ കസ്റ്റഡിയിൽ വാങ്ങുന്നതിന് കോടതിയിൽ അപേക്ഷ നൽകുമെന്നും വനം വകുപ്പ് പറഞ്ഞു. ബേഗുർ റെയിഞ്ചർ വി.രതിശൻ, ഡെപ്യൂട്ടി റെയിഞ്ചർ എം പി ജയപ്രസാദ് എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം .

## സ്റ്റീഫനും കുടംബത്തിനും വീടു നിർമ്മിച്ചു ജനമൈത്രി പോലിസ്



**പടിഞ്ഞാറെത്തറ:** ശാരീരിക വൈകല്യമുള്ള മൂന്ന് പെൺകുട്ടികൾക്കും കുടുംബത്തിനും ഇനി ചോർന്നൊലിക്കാത്ത വീട്ടിൽ കിടന്നുറങ്ങാം.സംസ്ഥാനത്ത തന്നെ ജനമൈത്രിപോലീസിന് പൊൻതൂവൽ ചാർത്തിക്കൊണ്ടാണ് കുപ്പാടിത്തറയിലെ കരിയാട്ടകുന്ന സിറ്റീഫനും കുടുംബത്തിനും ജനമൈത്രിപോലീസിന്റെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തത്തിൽ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ വീട് നിർമിച്ചു നൽകിയത്. രണ്ട് വർഷം മുമ്പ് പോലീസ് നടത്തിയ ജനസമ്പർക്ക പരിപാടിയിലൂടെയാണ് നിരാംലബരായ കുടംബത്തിന്റെ ദയനീയത ബോധ്യപ്പെട്ടത്.

നിത്യരോഗകളായ മാതാപിതാക്കളും ജന്മനാ അന്ധരും മനോവൈകല്യമുള്ളവരുമായ മൂന്ന് പെൺകുട്ടികളും ചോർന്നൊലിക്കുന്നതും കെട്ടുറപ്പില്ലാത്തതുമായ വീട്ടിൽ ഭീതിയോടെകഴിയുന്ന കാഴ്ച ആരെയും കരളലിയിപ്പിക്കുന്നതായിരുന്നു. 30 ഉം 26ഉം 25ഉം വയസ്സ് പ്രായമുള്ള പെൺകുട്ടികളാണ് പ്രാഥമികാവശ്യങ്ങൾ പോലും സ്വന്തമായി ചെയ്യാനാവാതെ അമ്മയെ മാത്രം ആശ്രയിച്ചു കഴിഞ്ഞു വന്നിരുന്നത്. പ്രയാസങ്ങൾ ബോധ്യമായതിനെ തുടർന്ന് അന്ന് സബ് ഇൻസ്പെക്ടറായിരുന്ന പി പ്രകാശനും സ്റ്റേഷനിലെ മുഴുവൻ പോലീസുകാരും അവരെ അടച്ചുറപ്പുള്ള വീട്ടിൽ താമസിപ്പിക്കുകയെന്ന ലക്ഷ്യവുമായി ഒന്നിച്ചു മുന്നേറുകയായിരുന്നു.

ജനമൈത്രിപോലീസിന്റെ നേതൃത്വത്തിൽ നിർമാണ കമ്മറ്റി രൂപീകരിച്ച് പോതുജനങ്ങളുടെ സഹായത്തോടെയാണ് വീട് നിർമാണം ആരംഭിച്ചത്.നിരവധി പേർ വിദേശത്ത് നിന്നുൾപ്പെടെ പണമായും നിർമാണ വസ്തുക്കളായും സഹായിച്ചതോടെ എല്ലാ വിധ ആധുനിക സൗകര്യങ്ങളും വീട്ടുപകരണങ്ങളുമുൾപ്പെട്ട വീട് ഒന്നരവർഷത്തിനുള്ളിൽ നിർമിച്ചുനൽകാനായി. വീട് നിർമാണത്തിനായി ചെയർമാൻ കെ ടി കുഞ്ഞബ്ദുള്ള, വൈസ് ചെയർമാൻ ജോജിൻ ടി ജോയ്,കൺവീനർ പി പ്രകാശൻ(സിഐ), ജോയിന്റ് കൺവീനർ കെ പി മുരളിധരൻ എഎസ്ഐ, ട്രഷറർ റൈഹാനത് എന്നിവരടങ്ങുന്ന 11 അംഗ സമിതിക്കായിരുന്നു നിർമാണച്ചുമതല.പൂർത്തിയാക്കിയ വീടിന്റെ താക്കോൽ ജില്ലാ പോലീസ് മേധാവി ആർ ഇളങ്കോ കുടുംബത്തിന് കൈമാറി. കൂലിപ്പണിക്ക് പോലും പോവാൻ കഴിയാത്ത കുടുംബത്തിന്റെ തുടർചിലവുകളും ഏറ്റെടുത്തുകൊണ്ട് സംരക്ഷണമൊരുക്കാനാണ് സമിതിയുടെ തീരുമാനം. ചടങ്ങിൽ ഡി വൈ എസ് പി ജേക്കബ് അധ്യക്ഷത വഹിച്ചു.പഞ്ചായത്ത് പ്രസിഡണ്ട് നൗഷാദ് മുഖ്യ പ്രഭാഷണം നടത്തി.

# ഇന്ത്യയിലെ ആദ്യത്തെ തെർമൽ സ്ക്രീനിംഗ് ഗെയ്റ്റ് പ്രവർത്തനമാരംഭിച്ചു

**കണ്ണൂർ:** ഇന്ത്യയിലെ ആദ്യത്തെ തെർമൽ സ്ക്രീനിംഗ് സ്മാർട്ട് ഗെയ്റ്റ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിൽ പ്രവർത്തനമാരംഭിച്ചു. ഇത് സ്ഥാപിക്കാൻ മുൻകൈ എടുത്ത കെ.പി.സി.സി. വർക്കിംഗ് പ്രസിഡൻറ് കെ.സുധാകരൻ എം.പി.ലളിതമായ ചടങ്ങിൽ ഉദ്ഘാടനം നിർവ്വഹിച്ചു .

വിദേശ രാജ്യങ്ങളിൽ വിമാന യാത്രികരുടെ താപനില പരിശോധിക്കാൻ ഉപയോഗിക്കുന്ന അത്യാധുനിക സംവിധാനമാണിത്.ഇന്ത്യയിൽ ഇതുവരെ ഇത്തരമൊന്ന് ഒരു എയർപോർട്ടിലും സ്ഥാപിച്ചിട്ടില്ല. കണ്ണൂരിൽ ആദ്യത്തേത് .നാലു തെർമൽ യൂണിറ്റുകളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്.

ഒരേ സമയം പത്തിലധികം യാത്രക്കാരുടെ ശരീരോഷ്മാവ് പത്ത് മീറ്റർ അകലെ നിന്നു പോലും തിരിച്ചറിഞ്ഞ് സിഗ്നൽ തൽകാൻ കഴിയുന്ന അത്യാധുനിക സംവിധാനമാണിത്. ചെറിയ പിഴവുകൾക്കു പോലും മുന്നറിയിപ്പ് നൽകാനുമാകും. താപനില പരിശോധനക്ക് കുറെ സമയം യാത്രക്കാർ ക്യൂ നിൽക്കുന്നത് ഒഴിവാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത.

കൂടുതൽ വേഗത്തിൽ പരിശോധനാ സംബന്ധിയായ കാര്യങ്ങൾ പൂർത്തിയാക്കാനും സാധിക്കും.

ഇരുപത് ലക്ഷത്തിൽപരം രൂപ ചിലവ് വരുന്നതാണ് ഈ സംവിധാനം. സാമ്പത്തിക ബാധ്യത ഏറ്റെടുത്ത മണപ്പുറം ഫൈനാൻസിനും അതിന്റെ മാനേജിംഗ് ഡയരക്ടർ നന്ദകുമാറിനും കെ.സുധാകരൻ നന്ദി പ്രകാശിപ്പിച്ചു. കോവിഡ് രോഗ പശ്ചാത്തലത്തിൽ നിയന്ത്രണങ്ങൾ പാലിച്ചു നടത്തിയ ചടങ്ങിൽ കിയാൽ മാനേജിംഗ് ഡയരക്ടർ.വി.തുളസീദാസ് ,ജില്ലാ കലക്ടർ ടി.വി. സുഭാഷ് മണപ്പുറം ഫി



നാൻസ് കമ്പനി റീജ്യനൽ മാനേജർ വി.കെ.ധനേഷ് തുടങ്ങിയവർ പങ്കെടുത്തു.

## ജില്ലയിൽ നിരീക്ഷണത്തിൽ 12478 പേർ

**കണ്ണൂർ:** കൊറോണ ബാധ സംശയിച്ച് ജില്ലയിൽ നിരീക്ഷണത്തിലുള്ളത് 12478 പേർ. ഇവരിൽ കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ 65 പേരും അഞ്ചരക്കണ്ടി കോവിഡ് ചികിൽസാ കേന്ദ്രത്തിൽ 73 പേരും തലശ്ശേരി ജനറൽ ആശുപത്രിയിൽ 26 പേരും കണ്ണൂർ ജില്ലാ ആശുപത്രിയിൽ 20 പേരും വീടുകളിൽ 12294 പേരുമാണ് നിരീക്ഷണത്തിൽ കഴിയുന്നത്. ഇതുവരെയായി ജില്ലയിൽ നിന്നും 6307 സാമ്പിളുകൾ പരിശോധനയ്ക്കയച്ചതിൽ 5930 എണ്ണത്തിന്റെ ഫലം ലഭ്യമായി. 5596 എണ്ണത്തിന്റെ ഫലം നെഗറ്റീവാണ്. 377 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്.

## യാത്രയയപ്പ് നൽകി

**കണ്ണൂർ:** ജില്ലയിലെ പൊലീസ് സേനയിൽ നിന്ന് വിരമിക്കുന്ന 31പേർക്ക് കേരള പൊലീസ് അസോസിയേഷനും ഓഫീസേഴ്സ് അസോസിയേഷനും ചേർന്ന് യാത്രയയപ്പ് നൽകി. ജില്ലാ പൊലീസ് ചീഫ് യതീഷ് ചന്ദ്ര ഉദ്ഘാടനം ചെയ്തു. ഡി.വൈ.എസ്. പി. പി. പി.സദാനന്ദൻ ഉപഹാരങ്ങൾ സമ്മാനിച്ചു. കെ.പി.എ.ജില്ലാ പ്രസിഡൻറ് ടി.ഷംസുദ്ദീൻ അധ്യക്ഷനായിരുന്നു.

വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് രമേശൻ വെള്ളോറ ഇ പി.സുരേശൻ, കെ - രാജേഷ് പ്രസംഗിച്ചു

## മട്ടന്നൂരിൽ ബാർ തുറന്നില്ല : ഉപഭോക്താക്കൾ നിരാശരായി

**മട്ടന്നൂർ:** ബാർ തുറക്കാത്തതു കാരണം മട്ടന്നൂരിൽ ഓൺലൈൻ വഴി മദ്യത്തിനു ബുക്ക് ചെയ്തവർ നിരാശരായി.

ക്വാറന്റൈൻ കേന്ദ്രമായതു കാരണം കലക്ടറുടെ അനുമതി ലഭിക്കാത്തതിനാൽ ബാർ തുറക്കുവാൻ വൈകുമെന്ന് ബോർഡെഴുതി വെച്ചിട്ടുണ്ട്.

## ശശീന്ദ്രന് വിട

**കണ്ണൂർ :** അന്തരിച്ച ബി.ജെ.പി.മുൻ ജില്ലാ പ്രസിഡന്റ് എം.കെ.ശശീന്ദ്രന് കണ്ണീരിൽ കുതിർന്ന വിട. വൈകീട്ട് പയ്യാമ്പലത്ത് നടന്ന സംസ്ക്കാര ചടങ്ങിൽ ബി.ജെ.പി. സംസ്ഥാന-ദേശീയ നേതാക്കൾ പങ്കെടുത്തു. അനുശോചനയോഗവുമുണ്ടായി.ദേശീയ സമിതി അംഗങ്ങളായ പി.കെ.കൃഷ്ണദാസ്, സി.കെ.പത്മനാഭൻ ,ആർ.എസ്.എസ്. പ്രാന്ത സഹസംഘചാലക് അഡ്വ.കെ.കെ.ബാലറാം, പ്രാന്തീയ സമ്പർക്ക പ്രമുഖ് പി.പി.സുരേഷ് ബാബു സഹകാര്യവാഹ് വി.വി.ശശിധരൻ, ബി.ജെ.പി ദേശീയ കൗൺസിൽ അംഗം എ ദാമോദരൻ, സ്റ്റേറ്റ് സെക്രട്ടറി കെ.രൻ ജിത്, ജില്ലാ പ്രസിഡന്റ് എൻ.ഹരിദാസ്, ജനറൽ സെക്രട്ടറി കെ.കെ. വാര നാദ് കുമാർ ബിജു എളക്കുഴി, മേഖല വൈസ് പ്രസിഡൻറ് വി.വി.ചരൽ ആർ.എസ്.എസ് വിമാഗ്കാരു വാഹ് കെ.വി.ജയരാജൻ തുടങ്ങിയ നേതാക്കൾ അനുശോചിക്കാനെത്തി

## ഞാറ്റുവേല ചന്ത

**അങ്ങാടിക്കടവ്:** സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി അയ്യൻകുന്ന് പഞ്ചായത്തിൽ ഞാറ്റുവേല ചന്ത ആരംഭിച്ചു. ചന്തയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡൻറ് ഷീജ സെബാസ്റ്റ്യൻ നിർവഹിച്ചു. അയ്യൻകുന്ന് പഞ്ചായത്ത്, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, കൃഷിഭവൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണു ഞാറ്റുവേല ചന്ത സംഘടിപ്പിച്ചത്. പഞ്ചായത്ത് ഓഫീസ് പരിസരത്താണ് ചന്തയുടെ പ്രവർത്തനം. നിരവധിയാളുകൾ ചന്ത സന്ദർശനം നടത്തി കാർഷികോത്പന്നങ്ങൾ വാങ്ങി.

## ശുചീകരണ പരിപാടിയായ മഴയ്ക്ക് മുമ്പെ ചലഞ്ച് തുടങ്ങി

**കണ്ണൂർ:** കണ്ണൂർ സർവകലാശാല എൻഎസ്എസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മഴക്കാലപൂർവ ശുചീകരണ പരിപാടിയായ മഴയ്ക്ക് മുമ്പെ ചലഞ്ച് തുടങ്ങി.

പത്ത് ദിവസങ്ങളിലായി സർവകലാശാലയ്ക്ക് കീഴിലെ 7400 വാളണ്ടിയർമാർ അവരവരുടെ വീടും, പരിസര പ്രദേശവും വൃത്തിയാക്കും. വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള ചപ്പുചവറുകൾ, പ്ലാസ്റ്റിക്, ചിരട്ട മുതലായവ ശുചീകരിക്കുക.

പരിസരങ്ങളിലെ ജലാശയങ്ങളിൽ നീരൊഴുക്ക് തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുക, കമ്പോസ്റ്റ് കുഴികൾ നിർമിക്കുക എന്നിവയാണ് ചെയ്തുവരുന്നത്. കണ്ണൂർ സർവകലാശാല എൻഎസ്എസ് സെല്ലിൻറെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ മഴക്കാല സാംക്രമിക രോഗങ്ങളെ ചെറക്കുന്നതിനുള്ള ബോധവൽക്കരണവും നടത്തുന്നുണ്ട്.

ഓരോ വോളണ്ടിയർമാരും നടത്തിവരുന്ന പ്രവർത്തനങ്ങൾ ചിത്രീകരിച്ച് ഫേസ്ബുക്ക് പേജിൽ പങ്കുവെച്ചുകൊണ്ടാണ് ചലഞ്ച് മുന്നോട്ട് കൊണ്ടുപോകുന്നത്.

ലോക്ഡൌൺ കാരണം കലാലയങ്ങൾക്ക് അവധിയാണെങ്കിലും നാഷണൽ സർവീസ് സ്കീമിൻറെ പ്രവർത്തനങ്ങൾക്ക് ലോക്ഡൌൺ തടസ്സമാകില്ലെന്ന് വീണ്ടും തെളിയിക്കുകയാണ് തങ്ങളുടെ വളണ്ടിയർമാർ എന്ന് എൻഎസ്എസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. പ്രിയ വർഗീസ് പറഞ്ഞു.

സാനിട്ടൈസർ നിർമാണം, മാസ്ക് നിർമാണം, വീട്ടുവളപ്പിൽ കൃഷി, ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിക്കുക, എൻ.എസ്.എസ് ദത്ത് ഗ്രാമങ്ങളിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ നൽകുക, ബോധവൽക്കരണ വീഡിയോകൾ തയ്‌ാറാക്കുയക, വീടുകളിൽ സൌജന്യ പലവ്യഞ്ജന കിറ്റ് വിതരണം, പക്ഷികൾക്കുള്ള ദാഹജലം സജ്ജീകരിക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ ഈ ലോക്ഡൈൺ കാലഘട്ടത്തിലും സജീവമായി പ്രവർത്തനങ്ങൾ തുടരുകയാണ് എൻ.എസ്.എസ് വാളണ്ടിയർമാർ.
.

## മദ്യശാലകൾ തുറക്കാമെങ്കിൽ ആരാധനാലയങ്ങളും തുറക്കാം കെ.മുരളീധരൻ



**കോഴിക്കോട്:** മദ്യശാലകൾ തുറക്കാമെങ്കിൽ ആരാധനാലയങ്ങളും തുറക്കാമെന്ന് കെ.മുരളീധരൻ എം.പി. ആരാധനാലയങ്ങളിൽ ഭക്തർക്ക് വെർചൽ ക്യൂ സംവിധാനം ഏർപ്പെടുത്തണമെന്നും മുരളീധരൻ പറഞ്ഞു.

മുഖ്യമന്ത്രിയുടെ അനുവാദമുണ്ടെങ്കിൽ പ്രവാസികളുടെ ക്വാറന്റീൻ ചെലവ് യു.ഡി.എഫ് ഏറ്റെടുക്കാൻ തയാറാണ്. എന്നാൽ ഇതിനുവേണ്ടി ചെക്കുമായി കലക്ട്രേറ്റിൽ കയറിയിറങ്ങി നടക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. വെർചൽ ക്യൂ സംവിധാനം വഴി ഇന്നുമുതൽ സംസ്ഥാനത്ത് മദ്യവിൽപന പുനരാരംഭിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് മുരളീധരന്റെ പ്രതികരണം.

## മാടായി വൈദ്യുതി ഓഫീസിനു മുന്നിൽ കോൺഗ്രസ് പ്രതിഷേധം

**പഴയങ്ങാടി :** പിണറായി സർക്കാരിന്റെ ജനദ്രോഹ നടപടിക്കെതിരെയും വൈദ്യുതി ചാർജ് വര്ധനവിനെതിരെ യും ഇടതു സർക്കാരിന്റെ നാലാം വാർഷിക ദിനത്തിൽ മാടായി 10, 13, വാർഡ് കോൺഗ്രസ് കമ്മിറ്റികൾ മാടായി വൈദ്യുതി ഓഫീസിനു മുന്നിൽ പ്രതിഷേധം സമരം നടത്തി. സാമൂഹിക അകലം പാലിച്ചും മാസ്ക് ധരിച്ചുമായിരുന്നുമു സമരം.

ഡി സി സി ട്രഷറർ കെ. വി. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് സുധീർ വെങ്ങരഅധ്യക്ഷത വഹിച്ചു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് പി. പി. കരുണാകരൻ, പി. കുമാരൻ മടപ്പള്ളി പ്രദീപൻ, കക്കോപ്രവൻ മോഹനൻ, സജിനാരായണൻ, പി. അബ്ദുൽ ഖാദർ, ശ്രീജിത്ത് പൊങ്ങാടൻ, എ. വി. സനിൽ, സേവ്യർ. കെ. ലിയോ എന്നിവർ പ്രസംഗിച്ചു.

സമരത്തിന് പഞ്ചായത്ത് അംഗം കെ. ഡെയ്സി, ജോയ് ചൂട്ടാട്, വി. എ. ജോർജ്, റജിനോൾഡ് പോൾ, എന്നിവർ നേതൃത്വം നൽകി.

ഇന്ത്യയിലെ ആദ്യത്തെ തെർമൽ സ്ക്രീനിംഗ് ഗെയ്റ്റ് കണ്ണൂരിൽ



*സർക്കാറിന്റെ വികല മദ്യനയത്തിനെതിരെ മദ്യ വിരുദ്ധ സംഘടനകൾ സംയുക്തമായി കണ്ണൂർ കലക്ടറേറ്റിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ തലശ്ശേരി രൂപത സഹായ മെത്രാൻ മാർ ജോസഫ് പാമ്പ്ലാനി ഉദ്ഘാടനം ചെയ്യുന്നു*



# കുവൈറ്റിൽ നിന്നെത്തിയ പ്രവാസികൾ പെരുവഴിയിൽ ഭക്ഷണം പോലും ലഭിച്ചില്ലെന്ന് പരാതി

**കാസർകോട്:** നിരീക്ഷണത്തിന് സൗകര്യമില്ലാത്തതിനാൽ കണ്ണൂർ-കാസർകോട് അതിർത്തിയിൽ നിരവധി പ്രവാസികൾ കുടുങ്ങിക്കിടക്കുന്നു.

മൂന്ന് ബസുകളിലായി എത്തിയ 14 പേരാണ് കാലിക്കടവ് എന്ന സ്ഥലത്ത് കുടുങ്ങിക്കിടക്കുന്നത്.ഇന്നലെ രാത്രിയാണ് ഇവർ കൊച്ചി വിമാനത്താവളത്തിൽ എത്തിയത്. തുടർന്ന് ഇവരെ കെ.എസ്.ആർ.ടി.സി ബസുകളിലാണ് ക്വാറൻറീൻ ചെയ്യുന്നതിനായി എത്തിക്കുന്നത്.

ക്വാറൻറീൻ സൗകര്യമില്ലാത്തതല്ല,പരീക്ഷാഡ്യൂട്ടിക്ക് ആരോഗ്യപ്രവർത്തകർ പോയതാണ് പ്രതിസന്ധിക്ക് കാരണമെന്നാണ് എ.ഡി.എം വിശദീകരിക്കുന്നത്.ആരോഗ്യപ്രവർത്തകർ എത്തിയ ശേഷം പ്രവാസികളെ പരിശോധിച്ച് കടത്തിവിടുമെന്നും ഇവർ വിശദീകരിക്കുന്നു. അതിർത്തിയിൽ എത്തിയവരെ അതാത് പഞ്ചായത്തുകളിൽ എത്തിച്ച് ക്വാറൻറീൻ ചെയ്യുമെന്നും അധികൃതർ പറഞ്ഞു.

ഉച്ചയ്ക്ക് പന്ത്രണ്ട് മണിയോടെ മൂന്ന് ബസുകളും കാലിക്കടവ് എത്തി.

പ്രാഥമിക സൗകര്യം പോലുമില്ലാതെ സ്ത്രീകൾ അടക്കമുള്ളവരാണ് ഇവിടെ അകപ്പെട്ടത്.

ഇന്നലെ രാത്രിയാണ് ഭക്ഷണം കഴിച്ചതെന്നും അതിന് ശേഷം ഭക്ഷണം ലഭിച്ചിട്ടില്ലെന്നും പ്രവാസികൾ പറയുന്നു.



## കാസർകോട് ജില്ലയിലെ കണ്ടെയിൻമെന്റ് സോണുകൾ ഇവ

**കാസർകോട് :** കൂടുതൽ കോവിഡ് കേസുകൾ റിപോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജില്ലയിലെ കണ്ടെയ്ൻമെന്റ് സോണുകളുടെ പട്ടിക ജില്ലാ ഭരണകൂടം പുറത്തുവിട്ടു.

പൈവളിഗെ പഞ്ചായത്തിലെ മൂന്ന്, നാല് വാർഡുകളും, കള്ളാർ പഞ്ചായത്തിലെ നാലാം വാർഡും, കാസർകോട് മുനിസിപ്പാലിറ്റിയിലെ നാല്, 23-ാം വാർഡുകളും, കോടോം ബേളൂർ പഞ്ചായത്തിലെ 14-ാം വാർഡും, വോർക്കാടി പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകളും, മീഞ്ചയിലെ രണ്ടാം വാർഡും, മംഗൽപാടി പഞ്ചായത്തിലെ 11-ാം വാർഡും, മധൂർ പഞ്ചായത്തിലെ ഏഴാം വാർഡും, ഉദുമയിലെ ഒമ്പതാം വാർഡും, മഞ്ചേശ്വരത്തെ 11-ാം വാർഡുമാണ് കണ്ടെയിൻമെന്റ് സോണിലുള്ളത്.

## കിസാൻസഭ സമരം നടത്തി

**രാജപുരം :** കാർഷിക മേഖലയ്ക്ക് പ്രത്യേക പാക്കേജ് അനുവദിക്കുക, എല്ലാ കാർഷിക വായ്പകളും എഴുതിത്തള്ളുക, വിത്തിനും വളത്തിനും അൻപത് ശതമാനം വില കുറയ്ക്കുക, കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്കും ഡീസലിനും ഇളവ് നൽകുക, പ്രധാനമന്ത്രി കിസാൻ സഹായം ഉയർത്തുക, ആറുമാസത്തേക്ക് എല്ലാ കുടുംബങ്ങൾക്കും 10, 000രൂപ വീതം സാമ്പത്തിക സഹായം അനുവദിക്കുക, അവശ്യസാധന നിയമം ഭേദഗതി ചെയ്യാനുള്ള നടപടി പിൻവലിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് കിസാൻസഭ കള്ളാർ പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ രാജപുരം സബ് പോസ്റ്റ് ഓഫീസിനു മുൻപിൽ സമരം നടത്തി. സിപിഐ ജില്ലാ കമ്മിറ്റിയംഗം ടി.കെ. നാരായണൻ ഉദ്ഘാടനം ചെയ്തു. കെ.കുഞ്ഞികൃഷ്ണൻ മണിക്കൽ അധ്യക്ഷത വഹിച്ചു.


## ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ച 18 പേരും മഹാരാഷ്ട്രയിൽ നിന്നുമെത്തിയവർ

**കാസർകോട്:** വ്യാഴാഴ്ച കാസർകോട് ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ച 18 പേരിൽ 13 പേർ മഹാരാഷ്ട്രയിൽ നിന്നും എത്തിയവരാണ്.

ഒരു സ്ത്രീയ്ക്കും 17 പുരുഷന്മാർക്കുമാണ് രോഗം സ്ഥിരീകരിച്ചതെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ എ വി രാംദാസ് അറിയിച്ചു.

മഹാരാഷ്ട്രയ്ക്കു പുറമെ കുവൈത്ത് (രണ്ട്), ഖത്തർ (ഒന്ന്), ഷാർജ (ഒന്ന്), തമിഴ്നാട് (ഒന്ന്) എന്നിവടങ്ങളിൽ നിന്നും വന്നവർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്.

ഇതോടെ ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ച് ചികിത്സയിലുള്ളവരുടെ എണ്ണം 67 ആയി.



മഹാരാഷ്ട്രയിൽ നിന്ന് വന്നവർമെയ് 23 ന് ട്രെയിനിൽ വന്ന 41 വയസുകാരനും, മെയ് 24ന് ബസിന് വന്ന 51, 39, 48, 42 വയസുള്ളവർക്കും, മെയ് 23 ന് ബസിൽ വന്ന 38 വയസുകാരനും, മെയ് 22 ന് ബസിൽ വന്ന 45 വയസുകാരനും, മെയ് 18 ന് ബസിൽ വന്ന 40, 29 വയസുള്ളവർക്കും, മെയ് 17 ന് ബസിൽ വന്ന 37, 40 വയസുള്ളവർക്കും, മെയ് 19 ന് ബസിൽ വന്ന 28 വയസുകാരനും, മെയ് 17 ന് കാറിൽ വന്ന 54 വയസുകാരനുമാണ് കോവിഡ് സ്ഥിരീകരിച്ചത്.

തമിഴ്നാട്മെയ് 20 ന് തമിഴ്നാട്ടിൽ നിന്ന് ബസിൽ വന്ന 23 വയസുകാരനും കോവിഡ് സ്ഥിരീകരിച്ചു.

## മലയോരപ്രദേശങ്ങളിൽ വ്യാപകമായി ഡെങ്കിപ്പനി

**കാഞ്ഞങ്ങാട്:** കൊറോണ രോഗ ഭീതി നിലനിൽക്കെ തന്നെ ജില്ലയിലെ മലയോരപ്രദേശങ്ങളിൽ വ്യാപകമായി ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ നഗര പ്രദേശങ്ങളിൽ കൊതുകുജന്യരോഗ സാധ്യത മനസിലാക്കുന്നതിനായി ജില്ല വെക്ടർ കൺട്രോൾ യൂണിറ്റ് കാസർഗോഡ്, കാഞ്ഞങ്ങാട് നഗരങ്ങളിൽ നടത്തിയ പരിശോധനയിൽ ഡെങ്കിപ്പനിക്ക് കാരണമാകുന്ന ഈഡിസ് കൊതുകുകളുടെയും മലമ്പനിക്ക് കാരണമാകുന്ന അനോഫിലസ് കൊതുകുകളുടെയും ഉറവിടങ്ങൾ വ്യാപകമായി കണ്ടെത്തി. ഇതു നഗര പ്രദേശങ്ങളിൽ പകർച്ച വ്യാധികൾ പിടിപെടാനുള്ള സാധ്യതയിലേക്ക് വിരൽചൂണ്ടുകയാണെന്ന് ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു. കാസർഗോഡ്, കാഞ്ഞങ്ങാട് നഗരങ്ങളിലെ സ്വകാര്യ ആശുപത്രികൾ, ലോഡ്ജുകൾ മത്സ്യമാർക്കറ്റുകൾ, വിവിധ സ്ഥാപനങ്ങൾ, നിർമാണത്തിലിരിക്കുന്ന കെട്ടിടങ്ങൾ എന്നിവിടങ്ങളിലാണ് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ പ്രത്യേക സംഘം പരിശോധന നടത്തിയത ആശുപത്രികൾ, മത്സ്യമാർക്കറ്റുകൾ തുടങ്ങി ജനങ്ങൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ രോഗകാരികളായ കൊതുകുകളെ കണ്ടെത്തിയത് വളരെ ആശങ്കയോടെയാണ് ആരോഗ്യവകുപ്പ് നോക്കിക്കാണുന്നതെന്ന് അഡീഷണൽ ജില്ലാ സർവൈലൻസ് ഓഫീസർ ടി. ആമിന അറിയിച്ചു.

മൂടിവയ്ക്കാത്ത ജലസംഭരണികൾ അടിയന്തരമായി കൊതുകു വലയിട്ട് മൂടാൻ നിർദേശം നൽകി.

കൊതുക് വളരുന്ന എല്ലാ സാഹചര്യങ്ങളും നീക്കം ചെയ്യാൻ സ്ഥാപന ഉടമകൾക്ക് കർശന നിർദേശം നൽകിയതായും അഡീഷണൽ ജില്ലാ സർവൈലൻസ് ഓഫീസർ പറഞ്ഞു

## സിആർപിഎഫ് കുടുംബാംഗങ്ങളുടെ കൈത്താങ്ങ്

**കാഞ്ഞങ്ങാട്:** കൊറോണ എന്ന മഹാമാരിക്കെതിരെയുള്ള പോരാട്ടത്തിൽ ജില്ലയിലെ സിആർപിഎഫ് കുടുംബാംഗങ്ങളുടെ കൈത്താങ്ങ്.

ജില്ലാ ആശുപത്രിയിലെ കൊറോണ ഐസൊലേഷൻ വാർഡിലേക്ക് അത്യാധുനിക രീതിയിലുള്ള വാട്ടർ പ്യൂരിഫെയർ സിസ്റ്റവും ആരോഗ്യ പ്രവർത്തകർക്ക് പിപിഇ കിറ്റും ഫെയിസ് ഷീൽഡും സാനിറ്റൈസർ മുതലായവ ജില്ലാ ആശുപത്രിക്ക് കൈമാറി ജില്ലാ ആശുപത്രിയിൽ നടന്ന ചടങ്ങിൽ ആശുപത്രി സൂപ്രണ്ട് ഡോ. പ്രകാശിന് സിആർപിഎഫ് കുടുംബാംഗങ്ങളായ പി.ആർ. രാജീവ് കൊട്രച്ചാൽ വി.വി. ഉമേഷ് കയ്യൂർ, കെ.എം.വിനോദ്കുമാർ കരിന്തളം, ജിൻറോ ജോർജ് പരപ്പ, എ.കെ.ബിജേഷ് കയ്യൂർ, കെ.ഹരീഷ് കൊടവലം എന്നിവർ ചേർന്ന് കൈമാറി.

ആംബുലൻസ് ഡ്രൈവർമാർക്കുള്ള ഭക്ഷ്യകിറ്റ് ആർഎംഒ രജിത്ത് കൃഷ്ണ, ഡോ.വിനോദ് എന്നിവർ കൈമാറി

## മരിച്ച വീട്ടമ്മയുടെ സ്രവം പരിശോധനയ്ക്കയച്ചു

**മഞ്ചേശ്വരം:** ഗോവയിൽ മകളുടെ കൂടെയായിരുന്ന വീട്ടമ്മ അസുഖത്തെ തുടർന്ന് മരിച്ചു. കൊവിഡ് ബാധയുണ്ടോയെന്ന് അറിയുന്നതിനായി സ്രവം പരിശോധനയ്ക്കയച്ചു.

മഞ്ചേശ്വരം സന്ധ്യാ വർക്ക്ഷോപ്പിന് സമീപത്തെ ടി എസ് മൊയ്തീന്റെ ഭാര്യ ആമിന (73)യാണ് ബുധനാഴ്ച രാത്രി മരണപ്പെട്ടത്.ഗോവയിലായിരുന്ന ഇവർ മാസങ്ങൾക്ക് മുമ്പാണ് നാട്ടിലെത്തിയത്. ഡി.എം.ഒയുടെ നിർദ്ദേശപ്രകാരമാണ് സ്രവം പരിശോധനക്കയച്ചു. കോവിഡ് പ്രൊട്ടോക്കോൾ അനുസരിച്ച് പോസ്റ്റ്മോർട്ടം ചെയ്ത ശേഷം മൃതദേഹം സംസ്ക്കരിക്കും.

മകളുടെ കൂടെ കുറെ നാളായി ഗോവയിലായിരുന്നു. ചൊവ്വാഴ്ചയാണ് നാട്ടിൽ എത്തിയത്. ആരോഗ്യവതിയായിരുന്നു. മക്കൾ: സഈദ്, ഉദൈഫത്ത്.

## രൂപശ്രീ കൊല: നടപടിക്രമങ്ങൾ അടുത്ത മാസം

**കാസർകോട്:** മിയാപ്പദവ് ഹയർസെക്കൻഡറി സ്കൂളിലെ അദ്ധ്യാപിക രൂപശ്രീയെ (40) കൊലപ്പെടുത്തിയ കേസിന്റെ വിചാരണക്ക് മുന്നോടിയായുള്ള നടപടിക്രമങ്ങൾ അടുത്ത മാസം മുതൽ ആരംഭിക്കും.

മിയാപ്പദവ് സ്കൂളിലെ ചിത്രകലാ അദ്ധ്യാപകൻ വെങ്കിട്ടരമണ കരന്തര (40) കേസിലെ ഒന്നാംപ്രതിയും സുഹൃത്ത് നിരഞ്ജൻ (22) രണ്ടാംപ്രതിയുമാണ്. ഇരുവർക്കുമെതിരെ കാസർകോട് സി ബ്രാഞ്ച് ഡിവൈ എസ് പി എ സതീഷ് കുമാർ അന്വേഷണം പൂർത്തിയാക്കിയ ശേഷം കാസർകോട് ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ട് (രണ്ട്) കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു. വിചാരണാ നടപടികൾ ജൂൺ ആറിന് ജില്ലാ കോടതിയിൽ ആരംഭിക്കും




# കൊറോണ: കുവൈത്തിൽ 10 മരണം കൂടി

**208 ഇന്ത്യക്കാർ ഉൾപ്പെടെ 845 പേർക്ക് പുതുതായി രോഗം സ്ഥിരീകരിച്ചു**

**കുവൈത്ത് സിറ്റി:** കുവൈത്തിൽ കൊറോണ വൈറസ് രോഗത്തെത്തുടർന്ന് 10 പേർ കൂടി മരിച്ചു. വൈറസ് പിടിപെട്ട് വിവിധ ആശുപത്രികളിൽ ചികിൽസയിലായിരുന്നു ഇവർ. ഇതോടെ രാജ്യത്ത് കൊറോണ വൈറസ് ബാധയെത്തുടർന്ന് മരിച്ചവരുടെ എണ്ണം ഇതോടെ 185 ആയി. 208 ഇന്ത്യക്കാർ ഉൾപ്പെടെ 845 പേർക്കാണു ഇന്നലെ രോഗബാധ സ്ഥിരീകരിച്ചിരിക്കുന്നത്. ഇതടക്കം ഇന്നുവരെ ആകെ കൊറോണ വൈറസ് ബാധയേറ്റവരുടെ എണ്ണം 24,112 ആയി. ഇവരിൽ 7,603 പേർ ഇന്ത്യക്കാരാണ്.

ഇന്നലെ രോഗബാധ സ്ഥിരീകരിക്കപ്പെട്ടവർ സമ്പർക്കം വഴിയും ഉറവിടം അന്വേഷണത്തിലുള്ള വിഭാഗത്തിൽപെട്ടവരാണ്. ഇന്ന് രോഗബാധിതരായവരുടെ ആരോഗ്യമേഖല തിരിച്ചുള്ള കണക്കുകൾ ഇപ്രകാരമാണ്. ഫർവാനിയ 255 അഹമദി 222, ഹവല്ലി 96, കേപറ്റൽ 83, ജഹറ 189. രോഗബാധ സ്ഥിരീകരിക്കപ്പെട്ടവരുടെ താമസകേന്ദ്രങ്ങൾ അടിസ്ഥാനമാക്കിയുള്ള കണക്ക് പ്രകാരം ഫർവാനിയയിൽ നിന്നും 75 പേർക്കും ജിലീബിൽനിന്ന് 48 പേർക്കും ഖൈത്താനിൽ നിന്ന് 85 പേർക്കും അബ്ദലിയിൽനിന്ന് 82 പേർക്കുമാണു രോഗബാധ റിപോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഇന്ന് രോഗബാധ സ്ഥിരീകരിക്കപ്പെട്ട മറ്റു രാജ്യക്കാരുടെ എണ്ണം ഇപ്രകാരമാണ്.

സ്വദേശികൾ 212 ഈജിപ്ത്കാർ 91, ബംഗ്ലാദേശികൾ 161. മറ്റുള്ളവർ വിവിധ രാജ്യങ്ങളിൽ നിന്നുള്ളവരാണ്. ഇന്ന് 752 പേരാണു രോഗമുക്തി നേടിയത്. രോഗമുക്തരായവരുടെ എണ്ണത്തിൽ രാജ്യത്ത് ഇന്നുവരെ രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന സംഖ്യയാണിത്. ഇത് തുടർച്ചയായി മൂന്നാംദിവസമാണു രോഗമുക്തരായവരുടെ എണ്ണത്തിൽ ഉയർന്ന സംഖ്യ രേഖപ്പെടുത്തുന്നത്. ഇതോടെ ആകെ രോഗം സുഖമായവരുടെ എണ്ണം 8,698 ആയി. 15,229 പേരാണു ഇപ്പോൾ ചികിൽസയിൽ കഴിയുന്നത്. ഇവരിൽ 197 പേർ തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്നവരാണെന്നും ആരോഗ്യമന്ത്രാലയം വക്താവ് അബ്ദുല്ല അൽസനദ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.



## ജീപ്പ് സ്വന്തമാക്കാൻ ഉദാരവായ്പാ പാക്കേജുമായി എഫ് സി എ

ജീപ്പ് എസ് യു വി സ്വന്തമാക്കാൻ സഹായിക്കുന്ന ഉദാരമായ വായ്പാ പാക്കേജ്, ജീപ്പ് ഫോർ ഓൾ, എഫ് സി എ അവതരിപ്പിച്ചു.

ശമ്പളക്കാരായ കോർപ്പറേറ്റ് ജീവനക്കാർക്ക് കുറഞ്ഞ തവണ വ്യവസ്ഥയിൽ ബാങ്കുകളിൽ നിന്ന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ, വനിതകൾകക്ക് 100 ശതമാനം ഓൺ-റോഡ് പ്രൈസ് ഫണ്ടിംഗ്, ജോലി നഷ്ടപ്പെടൽ, ഗുരുതരമായ രോഗം, അപകടം തുടങ്ങിയ സാഹചര്യങ്ങളിൽ കവറേജ്, വായ്പാ കാലവധിയുടെ ആദ്യ രണ്ടുവർഷത്തേക്ക് കുറഞ്ഞ ഇ എം ഐ എന്നിവ സാമ്പത്തിക പാക്കേജിൽ ഉൾപ്പെടുന്നു.

ശമ്പളക്കാരായ ഉപഭോക്താക്കൾക്ക് ഏഴു വർഷം വരെ കാലാവധിയുള്ള വാഹന വായ്പ സ്വന്തമാക്കാം. മൂന്നുമാസത്തെ കുറഞ്ഞ ഇ എം ഐ തിരിച്ചടവ് ഓപ്ഷൻ ഈ വായ്പ വഴി ലഭിക്കും. വാഹനം വാങ്ങാനാഗ്രഹിക്കുന്നവർക്ക് വർഷത്തിലെ ഏതെങ്കിലും മൂന്നുമാസങ്ങൾ കുറഞ്ഞ ഇ എം ഐ ഓപ്ഷൻ തിരഞ്ഞെടുക്കാം. ഈ മൂന്നുമാസത്തെ കുറഞ്ഞ ഇ എം ഐ ക്രമീകരണം വായ്പാ കാലവധിയിലുടനീളം ഓരോ വർഷവും തുടരും.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നോ ബാങ്ക് ഓഫ് ബറോഡയിൽ നിന്നോ ഏഴു വർഷം വരെ കാലാവധിയിൽ ജീപ്പ് വാങ്ങുന്നതിനായി വായ്പയെടുക്കുന്നവർക്ക് വാഹനത്തിന്റെ ഓൺ-റോഡ് വിലയുടെ 90 ശതമാനം വരെ ഫണ്ടിംഗ് ലഭിക്കും.

ജീപ്പ് സ്വന്തമാക്കാനാഗ്രഹിക്കുന്ന വനിതകൾക്ക് ഏഴു വർഷം വരെ ഫണ്ടിംഗ് ലഭിക്കുന്നതിനുള്ള ഓപ്ഷനുമുണ്ട്. ഈ സ്കീമിൽ, വാഹനത്തിന്റെ ഓൺ-റോഡ് വിലയുടെ 100 ശതമാനം ഫണ്ടിംഗ് ആകർഷകമായ പലിശ നിരക്കിൽ ലഭ്യമാണ്.

## ഗൾഫ് രാജ്യങ്ങളിൽ കോവിഡ് വ്യാപനം അതിവേഗം, രോഗബാധിതർ രണ്ട് ലക്ഷം കടന്നു

**ദുബായ്:** ഗൾഫിൽ കോവിഡ് രോഗികളുടെ എണ്ണം കുതിച്ചുയരുകയാണ്. സ്വദേശികളും വിദേശികളും തികഞ്ഞ ആശങ്കയിലാണ്.

നിയന്ത്രണങ്ങളും ചട്ടങ്ങളുമൊക്കെ ഏർപ്പെടുത്തിയിട്ടും ഒരു രക്ഷയുമില്ല.

ഗൾഫ് രാജ്യങ്ങളിലാകെ കോവിഡ് രോഗികളുടെ എണ്ണം 2 ലക്ഷം കടന്നിരിക്കുകയാണ്. മരിച്ചവരുടെ എണ്ണം 900 പിന്നിട്ടു. സൗദി അറേബ്യയിലാണ് രോഗബാധിതരിലേറെയും. 80,000ത്തോളമാണ് ഇവിടെ രോഗികളുടെ എണ്ണം. മരണം 425 ആയി. ഖത്തറിൽ അരലക്ഷത്തിനടുത്താണ് രോഗികൾ. മരണം 30.

സൗദി അറേബ്യ കഴിഞ്ഞാൽ ഗൾഫിൽ ഏറ്റവുമധികം കൊവിഡ് മരണം നടന്ന രാജ്യം യു.എ.ഇയാണ്. 255 പേരുടെ ജീവനാണ് പൊലിഞ്ഞത്.175 പേർക്ക് ജീവൻ നഷ്ടമായി. 32,000ഓളമാണ് രോഗികൾ. ബഹ്റൈനിൽ പതിനായരത്തിനടുത്തായി രോഗികൾ, ഒമാനിൽ രോഗികളുടെ എണ്ണം.എണ്ണായിരത്തിലധികമാണ്.

## കോവിഡ്: സഊദിയിൽ 16 പേർ കൂടി മരിച്ചു

**ദമാം :** സഊദിയിൽ കോവിഡ് ബാധിച്ച് 24 മണിക്കൂറിനിടെ 16 പേർ മരിച്ചു. 1,644 പേർക്ക് പുതുതായി രോഗം സ്ഥിരീകരിച്ചു. ആരോഗ്യ മന്ത്രാലയം പുറത്തുവിട്ടതാണ് ഈ കണക്കുകൾ. രാജ്യത്ത് 80,185 പേർക്കാണ് ഇതുവരെ കൊവിഡ് സ്ഥിരീകരിച്ചത്. വ്യാഴാഴ്ച 3,531 പേർക്കു കൂടി രോഗം ഭേദമായതോടെ രോഗമുക്തി നേടിയവരുടെ ആകെ എണ്ണം 54,553 ആയി. റിയാദ് 611, ജിദ്ദ 360, മക്ക 148, ദമാം 101, ഹുഫൂഫ് 91, മദീന 50, അൽഖോബാർ 46, ദഹ്റാൻ 25, ത്വാഇഫ് 22, ഹാഇൽ 20, അൽമുബാറസ് 17, അൽജുബൈൽ 17, തബൂക്ക് 16, ഖുലൈസ് 15 എന്നിവിടങ്ങളിലാണ് വ്യാഴാഴ്ച ഏറ്റവും കൂടുതൽ രോഗബാധിതർ റിപ്പോർട്ട് ചെയ്തത്.

## സൗദിയിൽ ഇളവുകൾ പ്രാബല്യത്തിൽ; സുരക്ഷാ നിർദ്ദേശങ്ങൾ കാറ്റിൽ പറത്തി ജനങ്ങൾ തെരുവിലിറങ്ങി

**ദമ്മാം:** സൗദിയിൽ കൊവിഡ് 19 ന്റെ ഭാഗമായി ഏർപ്പെടുത്തിയ 24 മണിക്കൂറിൽ കർഫ്യൂ നിയമത്തിൽ 6 മണി മുതൽ മൂന്നുവരെ ഇളവ് പ്രാബല്യത്തിൽ വന്നു.

സ്ഥാപനങ്ങൾ മതിയായ പ്രതിരോധമാർഗങ്ങൾ അവലംബിക്കണമെന്ന് ആഭ്യന്തരമന്ത്രാലയം നിർദേശിച്ചു. ആരോഗ്യമന്ത്രാലയത്തിന്റെ നിർദേശങ്ങൾ പാലിച്ചിരിക്കണം. ഇടപാടുകാരിൽ സാമുഹിക അകലം പാലിക്കാനായി അവർ നിൽക്കുന്നതിനു രണ്ടുമീറ്റർ അകലത്തിൽ സ്റ്റിക്കർ പതിക്കണം.

മാസ്ക് ധരിച്ച് പ്രവേശിപ്പിക്കുക, കവാടത്തിൽ മാസ്ക് കരുതുക, കൈ അണുവിമുക്തമാക്കുന്നതിനു ലായിനികൾ പ്രവേശന കവാടങ്ങളിൽ കരുതുക, കവാടങ്ങൾ, തറ, എസ്കലേറ്റർ തുടങ്ങി ജനങ്ങൾ സ്പർശിക്കാൻ സാധ്യതയുള്ള എല്ലാ വസ്തുക്കളും ഇടയ്ക്കിടെ അണുവിമുക്തമാക്കുക, കുടുംബങ്ങളുമായി വരുമ്പോൾ രണ്ടുപേരിൽ കൂടുതൽ പ്രവേശിപ്പിക്കാതിരിക്കുക, പ്രവേശനകവാടങ്ങളിൽ ഇടപാടുകാരുടെ താപനില അളക്കുക, തുടങ്ങിയ നിർദേശങ്ങൾ പാലിച്ചിരിക്കണം.

വിവിധ വസ്തുക്കളുമായി വരുന്ന വാഹനങ്ങൾ വസ്തുക്കൾ നശിക്കാത്ത നിലയ്ക്ക് അണുവിമുക്തമാക്കണം, വലിയ സ്ഥാപനങ്ങളിൽ പ്രോട്ടോക്കോൾ ശ്രദ്ധിക്കാൻ പ്രത്യേക ജീവനക്കാരനെ ചുമതലപ്പെടുത്തണം തുടങ്ങിയ നിർദേശങ്ങളും മന്ത്രാലയം നൽകിയിട്ടുണ്ട്. അതേസമയം, ഇളവ് പ്രാബല്യത്തിൽ വന്നതോടെ സൗദിയിലെ റോഡുകളിലെല്ലാം വാഹനങ്ങൾ നിറഞ്ഞുതുടങ്ങി.



## ഉപയോക്താക്കളെ 'ആക്ടീവാക്കാൻ' നെറ്റ്ഫ്ലിക്സ്

**മുംബയ്:** ഉപയോക്താക്കളെ പിടിച്ചുനിറുത്താൻ പുതിയ മാർഗവുമായി വീഡിയോ സ്ട്രീമിംഗ് പ്ലാറ്റ്ഫോമായ നെറ്റ്ഫ്ലിക്സ്. സബ്സ്ക്രൈബ് ചെയ്ത ഉപയോക്താക്കളിൽ ആപ്പിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനാണ് പുതിയ മാർഗം. നെറ്റ്ഫ്ലിക്സ് അയയ്ക്കുന്ന നോട്ടിഫിക്കേഷൻ ഉപയോക്താക്കൾ മറുപടി നൽകാത്തപക്ഷം കമ്പനി അത്തരം അക്കൗണ്ടുകൾ പ്ളാറ്റ്ഫോമിൽ നിന്ന് നീക്കം ചെയ്യുന്നതായിരിക്കും. യിട്ടില്ലെങ്കിൽ തൊട്ടടുത്ത സെക്കന്റിൽ നെറ്റ്ഫ്ലിക്സ് അക്കൗണ്ട് കമ്പനി നീക്കം ചെയ്യും.



### സംസ്കൃതി




# നിഷ്കാമ കർമ്മം

ഒരിക്കൽ അർജുനൻ കൃഷ്ണനോട് ചോദിച്ചു. 'ഭഗവാനേ, എന്ത് കൊണ്ടാണ് യുധിഷ്ഠിരനെക്കാൾ വലിയ ദാനശീലനായി എല്ലാവരും കർണനെ കാണുന്നത്?
ആരും എന്ത് ദാനം ചോദിച്ചാലും അവർ രണ്ടു പേരും ഒരിക്കലും കൊടുക്കാതിരുന്നിട്ടില്ലല്ലോ.
പിന്നെന്താണ് കർണനെ കൂടുതൽ മഹാനായ ദാനശീലനായി കണക്കാക്കുന്നത്?'
ഭഗവാൻ കൃഷ്ണൻ ചിരിച്ചു കൊണ്ട് പറഞ്ഞു 'വരൂ, ഞാൻ നിനക്ക് നേരിട്ട് തന്നെ കാണിച്ചു തരാം.'
അവർ രണ്ടു പേരും രണ്ടു ബ്രാഹ്മണർ ആയി വേഷം മാറി യുധിഷ്ഠിരന്റെ സഭയിലെത്തി .
തങ്ങൾക്കു യജ്ഞം ചെയ്യാൻ വേണ്ടി ചന്ദനമുട്ടികൾ ദാനമായി തരേണം എന്നവശ്യപ്പെട്ടു. യുധിഷ്ഠിരൻ ഉടനെ ഭടന്മാരെ എല്ലായിടത്തേയ്ക്കും ചന്ദനമുട്ടിക്കായി അയച്ചു. പക്ഷെ കൊടും മഴക്കാലമായിരുന്നതിനാൽ ഉണങ്ങിയ ചന്ദനമുട്ടി ഒരിടത് നിന്നും കിട്ടിയില്ല.
അത് കാരണം നനഞ്ഞ ചന്ദനമുട്ടികൾ കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു.
ബ്രാഹ്മണവേഷം ധരിച്ച കൃഷ്ണനും അര്ജുനനും അടുത്തതായി കര്ണന്റെ രാജസഭയിലേയ്ക്ക് പോയി. ഇതേ ആവശ്യം കർണനോടും പറഞ്ഞു.
കർണൻ അൽപനേരം ആലോചിച്ചശേഷം പറഞ്ഞു 'മഴ ആയതിനാൽ ഉണങ്ങിയ ചന്ദനമുട്ടി കിട്ടാൻ പ്രയാസമായിരിക്കുമല്ലോ. ഒരു വഴിയുണ്ട്.ദയവായി അൽപസമയം കാത്തിരുന്നാലും '
ഇത് പറഞ്ഞിട്ട് കർണൻ ഒരു മഴു എടുത്തു ചന്ദനത്തടി കൊണ്ട് ഉണ്ടാക്കിയ തന്റെ കൊട്ടാരത്തിന്റെ ജനലുകളും വാതിലുകളും വെട്ടിക്കീറി കഷണങ്ങളാക്കി,എന്നിട്ട് ബ്രാഹ്മണര്ക്ക് ദാനമായി നല്കി.
കൃഷ്ണനും അർജുനനും അതേറ്റു വാങ്ങി തിരികെ നടന്നു...
വഴിമദ്ധ്യേ കൃഷ്ണൻ പറഞ്ഞു 'ഇപ്പൊൾ മനസ്സിലായില്ലേ അർജുനാ, രണ്ടു പേരും തമ്മിലുള്ള വ്യത്യാസം? നമ്മൾ യുധിഷ്ഠിരനോട് അദ്ദേഹത്തിന്റെ ചന്ദനതടിയിൽ നിർമിച്ച വാതിലുകൾ തരണം എന്നാവശ്യപ്പെട്ടിരുന്നെങ്കിൽ ഒരു മടിയും കൂടാതെ സന്തോഷത്തോടെ യുധിഷ്ഠിരൻ നല്കിയേനെ.
പക്ഷെ ആ ചിന്ത അദ്ദേഹത്തിന് സ്വയം ഉണ്ടായില്ല. എന്നാൽ കർണനോട് അത് നമ്മൾ നേരിട്ട് ചോദിക്കേണ്ടി വന്നില്ല.
യുധിഷ്ഠിരൻ ദാനം ചെയ്യുന്നത് അത് ധര്മം ആയതിനാലാണ് .
കർണൻ ദാനം നൽകുന്നത്, ദാനംകൊടുക്കൽ എന്നാ പ്രവൃത്തി അദ്ദേഹത്തിന് ഇഷ്ടമായതു കൊണ്ടും. ഇതാണ് രണ്ടു പേരും തമ്മിലുള്ള വ്യത്യാസം, ഇത് കൊണ്ടാണ് കർണനെ കൂടുതൽ മഹാനായ ദാനശീലൻ ആയി ലോകർ കണക്കാക്കുന്നത്..
എന്ത് പ്രവൃത്തിയേയും ഇഷ്ടപ്പെട്ടു ചെയ്താൽ അതാണ് കൂടുതൽ മഹത്തരം എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.
പല രീതിയിൽ ഒരു പ്രവൃത്തി നമുക്ക് ചെയ്യാം..
ആരെങ്കിലും പറഞ്ഞത് കൊണ്ട് ഒരു പ്രവൃത്തി ചെയ്യാം...
അല്ലെങ്കിൽ കടമയായി ചെയ്യാം...
അല്ലെങ്കിൽ ധർമം അതായത് കൊണ്ട് ചെയ്യാം...
അതുമല്ലെങ്കിൽ കർണനെ പോലെ ആ പ്രവൃത്തിയോടുള്ള ഇഷ്ടം കൊണ്ട് ചെയ്യാം.
ഇതിൽ അവസാനത്തെ രീതിയിൽ എന്ത് കർമവും ചെയ്യുന്നതാണ് ഏറ്റവും ഉത്തമം.
എന്ത് ജോലിചെയ്താലും ആ ജോലിയെ ആസ്വദിച്ചു, ഇഷ്ടപ്പെട്ടു തന്നെ ചെയ്യുക.

## ചതുർമുഖത്തിൽ കൂടുതൽ സുന്ദരിയായി മഞ്ജുവെത്തുന്നു



'ചതുർമുഖം' എന്ന ചിത്രത്തിൽ നിന്നുള്ള ഏതാനും സ്റ്റിൽസ് ആരാധകരുമായി പങ്കുവയ്ക്കുകയാണ് മഞ്ജു ഇപ്പോൾ. പുതിയ ഹെയർസ്റ്റൈൽ മഞ്ജുവിനെ കൂടുതൽ ചെറുപ്പമാക്കുന്നുണ്ട്. മലയാളത്തിലെ പകരക്കാരിയില്ലാത്ത താര സാന്നിധ്യമാണ് ഇപ്പോഴും മഞ്ജുവാര്യർ. 14 വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷം 'ഹൗ ഓൾഡ് ആർ യൂ' എന്ന ചിത്രത്തിലൂടെ സിനിമയിലേക്ക് ശക്തമായ തിരിച്ചുവരവ് നടത്തിയ മഞ്ജുവിന് പിന്നെ തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല. ലോക്ഡൗണിന് ശേഷം വളരെ വ്യത്യസ്തങ്ങളായ ഒരുപിടി ചിത്രങ്ങളാണ് മഞ്ജുവിന്റേതായി വരാനിരിക്കുന്നത്.രഞ്ജിത് കമല ശങ്കറും സലീൽ വിയും ചേർന്ന് സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ചതുർമുഖം'. ഹൊറർ ത്രില്ലർ ആയ ചിത്രത്തിൽ സണ്ണി വെയ്ൻ ആണ് നായകൻ. ജിസ്ടോംസ് മൂവീസിന്റെ ബാനറിൽ ജിസ്സ് ടോംസും ജസ്റ്റിൻ തോമസും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. ചിത്രത്തിന്റെ തിരക്കഥ ഒരുക്കുന്നത് അഭയകുമാർ കെ, അനിൽ കുര്യൻ എന്നിവർ ചേർന്നാണ്. അഭിനന്ദ് രാമാനുജമാണ് ഛായാഗ്രഹണം.



## 'പുണ്യാളൻ അഗർബത്തീസിലെ ജിംബ്രൂട്ടൻ' വിവാഹിതനായി

ചലച്ചിത്ര തരാം ഗോകുലൻ എഎസ് വിവാഹിതനായി. പുണ്യാളൻ അഗർബത്തീസിലെ 'ജിംബ്രൂട്ടൻ' എന്ന കഥാപാത്രത്തിലൂടെയ മലയാളികൾക്ക് സുപരിചിതനായ ഗോകുലന്റെ വിവാഹ വാർത്ത നടൻ ജയസൂര്യയാണ് പുറത്തുവിട്ടത്.'എന്റെ ജിംബ്രൂട്ടന് എല്ലാവിധ വിവാഹ മംഗളാശംസകളും നേരുന്നു' എന്നായിരുന്നു ജയസൂര്യയുടെ ഫേസ്ബുക്ക് പോസ്റ്റ്. ഗോകുലന്റെ ഈ കഥാപാത്രത്തിന് പേരിട്ടതും ജയസൂര്യ തന്നെയാണ്. തിരക്കഥയിൽ ഗോകുലിന്റെ കഥാപാത്രത്തിന് പേരില്ലായിരുന്നു. തുടർന്നുണ്ടായ ചർച്ചയ്ക്കിടെയാണ് ജയസൂര്യ ഈ പേര് നിർദേശിക്കുന്നത്.ഗോകുലൻ പരസ്യ ചിതങ്ങളിലും വേഷമിട്ടിട്ടുണ്ട്.

## മരയ്ക്കാർ വിസ്മയ സിനിമയാകും, കാണാൻ കാത്തിരിക്കയാണ് ഞാനും




മലയാള സിനിമയിലെ മികച്ച നടന്മാരിലൊരാളാണ് സന്തോഷ് കീഴാറ്റൂർ. മലയാളത്തിലെ ഏറ്റവും വലിയ ചിത്രമായ മരക്കാരിലും സന്തോഷ് കീഴാറ്റൂർ അഭിനയിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസത്തെ ഒരു ഫെയ്സ്ബുക്ക് ലൈവിൽ അദ്ദേഹം ഈ ചിത്രത്തെ കുറിച്ചു മനസ്സ് തുറന്നു.
മരക്കാരിനെ കുറിച്ച് സന്തോഷ് ഇതൊരു ഇന്ത്യൻ സിനിമയാണോ എന്ന് തോന്നി പോകുന്ന തരത്തിൽ, ലോക നിലവാരത്തിലാണ് മരക്കാർ ഒരുക്കിയിരിക്കുന്നതെന്നാണ് സന്തോഷ് കീഴാറ്റൂർ പറയുന്നത്. മരക്കാരിലെ ക്ലൈമാക്സ് സംഘട്ടനമൊക്കെ അത്ഭുതപ്പെടുത്തുന്ന തരത്തിലാണ് ഒരുക്കിയിരിക്കുന്നതെന്നും അദ്ദേഹം പറയുന്നു. ഇതിന്റെ പോസ്റ്റ്പ്രൊഡക്ഷൻ ജോലികൾ എല്ലാം തീർന്നു മുന്നിലെത്തുമ്പോൾ വലിയ വിസ്മയം തന്നെ പ്രേക്ഷകർക്ക് മുന്നിലെത്തിക്കുമെന്നാണ് സന്തോഷ് കീഴാറ്റൂർ പറയുന്നത്. താനും ആ ചിത്രം ഏറെ പ്രതീക്ഷയോടെ തിയേറ്ററിൽ ചെന്ന് കാണാൻ കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

## വിവാഹ വാഗ്ദാനം നൽകി വഞ്ചിച്ചു, തെലുങ്ക് നടി സായ് സുധയുടെ പരാതിയിൽ ഛായാഗ്രാഹകൻ അറസ്റ്റിൽ

**ഹൈദരാബാദ്:** തെലുങ്ക് നടി സായ് സുധയുടെ പരാതിയിൽ ഛായാഗ്രഹകൻ ശ്യാം കെ നായിഡു അറസ്റ്റിൽ. വിവാഹം കഴിക്കാമെന്ന് പറഞ്ഞ് പ്രണയിച്ചു വഞ്ചിച്ചു എന്നാണ് നടിയുടെ പരാതി. പരാതിയിൽ വഞ്ചനാകുറ്റത്തിനാണ് ശ്യാമിനെതിരെ കേസെടുത്തിരിക്കുന്നത്. നടിയും ശ്യാമും പ്രണയബന്ധത്തിലായിരുന്നുവെന്നും വിവാഹം ചെയ്യാമെന്ന് വാക്ക് നൽകി പിന്നീട് അതിൽ നിന്നും പിന്മാറിയെന്നുമാണ് നടിയുടെ ആരോപണം. സൂപ്പർഹിറ്റ് ചിത്രം



അർജുൻ റെഡ്ഡിയിലൂടെ ശ്രദ്ധേയയായ നടിയാണ് സായ് സുധ. ഹൈദരാബാദ് പുഞ്ചഗുട്ടയിലെ പൊലീസ് സ്റ്റേഷനിലെത്തിയാണ് നടി ശ്യാമിനെതിരെ പരാതി കൊടുത്തത്. വിവാഹവാഗ്ദാനം നൽകി ചൂഷണം ചെയ്യുകയും പിന്നീട് വിവാഹം കഴിക്കാൻ വിസമ്മതിച്ചുവെന്നുമാണ് പരാതിയിൽ പറയുന്നത്. തുടർന്ന് ചോദ്യം ചെയ്യുന്നതിനായി ശ്യാമിനെ സ്റ്റേഷനിലേക്ക് വിളിപ്പിച്ചിരുന്നു. ആറ് മാസത്തോളമായി ശ്യാമും നടിയും തമ്മിൽ പ്രണയത്തിലായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇപ്പോൾ തമ്മിലുണ്ടായ അഭിപ്രായവ്യത്യാസങ്ങളാണ് കേസിൽ എത്തി നിൽക്കുന്നതെന്നും വിവരങ്ങളുണ്ട്. ഇത് പരിഹരിക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. നടപ്പായില്ലെങ്കിൽ ജാമ്യമില്ലാ കുറ്റം ചുമത്തിയാവും കേസെടുക്കുക.
തെലുങ്കിലെ നിരവധി സിനിമകൾക്കുവേണ്ടി ശ്യാം ക്യാമറ ചലപ്പിച്ചിട്ടുണ്ട്. ജൂനിയർ എൻടിആറിന്റെ ടെമ്ബർ, മഹേഷ് ബാബുവിന്റെ പോക്കിരി, അല്ലു അർജുന്റെ ജുലയി തുടങ്ങിയ നിരവധി ചിത്രങ്ങൾ സൂപ്പർഹിറ്റായിരുന്നു. പ്രമുഖ ഛായാഗ്രാഹകൻ ചോട്ട കെ നായിഡുവിന്റെ സഹോദരൻ കൂടിയാണ് ഇദ്ദേഹം. ഹൈദരാബാദ് ഡ്രഗ് റാക്കറ്റുമായി ബന്ധപ്പെട്ട് 2017 ൽ വാർത്തകളിൽ നിറഞ്ഞിരുന്നു.





# പിഴുതെറിയപ്പെട്ടവയ്ക്ക് പകരം 5000 മരങ്ങൾ നടുമെന്ന് നൈറ്റ് റൈഡേഴ്സ്

**കൊൽക്കത്ത:** ഉംപൂൺ ചുഴലിക്കാറ്റ് വിതച്ച നാശ നഷ്ടങ്ങളിൽ നിന്ന് കൊൽക്കത്തയെ തിരികെ കൊണ്ടുവരാൻ കൊൽക്കത്ത നൈറ്റ്റൈഡേഴ്സും ഇറങ്ങുന്നു. ഉംപൂൺ കടപുഴക്കി എറിഞ്ഞ മരങ്ങൾക്ക് പകരം 5000 മരങ്ങൾ കൊൽക്കത്തയിൽ നടുമെന്ന് ക്ലബ് പ്രഖ്യാപിച്ചു. 'പ്ലാന്റ് എ 6' പരിപാടിയുടെ ഭാഗമായാണ്. ഇത് കൂടാതെ പശ്ചിമ ബംഗാൾ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കും സംഭാവന ചെയ്യുമെന്ന് ഫ്രാഞ്ചൈസി അറിയിച്ചിട്ടുണ്ട്.

കൊൽക്കത്ത, നോർത്ത് ആൻഡ് സൗത്ത് 24 പർഗാനാസ്, ഈസ്റ്റ് മെദിനിപുർ എന്നിവിടങ്ങളിൽ പ്രയാസം അനുഭവിക്കുന്നവർക്ക് റേഷനും, ശുചിതം പാലിക്കുന്നതിന് സഹായിക്കുന്ന ഉപകരണങ്ങളും വിതരണം ചെയ്തതായി കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പറഞ്ഞു. ഒത്തൊരുമിച്ച് നിന്ന് ചിരിക്കാനാവുന്ന സമയം വരെ ഈ പ്രതിസന്ധി ഘട്ടത്തിൽ നമ്മൾ കരുത്തോടെ ഇരിക്കണമെന്നായിരുന്നു കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഉടമ ഷാരൂഖ് ഖാൻ പറഞ്ഞത്.

വെസ്റ്റ് ബംഗാളിലെ ദിംഘയിലാണ് ഉംപൂൺ ചുഴലിക്കാറ്റ് കര തൊട്ടത്. 86 പേർക്കാണ് കൊൽക്കത്തയിൽ ഉംപൂണിനെ തുടർന്ന് ജീവൻ നഷ്ടമായത്. ഇതിൽ 22 പേർ മരിച്ചത് വൈദ്യുതാഘാതമേറ്റാണ്, 21 പേർ മതിലിടിഞ്ഞ് വീണ് മരിച്ചു. 1500 കോടി രൂപയുടെ സഹായമാണ് കേന്ദ്ര സർക്കാർ കൊൽക്കത്തയ്ക്ക് പ്രഖ്യാപിച്ചത്.

# കോവിഡിന് ശേഷം ഇന്ത്യയുടെ ആദ്യ ഡേ നൈറ്റ് മത്സരം ആസ്ട്രേലിയയിൽ



**സിഡ്നി:** ഇന്ത്യയുടെ ആദ്യത്തെ വിദേശ ഡേ നൈറ്റ് ടെസ്റ്റ് പരമ്പര ഓസ്ട്രേലിയയിൽ വച്ച് നടക്കും. ഓസ്ട്രേലിയയുമായി നാല് മത്സരങ്ങളാണുള്ളത്. പരമ്പരയുടെ ഫിക്സ്ച്ചർ ക്രിക്കറ്റ് ഓസ്ട്രേലിയ പുറത്തുവിട്ടു.

ഇന്ത്യക്കെതിരായ പരമ്പര ഡിസംബർ മൂന്നിനാണ് ആരംഭിക്കുന്നത്. ബ്രിസ്ബെയ്നിൽ വച്ചാണ് മത്സരം.

നവംബർ 21 മുതൽ 25 വരെയുള്ള ഓസീസ് - അഫ്ഗാൻ മത്സരങ്ങൾക്ക് ശേഷം ഡിസംബർ 11 മുതൽ 15 വരെ പകൽ രാത്രി ടെസ്റ്റ് അരങ്ങേറും. അഡ്ലെയ്ഡിലാണ് ഉദ്ഘാടന മത്സരം. മെൽബൺ, സിഡ്നി എന്നിവയാണ് മറ്റു ടെസ്റ്റുകളുടെ വേദികൾ.

ബോക്സിംഗ് ഡേ ടെസ്റ്റ് ഡിസംബർ 26 മുതൽ മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിൽ നടക്കും. ന്യൂ ഇയർ ടെസ്റ്റിന്റെ സ്ഥിരം വേദിയായ സിഡ്നി തന്നെയാണ് അവസാന ടെസ്റ്റിനും വേദിയൊരുക്കുക.

# ബ്ലാസ്റ്റേഴ്സിന്റെ വിളിയ്ക്കായി കാത്തിരിക്കുന്നു: മാഴ്സെലീന്യോ

## ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റേഡിയവും ഫുട്ബോൾ അന്തരീക്ഷവും കേരളത്തിൽ

ഐ.എസ്.എല്ലിൽ കേരളാ ബ്ലാസ്റ്റേഴ്സിനായി കളിക്കാൻ എന്നെങ്കിലും അവസരം ലഭിച്ചാൽ തീർച്ചയായും സ്വീകരിക്കുമെന്ന് ഹൈദരാബാദ് എഫ്.സി.സൂപ്പർതാരം മാഴ്സെലീന്യോ. ഇൻസ്റ്റഗ്രാം ലൈവ് സെഷനിലാണ് ബ്രസീലിയൻ താരമായ മാഴ്സെലീന്യോ ഇക്കാര്യം പറഞ്ഞത്.

മാഴ്സെലീന്യോയുടെ പേര് ബ്ലാസ്റ്റേഴ്സുമായി മുമ്പ് പലവട്ടം ചേർത്ത് അഭ്യൂഹങ്ങളുണ്ടായിരുന്നു. ഇപ്പോഴും അതുണ്ട്. അതേക്കുറിച്ചുള്ള ചോദ്യത്തോടായിരുന്നു താരം പ്രതികരിച്ചത്. കേരളത്തിനായി കളിക്കാൻ അവസരം കിട്ടിയാൽ പോകും, ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റേഡിയവും ഫുട്ബോൾ അന്തരീക്ഷവും കേരളത്തിനാണുള്ളത്, എല്ലാ കളിക്കാരും ഇത് തന്നെയാണ് പറയുന്നത്, മാഴ്സെലീന്യോ പറഞ്ഞു.



ബ്ലാസ്റ്റേഴ്സ് ആരാധകരുടെ ഫുട്ബോൾ സ്നേഹത്തെക്കുറിച്ചും മാഴ്സെലീന്യോയ്ക്ക് പറയാനുണ്ട്. കേരളത്തിൽ ഫുട്ബോളിനോടുള്ള അഭിനിവേശം ബ്രസീലിലേതുപോലെയാണ്, കേരളത്തിലെ ആരാധകർ ഫുട്ബോളിനോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതും ടീമിന് പിന്തുണ നൽകുന്നതും ഗംഭീരമായാണ്, കേരളത്തിലെ ആരാധകരിൽ നിന്ന് ഒട്ടേറെ സന്ദേശങ്ങൾ എനിക്ക് വരാറുണ്ട്, പലപ്പോഴും മറുപടി കൊടുക്കാനും ഞാൻ ശ്രമിക്കാറുണ്ട്, മാഴ്സെലീന്യോ പറഞ്ഞു.

2016ൽ ഡെൽഹി ഡൈനാമോസിലൂടെയാണ് മാഴ്സെലീന്യോ ഐ.എസ്.എല്ലിലെത്തുന്നത്. ആ സീസണിൽ തന്നെ ലീഗ് ടോപ് സ്കോററായ മാഴ്സെലീന്യോ പിന്നീട് പൂനെ സിറ്റിയിലും കളിച്ചിരുന്നു.

# ഉമിനീര് പുരട്ടാതെ പന്ത് സ്വിങ് ചെയ്യുമെന്ന് ഡ്യൂക്ക്

**ലണ്ടൻ:** ഉമിനീര് പുരട്ടാതെ തന്നെ ഡ്യൂക്ക് പന്തിൽ സ്വിങ് ലഭിക്കുമെന്ന് ഡ്യൂക്ക് ബോൾ ഉടമ ദിലിപ് ജജോദിയ. ഡ്യൂക്ക് ബോളുകൾക്ക് അത്രയും ക്വാളിറ്റി ഉള്ളത് കൊണ്ടാണ് അങ്ങനെ സ്വിങ് ലഭിക്കുന്നതെന്നും കമ്പനി ഉടമ വാദിക്കുന്നു.

ബാറ്റുംപന്തുംതമ്മിലുള്ളബാലൻസ് ഉണ്ടാവണം കളിയിൽ. അല്ലാത്തപക്ഷം കളി വിരസതയാവും നൽകുക. ഞങ്ങൾക്കത് അറിയാം. പന്തിലെ തിളങ്ങുന്ന ഭാഗവും, കടുപ്പമേറിയ ഭാഗവുമല്ല സ്വിങ് നൽകുക. ഞങ്ങൾ നിർമിക്കുന്ന പന്തിന്റെ ഷെയ്പ്പ് നല്ല സീം ലഭിക്കുന്നതിന് അനുയോജ്യമാണ്. വായുവിൽ റബ്ബർ പോലെ അത് പെരുമാറും. കാരണം ഹാൻഡ് സ്റ്റിച്ച്ഡ് ആണ് ഡ്യൂക്ക് ബോളുകൾ. ഏറെ നേരം അത് കടുപ്പമേറിയതായി തുടരും, ഡ്യൂക്ക് കമ്പനി ഉടമ അവകാശപ്പെടുന്നു.



സ്വിങ് ലഭിക്കാനായി പന്തിൽ ഉമിനീര് പുരട്ടുന്നത് ക്രിക്കറ്റിൽ നിന്ന് ഐസിസി വിലക്കാൻ ഒരുങ്ങവെയാണ് അവകാശവാദവുമായി ഡ്യൂക്ക് കമ്പനി എത്തുന്നത്. വിയർപ്പ് ഉപയോഗിക്കുന്നത് ഐസിസി വിലക്കുന്നില്ല. ഇതിനാൽ വിയർപ്പ് ഉപയോഗിച്ചാൽ തന്നെ ഡ്യൂക്ക് ബോളിൽ തിളക്കം ലഭിക്കുകയും, സ്വിങ് ലഭിക്കാൻ പാകത്തിലാവുകയും ചെയ്യും. ഉമിനീര് പുരട്ടുന്നത് വിലക്കുന്നതിനെ എതിർത്താണ് ക്രിക്കറ്റ് ലോകത്ത് വാദങ്ങൾ ശക്തമായത്. സ്വിങ് നഷ്ടമായാൽ പിന്നെ ബൗളർമാർക്ക് കളിയിൽ ഒരു സാധ്യതയും ഉണ്ടാവില്ലെന്ന് കളിക്കാർ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ വിലക്കുമായി മുൻപോട്ട് പോയാൽ പിച്ചിന്റെ വലിപ്പം കുറച്ച് ബാറ്റ്സ്മാന് കളി കൂടുതൽ ദുഷ്കരമാക്കണം എന്നുൾപ്പെടെയുള്ള നിർദേശങ്ങൾ ഉയരുന്നുണ്ട്.



# കൊറോണാകാല മദ്യചിന്തകൾ

അരക്കുപ്പി

### "It provokes the desire, but it takes away the performance"

എന്നൊരു സർട്ടിഫിക്കറ്റു മദ്യത്തിന് ഷേക്സ്പിയർ നൽകിയത് മാക്ബത്തിലാണ്. പ്രൊവോക് ചെയ്യിപ്പിക്കുകയും പെർഫോർമെൻസ് കുറയാതെ നോക്കുകയും ചെയ്യുന്ന ഒരളവുണ്ട്. അതറിയാത്തവർ വെള്ളമടിച്ചു നശിക്കും, അതറിയുന്നവൻ വെള്ളമടിച്ച തൊഴുക്കും. വെള്ളമടിച്ചു വലിയവായിൽ മലമറിക്കുന്ന പലരും രാവിലെ ഉറങ്ങിയുണരുന്നത് തലേന്നത്തെ അധ്വാനത്തിന്റെ മൊത്തം കാശു ചെലവിട്ടു മേടിച്ച തെറിയും തലവേദനയുമായിട്ടായിരിക്കും.

മദ്യത്തിന്റെ സാമ്പത്തികശാസ്ത്രം നാടെന്തുകൊണ്ടു നാലുകാലിൽ എന്ന ചോദ്യത്തിനു ഉത്തരം ഒന്നുമാത്രമാണ്. മനുഷ്യനെ ലഹരിയിൽ തളച്ചിട്ടു കൊള്ളയടിക്കുന്ന ഒരു സാമ്പത്തികശാസ്ത്രം. പത്തു മദ്യപിച്ചവരെ എടുത്താൽ എട്ടിന്റേയും തലയും കാലും രണ്ടു നാട്ടിലാവുന്ന പ്രദേശമാണ് നമ്മുടേത്. കുടിയന്മാരെന്നു അവരുടെ ചെലവിൽ ജീവിക്കുന്നവർ വിളിക്കുന്നവർ സത്യത്തിൽ ആരാണ്? പ്രസ്തുത സാമ്പത്തിക ശാസ്ത്രം ജീവിക്കുന്ന രക്തസാക്ഷികളാക്കിയവരാണ്. കണ്ണും കരളും കുപ്പിക്കു കൊടുത്തു ചത്തുപോയവരാവട്ടെ, ആ സാമ്പത്തികശാസ്ത്രത്തിന്റെ ആക്രമണത്തിൽ രക്തസാക്ഷികളായവരും.. സത്യമായും അവരുടെ ചുടലപ്പറമ്പിൽ പണിതതാണ് നിന്റെ, എന്റേയും സ്വർഗ്ഗം എന്നറിയാത്ത നമ്മൾ നന്ദികെട്ടവരാണ്. പത്തിൽ എട്ടു മാറ്റിയാൽ പിന്നെയുള്ള രണ്ടാണ് ബോധമുള്ള കുടിയന്മാർ. അവർ ഈ എട്ടിന്റേയും അടിച്ചുമാറ്റുന്ന ഗണത്തിൽ വരും. പരമാവധി ജനതയെ ആദ്യം കുടിപ്പിച്ചു കിടത്തി, പിന്നെ കുളിപ്പിച്ചു കിടത്തുന്ന പരുവത്തിലേയ്ക്കെത്തിക്കുന്ന സാമ്പത്തികശാസ്ത്ര ബുദ്ധിക്കു കയ്യും കാലും വെച്ചതാണ് പത്തിൽ ആ രണ്ടുപേർ. എന്തുകൊണ്ടിതു സംഭവിക്കുന്നു എന്നു ചോദിച്ചാൽ ഈ സെറ്റപ്പിൽ അങ്ങനെയേ സംഭവിക്കൂ. കുടിയന്മാരെന്നു മുദ്രകുത്തപ്പെട്ടവർ കൂടി മൂവന്തിയോളം പണിതതത്രയും കരിഞ്ചന്തയിൽ മദ്യത്തിനായി ചെലവിട്ടതാണ് നമ്മുടെ 2018-2019 ലെ 14504.67 കോടി റവന്യൂ. കഴിഞ്ഞ വർഷത്തെക്കാൾ 1,567.58 കോടി രൂപ അധികം.

സാമൂഹിക സുരക്ഷയ്ക്കും ജനതയുടെ അന്തസ്സിനും സുതാര്യതയ്ക്കും ഒക്കെ വലിയ വില കല്പിക്കുന്ന രാജ്യങ്ങളൊന്നും തന്നെ മദ്യത്തെ കൊള്ളലാഭമുണ്ടാക്കി ഖജനാവിലേയ്ക്കു മുതൽക്കൂട്ടാനുള്ള സംഗതിയായി കാണുന്നില്ല. ഖജനാവിലേയ്ക്കു അസാരം ദ്രവ്യത്തിനുള്ള കുറുക്കുവഴിയായി ഈ ദ്രാവകത്തെ കണ്ടെത്തിയ തലകളാണ് മദ്യത്തിനു പൊതുവിടങ്ങളിൽ ഭ്രഷ്ടു കല്പിക്കുന്ന ഒരവസ്ഥ ഉണ്ടാക്കിയത്. മറവിലിരുന്നു ഒറ്റവലിക്കു കുടിച്ചു കിട്ടിയതു നക്കേണ്ടതാണെന്ന ബോധമുണ്ടായത് അങ്ങനെയാണ്. രഹസ്യമായി കുടിച്ചതു പരസ്യമായി നാട്ടുകാരെ മൊത്തം അറിയിക്കേണ്ടതാണെന്നുമുള്ള ബോധം അതിന്റെ ഉപോല്പന്നവുമാണ്. ഇങ്ങനെ മദ്യത്തെ ഒരു സാമൂഹിക വിപത്താക്കിയതിന്റെ പൂർണ്ണ ഉത്തരവാദിത്വവും മദ്യപാനികളെ കാമധേനുക്കളായി കാണുന്ന സാമ്പത്തിക ബോധത്തിനാണ്.

വിദേശ സർവ്വകലാശാലകളോട് അനുബന്ധിച്ച് കാമ്പസ് ബാറുകൾ തന്നെയുള്ള ലോകത്താണ് നമ്മൾ 14504.67 കോടി രൂപ റവന്യൂ തന്ന മാന്യ ഇടപാടുകാരോടു സാധനത്തിനു ക്യൂ പാലിച്ചു നിന്നോളാൻ പറയുന്നത്. കലാലയ ജീവിതാനുഭവങ്ങളുടെ അവിഭാജ്യഘടകമായി തുച്ഛമായ വിലയ്ക്കു മെച്ചമായ ബിയറും ഭക്ഷണവും നൽകുന്ന കലാലയബാറുകളുടെ ലോകത്താണ് സുരന്റെ, സുരയുടേയും സ്വന്തം നാട്ടിൽ ഒരു ബിയറിനായി അതിന്റെ തുകയുടെ പലമടങ്ങു നികുതിയൊടുക്കിയിട്ടും വാങ്ങിക്കാൻ ഉപഭോക്താവിനും ക്യൂ നിൽക്കേണ്ടിവരുന്നത്, കുടിക്കാതെ തന്നെ ബോധമില്ലാത്തവരുടെ മുന്നിൽ അപമാനിതരാവേണ്ടിവരുന്നത്.

ബ്രിട്ടനിൽ പാലും ബിയറും അളക്കുന്നത് പൈന്റിലാണ്. രണ്ടും ജനജീവിതത്തിനു ആവശ്യമായ രണ്ടു വസ്തുക്കളായി അവർ കാണുന്നു. വേണ്ടതു നല്ല മദ്യം ഉറപ്പാക്കുകയും ഉപഭോഗം റഗുലേറ്റു ചെയ്യുകയുമാണ്. ആവശ്യത്തിനു ലഭ്യതയില്ലാത്തതു കാരണം എല്ലാവർക്കും കൊടുക്കാൻ എണ്ണം തികയാത്ത കോഹിനൂർ രത്നത്തിനൊന്നുമല്ല ജനങ്ങൾ ക്യൂ നിൽക്കുന്നത്, ഇഷ്ടംപോലെ ഉല്പാദനമുള്ള ഒരു സാധനത്തിനാണ്,



അതും വിലയുടെ പലമടങ്ങു നികുതിയായി നൽകിയിട്ടുമാണ്. ഉപഭോക്താവിനെ ദൈവമായി കാണുന്ന ഇടമാവണം വിപണി. ഇവിടെ പ്രത്യേകിച്ചു കാണേണ്ട കാര്യമൊന്നുമില്ല ദൈവം തന്നെയാണ്, സംശയമുള്ളവർ അവർ ഒടുക്കുന്ന നികുതിയുടെ കണക്കു നോക്കണം.

ലോകത്തു കൂടുതൽ ആളോഹരി മദ്യം കഴിക്കുന്നത് വികസിത രാജ്യങ്ങളാണ്. ഫ്രാൻസിനെ നോക്കൂ. കേരളത്തിന്റെ 16 മടങ്ങു വലിപ്പമുണ്ട്, ജനസംഖ്യയാണെങ്കിൽ കേരളത്തിന്റെ ഇരട്ടിമാത്രവും. ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ച കണക്കുപ്രകാരം 2016-ലെ ഫ്രാൻസിന്റെ ആളോഹരി മദ്യോപഭോഗം 12.6 ലിറ്ററാണ്. ഇന്ത്യയുടേത് 5.7 ലിറ്ററും. ഏറെ കുടിക്കുന്ന ഫ്രാൻസിൽ മദ്യം ഒരു സാമൂഹിക ഭീഷണിയായി മാറുന്നില്ല. ഫ്രാൻസിന്റെ സാംസ്കാരിക പാരമ്പര്യം ഇന്നു മദ്യത്തിൽ മാത്രം അവകാശപ്പെടാവുന്ന മയ്യഴിയിലും പരിസര പ്രദേശങ്ങളിലും മദ്യം കൊണ്ടുള്ള മരണമില്ലാത്ത ഒരു ദിവസമെങ്കിലുമുണ്ടോ എന്നു സംശയമാണ്. സാമൂഹ്യശാസ്ത്രജ്ഞന്മാർ പഠനവിഷയമാക്കേണ്ടതാണ് മയ്യഴിയിലും പരിസരത്തുമുള്ള മദ്യമരണങ്ങൾ. ഒറ്റയടിക്ക് അമ്പതാളു മരിച്ചാൽ നമ്മളതിനെ മദ്യദുരന്തം എന്നു വിളിക്കും. ഒന്നു വീതം മൂന്നു നേരം 16 ദിവസമായി മരിച്ചാൽ നമുക്കതു മദ്യദുരന്തമല്ല, കുടുംബദുരന്തമാണ് എന്നതാണ് അവസ്ഥ. കേരളത്തിന്റെ ഇരട്ടി ജനതയ്ക്ക് കേരളത്തിന്റെ 16 മടങ്ങു സ്ഥലവിസ്തൃതിയാണ് ഫ്രാൻസിൽ. എന്നിട്ടും അവിടെ മദ്യപിക്കുന്നവർ വീട്ടിലാണ്. ഇവിടെ മദ്യപിക്കുന്നവർ റോഡിലും. അവിടെ വീട്ടിൽത്തന്നെ മിനി ബാറുള്ളവരെ ആരും കുടിയൻ എന്നു വിളിക്കുന്നില്ല. ഇവിടെ ഒരു കുഞ്ഞിക്കുപ്പിയും വാങ്ങിപ്പോവുന്നവൻ കുടിയനാണ്. മദ്യപാനത്തെ ഒരു മഹാപാതകമായി കാണുന്ന പൊതുബോധത്തിന്റെ സംഭാവനയാണത്.

ഈ സാഹചര്യത്തിന്റെ വിളവെടുക്കുന്നത് മദ്യരാജാക്കൻമാരാണ്. വീട്ടിൽനിന്നും മാനം മര്യാദയായി ഏറിയാൽ രണ്ടെണ്ണം വിട്ട് ഉള്ളതും കഴിച്ച് കിടക്കുമായിരുന്നവർ കയ്യിലുള്ളതിനു മുഴുവൻ കുടിച്ചു കിടപ്പു തന്നെ റോഡിലാക്കിയതിന്റെ കാരണം തെറ്റായ മദ്യസാക്ഷരതയാണ്. അതു മറന്നുകൊണ്ടാണ് നമ്മൾ മദ്യം കൊണ്ടുള്ള റോഡപകടങ്ങളെ പഴിക്കുന്നത്. മദ്യത്തിന്റെ രക്തസാക്ഷികളായ ഒരു ഡസൻ സുഹൃത്തുക്കളുടെ പേരു ഒറ്റ ശ്വാസത്തിൽ പറയാനാവുന്നവരായിരിക്കും മയ്യഴിയിലും പരിസരപ്രദേശങ്ങളിലുമുള്ള പലരും. മദ്യപാനരീതികളെ മാറ്റിയെടുക്കാവുന്ന അയവുകളും നിയന്ത്രണങ്ങളും വരുത്താതെയുള്ള വാചാടോപങ്ങൾ നിരർത്ഥകമാണ്. മദ്യോപഭോഗത്തിന്റെ നൂറ്റാണ്ടിലെ കണക്കെടുത്താൽ ഉപഭോഗം എവിടെയും കൂടുന്നതു മാത്രമേയുള്ളൂ, കുറയുന്ന പതിവില്ല. സ്വാഭാവികമായി ഇവിടെയും കുറയില്ല. അപ്പോൾ നമുക്കു വേണ്ടത് അതിനെ നിയന്ത്രിക്കാനുള്ള, മദ്യം ഉപയോഗിക്കുന്നയാൾക്കും സമൂഹത്തിനും അപകടം വരാത്ത രീതിയിലുള്ള ക്രമീകരണങ്ങളാണ്.

നാടിന്റെ അവസ്ഥ ഒന്നു നോക്കിയാൽ ഇന്നത്തെ മദ്യത്തിന്റെ നികുതി ഇനി ഇരു -നാലു ചക്രവാഹനങ്ങളുമായി വച്ചുമാറുകയാണ് വേണ്ടത്. പുത്തൻ കാർ ഒരു ലഹരിയായി കൊണ്ടുനടക്കുന്നവരുണ്ട്. വാഹനനികുതി കുത്തനെ ഉയരുന്നതു പൊതുഗതാഗതത്തെ ശക്തിപ്പെടുത്തും, മലിനീകരണം കുറയ്ക്കും, വാഹനാപകടങ്ങളും മരണവും കുറയും. മദ്യം ആവശ്യക്കാർക്കു ലഭ്യമാവാൻ ഇക്കാലത്ത് എന്തൊക്കെ മാർഗ്ഗങ്ങളുപയോഗിക്കാം. അന്നത്തിനായി അഭയാർത്ഥികളെന്നപോലെ ക്യൂ നിർത്തി പിടിച്ചുപറിക്കുന്ന സംവിധാനം അവസാനിപ്പിച്ച് ഓൺലൈൻ വ്യാപാരം പ്രമോട്ടു ചെയ്യണം. ലോകം ഇത്രമേൽ വികസിച്ചിട്ടും ക്യൂ എന്നതു പോംവഴിയായി ആരെങ്കിലും കാണുന്നുണ്ടെങ്കിൽ അവരുടെ തല പരിശോധിക്കേണ്ടതാണ്. കാര്യമായ തകരാറുണ്ടാവാതെ അങ്ങനെയൊരു ചിന്ത വരാൻ വഴിയില്ല. കാര്യങ്ങളിൽ കൂടുതൽ സുതാര്യതയും കൃത്യതയും വരുന്നതോടൊപ്പം സ്വകാര്യ ബാറുകളെ ആശ്രയിക്കാതെ സാധാരണക്കാർക്കു ന്യായമായ വിലയിൽ നല്ല മദ്യം ലഭ്യമാക്കാവുന്നതാണ്, കൃത്യമായ നികുതി സർക്കാരിനു ഉറപ്പുവരുത്തുകയും ചെയ്യാം. സൂപ്പർമാർക്കറ്റു വഴി വിതരണം ചെയ്യാം. സ്വന്തം ജനതയെ ക്യൂ നിർത്തി കൊള്ളയടിക്കുന്നത് ഒരു പരിഷ്കൃത സമൂഹത്തിനും ചേർന്നതല്ല. ഇത്രയും സൗകര്യങ്ങളുണ്ടാവുന്ന പക്ഷം ആരും ബാർ കൊള്ളയ്ക്ക് തലവെയ്ക്കാനും പോവുകയില്ല. അതും ലാഭമായി വരിക സർക്കാരിലേയ്ക്കു തന്നെയാണ്. മദ്യത്തിനു വില കുറയട്ടെ, ഗുണം കൂടട്ടെ, നികുതി വരുമാനം കൂടട്ടെ, ഉപഭോക്താവിന്റെ അന്തസ്സും ഉയരട്ടെ.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar, Managing Editor: P. A Alexander. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com